# ........AT FIRST SIGHT

**V. Rajalakshmi, I M. A.**

The College elections were to be conducted within two days. The students were running about in a frenzy, shouting slogans, making speeches and sticking posters. Rakesh was talking to a small gathering, with promises that he would bring forth great reforms and make academic life a pleasure for the students. He looked at the audience to study their reactions, when at once his glance fell on a very good looking girl. He stared at her for a full moment. God! He wanted to impress that girl. He felt something in him stirring him to the heights of oratorical skill. He found himself quoting effortlessly from Shakespeare, Milton and Churchill, caring the least for the relevance of those quotations. When he came to the end of the fiery eloquence, he stepped down from the stool which he had used as a portable platform. A big cheer went up. He looked up at the pretty face and heavens there was a smile on it, and then after a minute the gathering dispersed.

But Rakesh was in an ecstasy. He wanted to see that face again and again, and ofcourse he did it as soon as the college broke for lunch. He hurriedly swallowed his sandwiches and sneaked into the arts block. Then he would wander through the labrynths of the collosal building. His eyes were anxiously searching for the pretty face. Almost every day he saw her poring over a big volume or standing at some corner talking to a friend. And whenever he saw her she smiled.

The elections were over. The fever fret and fury died down. Once again the campus became academic, dull and prosaic. The science students back to their labs and art folks to the library and big books. But Rakesh still found time during leisure hours to continue his rounds in the English Department. There were these evenings when he would sit alone in his room thinking about what he should talk if he were to meet her the next day. He wanted to tell her that he liked her. He not only liked her but loved her intensely. Actually he was head over heels in love with her. How he wished to tell her but words failed him and chats almost commenced in 'How do you do' and concluded with 'See you again'.

One afternoon, Rakesh went up to her and said "I am Rakesh. A final year in M. Sc. Zoology". She smiled "I am Reena doing my B. A. English" "and where do you live?" "In the hostel?" No I am a day scholar. My father is Mr. So and So working in — probably you might have heard of him "yeah, I've heard of him, never knew you were his daughter". Just then the bell rang. "Bye, see you again" said Rakesh and made his way to the canteen. God! He'd made it, he had talked to her; for a few minutes today. That night he had rather a restless sleep trying to think ways of winning he affection. Next morning he met her again. He wanted to talk to her once more. With a great deal of persuasion on his part an the suspense which he had created forced her to abstain from classes in the morning. As they sat in a lonely secluded place h said, "Don't you think me foolish, I want to marry you" she wa stunned. 'But what brought you to this? You'll be just getting you M. Sc. degree and I have two years of college ahead of me I'a very fond of you. I dont want to rush into marriage or a suggestio of it just now. I just want to inform you about my sincere love fo you' and from that smile he knew that his strategy had worked Her lingering look told him more eloquently than words that sh would wait for him. He felt confident that he had at last made conquest.

# ചുവന്ന സൂര്യൻ

ഉഷ ടി., II B. A.

ഓർമ്മകളുടെ അമർന്നപിടിയിൽ കിടന്നു പുളഞ്ഞു; അസ്വാസ്ഥ്യത്തിന്റെ വീർപ്പുമുട്ടലോടെ തുടുപ്പിൽ, സാന്ധ്യച്ഛവിയിൽ, ദുഃഖത്തിന്റെ ചിതറിയ ബിന്ദുക്കൾപോലെ കറുത്ത പുള്ളിക്കുത്തുകൾ. ചൂടുള്ള നിശ്വാസങ്ങൾ പടിഞ്ഞാറെ ചക്രവാളത്തിന്റെ അരുകിലുള്ള ശേഷിച്ച ചുവപ്പിൽ തങ്ങിനിന്നു . . . .

സൂര്യന്റെ മഞ്ഞനിറമുള്ള, വരിഞ്ഞുമുറുകുന്ന പിടിയിൽനിന്നു് ബദ്ധപ്പെട്ടു് ഊർന്നിറങ്ങാൻ ശ്രമിക്കുന്ന സന്ധ്യ, പതുക്കെപ്പതുക്കെ സൂര്യന്റെ പിടി അയഞ്ഞു. അയഞ്ഞ കൈകൾക്കിടയിലൂടെ സന്ധ്യ വഴുതിയിറങ്ങി — ഇരുട്ടിന്റെ ചുഴിയിലേക്കു്.

"ലതേ!, വിളക്കുകൊളുത്തു, നേരം സന്ധ്യായി!" മുത്തശ്ശിയുടെ ചിലമ്പിച്ച ശബ്ദം, സന്ധ്യയ്ക്കു് അപരിചിതത്വത്തിന്റെ മുഖാവരണമണിയുന്ന അടുക്കളയിൽനിന്നു് ഒഴുകിയെത്തവേ, വരണ്ട വേനലിൽ, ഓടുനീക്കി അകത്തു് കടന്ന കള്ളന്റെ, ദുഃഖസ്മരണകളുണർത്തുന്ന ചിത്രം തെളിയുന്നുവോ?

തുടച്ചുമിനുക്കി എണ്ണയൊഴിച്ചുവെച്ച നിലവിളക്കിൽ അപ്പോൾ തെറുത്ത തിരിയിട്ടു കൊളുത്തി മച്ചിന്റെ അകത്തേക്കുകാട്ടി.

"ദീപം . . . ."

വിളക്കിന്റെ മഞ്ഞകലർന്ന മഞ്ഞരാശിയിൽ ഭഗവതി ജ്വലിച്ചുനിന്നു. ഭഗവതിയുടെ വാളും പീഠവും മറവും വെച്ചിരിക്കുന്ന മച്ചറയുടെ വാതിൽ സന്ധ്യയ്ക്കു്, തളർന്നസന്ധ്യയ്ക്കു്, വിളക്കു കാണിക്കുവാൻ മാത്രമേ തുറക്കാറുള്ളൂ.

അടഞ്ഞകണ്ണുകളും കൂപ്പിയ കൈകളുമായി ഭഗവതിയെ തൊഴുതു. മുകളിൽ ചങ്ങലക്കണ്ണിയിൽ കൊളുത്തിയ ഭസ്മപാത്രത്തിൽനിന്നു് ഭസ്മമെടുത്തു കുറിയിട്ടു. നരച്ച ഭസ്മം, ഹൃദയത്തിന്റെ ഇതളുകളിൽ മഞ്ഞുതുള്ളികൾ ഉണർത്തുമ്പോൾ വിതുമ്പിപ്പോകുന്നു . . . .

വിഗ്രഹങ്ങൾക്കു മുൻപിൽ ചമ്രംപടിഞ്ഞിരുന്നു. വെളിച്ചത്തിന്റെ ഋജുരേഖകൾ കൺപോളകൾക്കിടയിൽ വിലങ്ങുനിന്നു. കണ്ണുതുളച്ചു് ഉള്ളിലേക്കു കയറുന്ന, മൂർച്ചയുള്ള, ഇക്കിളിപ്പെടുത്തുന്ന, സുഖമുള്ള വേദനയുളവാക്കുന്ന മഞ്ഞരശ്മികൾ കാററിൽ താളത്തിൽ നൃത്തംചവിട്ടി. അവയ്ക്കിടയിൽ ഓടക്കുഴലേന്തിയ കണ്ണന്റെ രൂപം . . . .

[മനസ്സിന്റെ താഴ്‌വരയിലെ, വൃന്ദാവനത്തിൽ, സ്വർണ്ണപീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന കണ്ണനുമാത്രമെന്തേ, ഈ ദുഃഖഭാവം . . . .?]

മനസ്സ് പാടത്തിന്നപ്പുറം, പാടത്തിനു സമാന്തരമായിപ്പോകുന്ന റെയിൽപ്പാതക്കും റോഡിന്നുമപ്പുറം ആശകളിൽമാത്രം തുടിക്കുന്ന കോളേജിന്റെ ലക്ചർഹാളിൽ മുഴങ്ങുന്ന കനത്ത വിഷാദച്ഛവികലർന്ന സ്വരമന്വേഷിച്ച് പറന്നുചെന്നു.

"ലതയ്ക്കു് എം. എയ്ക്കു് ചേരണത്രെ, B. A. യ്ക്കു് ക്ലാസുവാങ്ങി പാസായില്ലേ! അവൾക്കു് ഒരാഗ്രഹം!"

വാതിൽപ്പാളികൾക്കിടയിൽ പകുതിമറഞ്ഞു നില്ക്കുന്ന അമ്മയുടെ അല്പം വിളറിയമുഖത്തു്, ഭയത്തിന്റെ നേരിയ നിഴൽപ്പാടുകൾ!

വീതികൂടിയ ഫ്രേമുള്ള കണ്ണടയിലൂടെ പൊള്ളുന്ന രശ്മികൾ ചിന്നിചിതറവേ, ഇടനാഴികയിൽ, നിഴലിൽ അറിയാതെ തേങ്ങിപ്പോകുന്നു . . . .

"ഇത്രയൊക്കെ പഠിച്ചതന്നെ ധാരാളാണു്. ഇനിപ്പൊ, കോളേജിലൊന്നും പോണ്ട."

കണ്ണുകളിൽ വിഷാദമുറങ്ങിയ, ചെറുപ്പക്കാരാ, നിങ്ങളുടെ അല്പം വിളറിയ ചുണ്ടുകളിൽ, കണ്ടതു്, ദുഃഖത്തിന്റെ തിളക്കമായിരുന്നില്ലേ . . . . — ഇടതൂർന്ന വളർന്ന താടിയിൽ, രോമംനിറഞ്ഞ കൈത്തണ്ടയിൽ ഒരായിരം സൂര്യന്മാരുടെ ജ്വലനം!

വല്യമ്മാമന്റെ കൂർത്ത മൂക്കും, തലയെടുപ്പും, ഏററുവാങ്ങിയ ചന്ദ്രേട്ടൻ, കീററ്സും ഷെല്ലിയുമൊക്കെ വരച്ച പാദങ്ങളുടെ വർണ്ണചിത്രങ്ങൾ, മുന്നിൽ തുറന്നുവെക്കുമ്പോൾ അത്ഭുതം വിടരുന്ന കണ്ണുകളോടെ, നിർന്നിമേഷയായി നോക്കിയിരിക്കുന്ന പെൺകുട്ടിയെവിടെ?

ഒരു നനഞ്ഞ സന്ധ്യയിൽ, അമ്പലപ്പറമ്പിൽ കരിയിലകൾ വളകിലുക്കുമ്പോൾ, ഒരു തിരിഞ്ഞോട്ടത്തിന്റെ സ്വരം അമ്മ കേൾപ്പിച്ചുതന്നു . . . .

''....വല്ല്യേട്ടൻ വല്ല്യ മുൻശുണ്ഠിക്കാരനേന്നു.... എത്ര നിസ്സാരകാര്യാന്നു! തെറ്റേറ്റുപ്പിന്നെ, ഇതുവരെ ഈ പടികടന്നിട്ടില്ല്യ....!''

കോന്തലകൊണ്ട് കണ്ണീരൊപ്പുമ്പോൾ കോളേജിൽ, ക്രിട്ടിസിസം ക്ലാസിൽ, റൊമാൻറിസിസത്തെക്കുറിച്ച്, ചന്ദ്രേട്ടൻ സംസാരിച്ചപ്പോൾ മനസ്സിൽ കുതിർന്ന താമരവിത്തിനെക്കുറിച്ചാലോചിക്കുകയായിരുന്നു മകൾ.

''....അന്നു നെണക്ക് ഒന്നര വയസ്സേന്നു....''

[പണ്ടൊരു കവി ചോദിച്ചതു്, ഓർമ്മവരുന്നു.... — എന്തിനാണ് ശരത്കാലം ഒരു തേങ്ങലോടെ ഓടി വന്നു് വസന്തത്തിന്റെ നനുത്ത പൂവാട നുറുനുറുങ്ങനെ ചീന്തുന്നതു്?....]

നാളത്തിന്റെ ചലനത്തിനൊപ്പം നിഴലുകൾ ഇളകിയാടി. മനസ്സിലെ അസ്വസ്ഥതയുടെ ആവരണമണിഞ്ഞ, കറുത്ത ചായക്കൂട്ടിൽക്കുളിച്ച, ചലിക്കുന്ന പേടിപ്പെടുത്തുന്ന നിഴലുകൾ.

— ഒരു നിമിഷം മുറിവേൽപ്പിക്കുന്ന മൂർച്ചയേറിയ, ചുവപ്പുകലർന്ന മഞ്ഞരശ്മികളിൽ മുങ്ങാൻ കൊതിച്ചു....

രോമകൂപങ്ങളിൽ വേദനയുടെ ഉറവപൊട്ടി ഒലിച്ചിറങ്ങിയ വിയർപ്പുകണങ്ങൾ ജ്വലനത്തിൽ തിളങ്ങിയ നെറ്റിയിലും, മൂക്കിന്റെ അറ്റത്തും തങ്ങിനിന്നു, സ്വപ്നബിന്ദുക്കൾപോലെ!

ജ്വാല ചുറ്റുമുള്ള ശൂന്യതയിൽ നാക്കിട്ടലച്ചു. ഇളകിയാടുന്ന നാളത്തിനു ചുറ്റും പ്രകാശം. പരന്നൊഴുകിയ പ്രകാശം അന്ധകാരത്തിലേക്കു് നേർത്തു നേർത്തു താദാത്മ്യം പ്രാപിച്ചു.

അമ്പലത്തിൽനിന്നു കതിനവെടിയുടെ ശബ്ദം; തുടർന്നു് ശംഖധ്വനിയും ദീപാരാധനയുടെ മണിമുഴക്കത്തിന്റെ നേർത്ത സംഗീതവും....

മനസ്സ് അമ്പലപ്പറമ്പിലേക്കു് ഊളിയിട്ടുചെന്നു. ഇപ്പോൾ അമ്പലനടയിൽ തൊഴുതുനില്ക്കുന്നുണ്ടാവും. നിരീശ്വരവാദിയെങ്കിലും, ഒരിക്കലും രാവിലെയും സന്ധ്യയ്ക്കും അമ്പലത്തിൽപോക്കു മുടക്കാത്തവളല്ലേ!

''നമശ്ശിവായ, നാരായണായനമഃ....

അനിയന്റെ നേർത്തശബ്ദം നടുമുറ്റത്തേക്കു് ചോർന്നൊഴുകി. കരിങ്കൽപാകിയ നടുമിറ്റത്തിനു മുകളിലൂടെ കിഴക്കു — പുറത്തെ വേലിയിൽ പടർന്നുപന്തലിച്ച മുല്ലവള്ളിയിൽ അപ്പോൾ വിരിഞ്ഞ മുല്ലപ്പൂവിന്റെ സുഗന്ധവും, ഈർപ്പവുമുള്ള കാറ്റ് ദീപത്തിന്നടുത്തേക്കു് മന്ദമായ് കടന്നുവന്നു. നാളത്തെ പുണർന്നു; രോമാഞ്ചത്തിന്റെ ചലനങ്ങൾ സൃഷ്ടിച്ചു.

— നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ....

ഹൃദയത്തിന്റെ തേങ്ങലുകൾ ഭേദിച്ചു സ്വരം പുറത്തുകടന്നില്ലേ? നാമജപത്തിന്റെ പരിധിക്കപ്പുറം ആലസ്യത്തിന്റെ നേർത്ത പാടങ്ങളണിഞ്ഞ നിശ്ശബ്ദത തളംകെട്ടിനിന്നു. നിശ്ശബ്ദതയുടെ മാറിലൂടെ നേർത്ത ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട്, സമയം അരിച്ചുനീങ്ങി — നീലസമുദ്രത്തിനു മുകളിൽ ചിറകുകളനക്കാതെ പറക്കുന്ന കൃഷ്ണപ്പരുന്തിനെപ്പോലെ.

നിറഞ്ഞ നിശ്ശബ്ദതയിലൂടെ — നിമിഷത്തിന്റെ ചലനങ്ങളിലൂടെ — നിർവ്വികാരതയുടെ മുഖംമൂടികൾ പതുക്കെ — ഒച്ചവെക്കാതെ —

അപ്പോൾ വീശിയ കാറ്റിൽ പെട്ടെന്നു് നിലവിളക്കിന്റെ ജ്വാല ഉയർന്നു് ഇളകിയാടി. അതിനുചുറ്റും വട്ടമിട്ടു പറന്നിരുന്ന ഒരു പാറ്റ അതിൽ വീണു കരിഞ്ഞു ചാമ്പലായി.

പണ്ടുവിടർന്ന പൂക്കളുടെ വിദ്വേഷാഗ്നിയിൽ കത്തിച്ചാമ്പലായ മൃദുലദലങ്ങളെ വീണ്ടുമൊന്നെടുത്തു് താലോലിക്കുവാൻ, അറിയാതെ ആഗ്രഹിച്ചുപോകുന്നു....

കൈതക്കാടുകൾക്കും, പച്ചനെൽപ്പാടങ്ങൾക്കുമപ്പുറം പാലക്കാടൻ മലകളുടെ താഴ്‌വരയിൽക്കൂടി മറയാൻ തുടങ്ങുന്ന സൂര്യനെ ഒന്നു ദർശിക്കുവാനായി വിവശയായ ആറുമണിവണ്ടി ചൂളംകുത്തി കിതച്ചുകിതച്ചോടിയപ്പോൾ, മനസ്സ് ശൂന്യതയുടെ മാറിലേക്കു് വഴുതിവീണു....

# ദൌർബ്ബല്യങ്ങൾ

പി. കെ. പാറക്കടവ്, II B. Com.

ഞാൻ സ്വന്തം മുഖംകാണുന്ന നീലപ്രതലത്തിൽ, എന്റെ ഹൃദയത്തിന്റെ കണ്ണാടിയിൽ, അലമാലകളുണർത്തിയ ശബ്ദപ്പൊലിമയിൽ ആരാണ് വിഷാദത്തിന്റെ വഹ്നി തുളിച്ചത്? ഈ നിലാവിന്റെ ആലിംഗനത്തിൽ, ഉറക്കം തൂങ്ങുന്ന കണ്ണുകളുടെ അർത്ഥശൂന്യമായ നോട്ടത്തിൽ, ദുഃഖമഭിനയിക്കുന്ന ചിന്തകളുടെ മൃതദേഹവും വഹിച്ചു ആരാണ് എന്നെ ഏകനായിവിട്ടത്?

'രവീ, നിനക്കെന്തുപററിയെടാ' അഞ്ചിലെ സമദാണ്.

— സുഹൃത്തെ, എന്റെ ദുഃഖം എന്നിൽത്തന്നെയിരുന്നു് എരിയട്ടെ. നിന്നെപ്പോലെ, ഒരു കഞ്ചാവിന്റെ പുകയിൽ എന്റെ ദുഃഖം മറച്ചുവെക്കാനെനിക്ക് കഴിയില്ല.

ഡൈനിംഗ്ഹാളിലെ ബഹളം അവസാനിച്ചതിനു ശേഷം മാത്രം 'മെസ്സ്'' കഴിക്കാൻ പോയതായിരുന്നു. മെസ്സ് കഴിക്കുമ്പോൾ പടന്നക്കാരൻ ലത്തീഫ് ചോദിച്ചു. 'വാട്ട് ഹാപ്പൻഡ് റ്റു യു മിസ്റ്റർ രവി? നാട്ടിൽനിന്നു തിരിച്ചുവന്നതിനുശേഷം നീ വല്ലാതെയായിരിക്കുന്നു.'

— പ്രിയപ്പെട്ട കൂട്ടുകാരെ, നിങ്ങൾക്കറിയില്ല. ഞാൻ മിനിഞ്ഞാന്നു് നാട്ടിൽ പോവുകയാണെന്നുപറഞ്ഞു പോയത് നാട്ടിലായിരുന്നില്ല.

ഇന്ദിരയുടെ വീട്ടിലായിരുന്നു.

ഓർമ്മകളുടെ താഴ്വാരങ്ങളിലൂടെ ചിന്തകൾ തെന്നിത്തെന്നിയിറങ്ങവെ,

അവ്യക്തതയിൽ,

അകലെ,

ഇന്ദിരയുടെ മുഖം.

— കഴിഞ്ഞവർഷത്തെ കോളേജ് ഡേയ്ക്ക് സ്വയം മറന്നുപാടിയ നിന്റെ നാദധാരയിലൂടെ, ഞാൻ ആ ഹൃദയത്തിലേക്ക് ഒഴുകിവീണരാവിൽ, ഈ ദുരന്തത്തിന്റെ ജനനം സംഭവിച്ചിരുന്നുവെന്നു ഇപ്പോൾമാത്രം അറിയുന്നു.

മിനിഞ്ഞാന്നുവന്ന ഇന്ദിരയുടെ കത്തിൽ —

'എന്റെ വിവാഹത്തിനു വരണം രവിയേട്ടാ'

അന്നുതന്നെ പുറപ്പെട്ടു. നിറഞ്ഞ ബസ്സിൽ യാത്ര ചെയ്യുമ്പോൾ,

ഓർമ്മകൾ അമീബയായി പെരുകവെ, ഭ്രൂണമായ് വളരവെ, ബലൂണായി വീർക്കവെ, വേദനയായി വിലയം പ്രാപിക്കവെ, ബസ്സ് ഓടിക്കിതച്ചു ലക്ഷ്യം പ്രാപിക്കാനുള്ളതിരക്കിലായിരുന്നു.

— മഞ്ഞുവീഴുന്ന സായാഹ്നങ്ങളിൽ, ഇരുണ്ട മരങ്ങളുടെ നരച്ച നിഴലുകളിൽനിന്നുതിരുന്ന ഏതോ രാത്രിയുടെ മുന്നോടിയായി വന്നെത്തിയ സന്ധ്യയ്ക്കു്, ഏതോ പാറക്കൂട്ടങ്ങൾക്ക് മുകളിൽ തലതല്ലിച്ചാവുന്നതിരമാലകളെനോക്കി ഞാൻ അബ്സ്ട്രാക്ട് ആർട്ടിനെപ്പററി വിവരിക്കുമ്പോൾ നീ ചോദിച്ചു.

'എന്റെ ഒരു ചിത്രം വരച്ചൂടെ രവിയേട്ടാ അബ്സ്ട്രാക്ട് ടെക്നിക്കിൽ'

— ശ്രമിക്കാം ഇന്ദു. ഇന്നു ശ്രമിക്കാം. എന്റെ ഹൃദയഭിത്തിയിൽത്തന്നെ സ്വന്തം ഹൃദയരക്തംകൊണ്ടു നിന്റെ ചിത്രം വരക്കണം.

അതിനു ചുവടെ എഴുതണം.

— ഇവിടെ എന്റെ ഇന്ദിര മരിച്ചുകിടക്കുന്നു.

'മോനെവിടെയാ ഇറങ്ങേണ്ടത്'' അടുത്ത സീററിലിരിക്കുന്ന വയസ്സനാണ്. ഇറങ്ങേണ്ടസ്ഥലം പറഞ്ഞു.

വീണ്ടും ഓർമ്മകൾ ഏതോ നിഴൽപ്പാടുകളെപ്പോലെ എന്നെ വേട്ടയാടാൻവന്നു.

— ഇടവേളകളിൽ വിനോദംപറയാൻ നില്ക്കുന്ന ഇടനാഴികകളിലൊന്നിൽ ഒററക്ക് കണ്ടുമുട്ടിയപ്പോൾ പതറലോടെ നീ പറഞ്ഞു.

'രവിയേട്ടാ, എന്റെ വിവാഹം നിശ്ചയിച്ചുപോയി.' എന്തു പറയണമെന്നറിയില്ലായിരുന്നു. 'വിഷ് യു ഗുഡ് ലക്'

നിന്റെ കണ്ണുകൾ നിറയുകയായിരുന്നു.

— അരുത് പെണ്ണേ, കരയരുത്. ഈ ചാപല്യം നാം മറക്കുക. മറക്കാൻപിറന്ന വികാരം ചാപല്യമാണെന്നോർക്കുക.

കണ്ണുകളിൽ കണ്ണുകൾ തറഞ്ഞുകയറിയ നിമിഷങ്ങളുടെ ചരമത്തിനുശേഷം —

— 'ഞാനെഴുതും. എന്റെ വിവാഹത്തിനു വരണം രവിയേട്ടാ'

പൊടുന്നനവെ ബസ്സുനിന്നു. ബസ്സിൽനിന്നിറങ്ങി റോഡിന്റെ ഇടതുവശത്തു സ്ഥിതിചെയ്യുന്ന വീട്ടിൽ കയറിച്ചെന്നു.

അപ്പോൾ,

നിന്റെ അച്ഛനും അമ്മയും ഏതോ ബന്ധുവീട്ടിൽ ക്ഷണയാത്രയായിരുന്നു. നിനക്ക് പകൽക്കിനാവിന്റെ വിരസയാത്രയും.

—'ഇന്ദിരേ, നിന്റെ വിവാഹം മററന്നാൾ നടക്കുമ്പോൾ വരാനാവില്ല. അന്നെന്റെ എക്സാം തുടങ്ങുകയാണ്. ഇന്നു വന്നിരിക്കുന്നു.'

മധുരംതന്നു്, പാനീയംതന്നു് നീയെന്നെ സൽക്കരിച്ചിരുത്തി. വെളിച്ചത്തിനുമുമ്പിൽ നാണിച്ചുനില്ക്കുന്ന ഇരുട്ടിന്റെ ഒളിസങ്കേതമായ മാളികമുറിയിൽ, കണ്ണിൽകണ്ണിൽ നോക്കിനിൽക്കേ —

'രവിയേട്ടാ . . . .'

— ഇന്ദിരേ, ഇപ്പോഴെനിക്ക് മനസ്സിലാകുന്നു നിന്റെ നഷ്ടം. എന്റെ എല്ലാമായിരുന്ന, ഇപ്പോൾ എന്റെ ആരുമല്ലാത്ത എന്റെ ഇന്ദിരേ . . . .'

— അരുത്. ഞാൻ ദുർബ്ബലനാവരുത്. ഇവിടെ ആർക്കും ആരോടും കടപ്പാടില്ലെന്നു വിശ്വസിക്കുന്ന, ജീൻ പോൾ സാർത്രെയുടെയും ആൽബേർ കാമുവിന്റെയും കാഫ്കയുടെയും കാക്കനാടന്റെയും തത്വശാസ്ത്രങ്ങളിലാകൃഷ്ടനായ ഈ രവി ദുർബ്ബലനാവരുത്.

'കളിയാക്കുകയാണോ' നിന്റെ ചോദ്യം.

'എങ്കിൽ ഇന്ദിരേ ഞാൻ വരുമായിരുന്നോ?'

'വരേണ്ടിയിരുന്നില്ല'

— ഇപ്പോഴെനിക്കും തോന്നുന്നു ഇന്ദിരേ വരരുതായിരുന്നു.

നീ കരയുകയായിരുന്നു. ഏതോ മിഥ്യയായ നഷ്ടബോധത്തിനു കീഴ്പ്പെട്ടു എന്റെ നീട്ടിയ കരങ്ങളിൽ കുഴഞ്ഞുവീണു നീ തേങ്ങി.

അതിൽപിന്നെ അബോധത്തിന്റെ രഥചക്രങ്ങളുടെ ശബ്ദം, ബോധത്തിന്റെ വേഷത്തിൽ ആരെയൊക്കെയോ കബളിപ്പിക്കുകയായിരുന്നു.

എല്ലാം കഴിഞ്ഞപ്പോൾ ഓർത്തു. തെററായിപ്പോയി. ഇറങ്ങിപ്പോരുമ്പോൾ സന്ധ്യ, രക്തത്തിന്റെ നേർത്ത ചാലുകളായി അവിടെ ഒഴുകുകയായിരുന്നു.

ഇന്ദിരയെ വെറുത്തു. എന്നെത്തന്നെ വെറുത്തു. ലോകത്തെ വെറുത്തു. വെറുപ്പിന്റെ അലകളിൽമുങ്ങി.

— ജനിച്ചു മരിക്കാനിരിക്കുന്ന രണ്ടു ദിനരാത്രങ്ങൾക്കുശേഷം, അവൻ, നിന്റെ സ്ത്രീത്വത്തിന്റെ വിധാതാവു്, വരുമ്പോൾ നിന്റെ മനസ്സിന്റെ ശുദ്ധതയിൽ, കളങ്കത്തിന്റെ പൊട്ടുമായാതെ അവശേഷിക്കുമല്ലോ ഇന്ദിരേ?

— നിറം നിറഞ്ഞ നിന്റെ ജീവിതത്തിന്റെ മലരുകൾ നിറഞ്ഞവഴിത്താരയിൽ, ഇന്ദിരേ, ഇനിയൊരിക്കലും ഒരു കറുത്തനിഴലായി കടന്നുവരില്ല, ഈ രവിയേട്ടൻ. ഭാഗ്യത്തിന്റെ ഗുൽമോഹറുകൾ പൂത്തുലഞ്ഞാടുന്ന നിന്റെ ലോകത്തിൽ ഒരുപിടി ഓർമ്മകളുമായി ഒരിക്കലും കടന്നുവരില്ല.

— ക്ഷമിക്കു, ഇന്ദിരേ, ക്ഷമിക്കു.

# DIAL

**P. Adam, I B. A. (English)**

" Who is speaking? "

" De. "

" Name, I asked your name. What's your name? "

" De. "

" Beg your pardon, but can't you tell me your name? "

" De. "

" What do mean by ' heigh '? "

" Not ' heigh '. De, pronounced Day. "

" Ray? "

" No. De. "

" How do you spell it? "

" D – E. "

" What do mean by laughing at me? "

" I didn't laugh at you! "

" But you said " hee – hee! "

" I did NOT say hee – hee! I said D – E. '

" You said what? Spell it again! "

" All right. D for . . . D for . . . D . . . for . . D for Dog . . . "

" What? "

" I said D for Dog . . . . . D for Daughter . . . . . D for Damn! Damn! Damn! D for Damn! Got that? "

" You go to Hell ! What do you mean by swearing at me, Sir? "

" I was not swearing at you . . . Now listen. You know DELHI, our capital. "

" What's all this now? I asked for your name and you give me the name of the capital ! "

" I am not giving you the name of the capital. I am trying to give you my name. "

" WHAT ! You want me to believe that your name is DELHI? "

" No, no. The first letter of Delhi, — D "

" I see. Why couldn't you say that before? And then what?"

" E. "

" What do you mean by ' Ji ' ? Go on, spell the rest of your name ! "

" I didn't say ' Ji. '. I said E. E for . . . E . . . E for what? E for . . . let me see, E for Ecology. You know Ecology? "

" No, I don't know him. What has ' he ' got to do with your name? "

" Now look. You know Ernakulam, this town where we are living? "

" Again you are bringing in towns and capitals. Well, all right. I know Ernakulam. Are you suggesting that the first letter of Ernakulam is . . . "

. . . " the second letter of your name ? " Exactly. You have got it now. "

" But that makes only D . . E. Go on, give me the rest. "

" There is no ' rest '. That's my name. "

" What do you mean? D . . E. D . . E. How can a man be just D . . E? "

" But I ' am ' DE. I can't help it but I am. Just DE, OK ! "

" Did you say Dewas, or De Vyas? "

" No, no, not Dewas. Not De Vyas. Just DE. "

" But it can't be ! "

" It is. "

" I don't believe you. You are trying to be funny, are you? "

And BANG ! goes the receiver on the hook.

# ഈ വളവിന്നപ്പുറം



ഉഷ, II M. Sc.

ആവർത്തനത്തിന്റെ മഞ്ഞപ്പിത്തം ബാധിച്ച മററൊരു ദിവസത്തിന്റെ മഞ്ഞളിച്ച, വൃത്തികെട്ട കാൽപ്പാടുകളിൽ ചവിട്ടി, ഒരു വിഡ്ഢിയുടെ താളമൊപ്പിച്ച കാൽവെപ്പുകളോടെ വൃദ്ധന്റെ സൂര്യൻ നടന്നു മറഞ്ഞു. വൃദ്ധന്റെ കവിളിലെ ശുഷ്കിച്ച തൊലിയിൽ, സൂര്യനേല്പിച്ച ക്ഷതം മററൊരു കഷണം മഞ്ഞവെളിച്ചമായി തങ്ങിനിന്നു. അപ്പോഴ്, പാതവക്കിലെ മരച്ചുവട്ടിലിരുന്ന് മുമ്പിലേയ്ക്കുറ്റുനോക്കി, അമ്പരപ്പോടെ, ഭീതിയോടെ വിറയ്ക്കുന്ന സ്വരത്തിൽ വൃദ്ധൻ സ്വയം പറഞ്ഞു. "ഇനി, ഒരു വളവുകൂടി."

വൃദ്ധൻ മടിക്കുത്തിൽനിന്ന് തന്റെ വാൽക്കണ്ണാടിയെടുത്തു, മുഷിഞ്ഞ തോർത്തുമുണ്ടിന്റെ അററംകൊണ്ട് ഉടച്ചു. തന്റെ സൂര്യൻ പ്രതിഫലിയ്ക്കാത്ത, വളവിനപ്പുറത്തെ കാഴ്ചകളെ അയാൾ കണ്ണാടിയ്ക്കകത്തു തിരഞ്ഞു. വൃദ്ധൻ കണ്ണാടി എല്ലാ കോണുകളിലും വെച്ചു നോക്കി. പ്രതിഫലനത്തിന്റെ ഒരു നേരിയ രശ്മിയ്ക്കുവേണ്ടി, വൃദ്ധന്റെ ക്ഷീണിച്ച കണ്ണുകൾ കണ്ണാടിയ്ക്കുള്ളിലേക്ക് ആഴ്ന്നിറങ്ങി. ഒടുവിൽ, നൈരാശ്യം കണ്ണുകളെ വേദനിപ്പിച്ചപ്പോൾ, അയാൾ തന്റെ ഉപയോഗശൂന്യമായ കണ്ണാടിയെടുത്ത് ഉടച്ച് മടിക്കുത്തിൽ സൂക്ഷിച്ചു.

എന്നിട്ട്, ഒരു ജീവിതകാലം മുഴുവൻ താൻ വളർത്തിക്കൊണ്ടുവന്ന തന്റെ വിഡ്ഢിത്തത്തിന്റെ ആഴമോർത്ത് വൃദ്ധൻ ലജ്ജിച്ചു. ആത്മനിന്ദയുടെ അസ്വാസ്ഥ്യത്തിൽ, അയാൾ തന്റെ ഉണങ്ങിച്ചുളിഞ്ഞ തൊലി മാന്തിക്കീറി. തന്റെ ഹൃദയത്തിനുള്ളിലെ അറയിൽനിന്ന്, രക്തധമനികളെ, ചെറിയ ഞരമ്പുകളെ ചികഞ്ഞുമാററി, അയാൾ തന്റെ ഉള്ളിന്റെയുള്ളിലെ രൂപം പുറത്തെടുത്തു. വൃദ്ധന്റെ മുമ്പിൽ ഒരു ചെറിയ ബിന്ദുവായി. നിഷ്കളങ്കതയുടെ മൂർത്തരൂപമായി അവൻ നിന്നു — വള്ളിനിക്കറിട്ട, മൂക്കളയൊലിപ്പിയ്ക്കുന്ന, തെരുവിലിരുന്ന് കല്ലുകളിയ്ക്കുന്ന, കറുത്ത ചെറിയ രൂപമായി അവൻ.

അവൻ വൃദ്ധന്റെ മടിയിൽ കയറി, തോളിൽ കൈയിട്ടു. അവൻ ചോദിച്ചു:

"വല്യച്ഛാ, ഈ വളവിനപ്പുറത്തെന്താണ്?"

"ഈ വളവിന്നപ്പുറം, . . . . ഈ വളവിന്നപ്പുറം . . . ." മുഴുവനാക്കാനറിയാതെ വൃദ്ധൻ കുഴങ്ങിനിന്നു.

"പറയു വല്യച്ഛാ, എന്താണ്?" — അവന്റെ സ്വരം കാരണമജ്ഞാതമായ ഭയം കൊണ്ട് വിറച്ചു. വൃദ്ധന്റെ മുഖത്തെ ശൂന്യത, അവനെ പരിഭ്രമിപ്പിച്ചു.

വൃദ്ധൻ ഒരു നിമിഷം തന്റെ വാൽക്കണ്ണാടി പുറത്തെടുത്തു; എന്തോ ഓർത്ത് അത് വീണ്ടും മടിയിൽത്തന്നെ തിരുകി.

"മോന്റെ വലതുകൈ നീട്ട്; കാണട്ടെ." — വൃദ്ധൻ പറഞ്ഞു.

അവന്റെ, അഴുക്കുപുരണ്ട കറുത്ത കൊച്ചുകൈയിലെ രേഖകൾ അയാൾ വായിച്ചു. "ഇതു ആയുർരേഖ; ഇത് നീണ്ടുപോകുന്നതു കൊണ്ട് ദീർഘായുസ്സ്. ഇത് വിദ്യാഭ്യാസ രേഖ — ആഹാ, മോൻ പഠിച്ച മിടുക്കനാവും. ഇത് കണ്ടോ മോനേ, ഇതാണ് ഭാഗ്യരേഖ ഇതങ്ങു കേറിപ്പോകുന്നതു കണ്ടോ, മോന് വല്യ സർക്കാരുദ്യോഗം; പിന്നെ. തൊലിവെളുത്ത ഒരു മിടുക്കി ഭാര്യ."

"അയ്യയ്യേ, വല്യച്ഛൻ വേണ്ടാത്തത് പറയാ." അവൻ മുഖം പൊത്തി പൊട്ടിച്ചിരിച്ചു. വൃദ്ധൻ വെറുതെ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

അവന്റെ മുഖത്തെ അമ്പരപ്പും ഭയവും മാറിപ്പോകുന്നത് വൃദ്ധൻ കണ്ടു. അവന്റെ കറുത്ത ചെറിയ മുഖത്ത്, ആനന്ദത്തിന്റെ രേഖകൾ തെളിഞ്ഞു. അവന്റെ വലിയ കണ്ണുകളിൽ പ്രതീക്ഷകൾ കിടന്ന് തിളങ്ങി.

അപ്പോൾ വൃദ്ധൻ സ്വയം ചോദിച്ചു. "ഈ വളവിന്നപ്പുറത്തെന്താണ്?" — തന്റെ കണ്ണാടിയ്ക്കു പ്രതിഫലിപ്പിക്കാനാവാത്ത ദൃശ്യങ്ങൾക്കുവേണ്ടി വൃദ്ധൻ ദാഹിച്ചു.

വള്ളിനിക്കറിട്ട കൊച്ചുപയ്യൻ അപ്പോൾ വൃദ്ധന്റെ മടിയിൽ മലർന്നുകിടന്നു് സ്വപ്നങ്ങൾ കണ്ടു. തിരക്കും ശബ്ദങ്ങളുമുള്ള വലിയ നഗരത്തിലെ വലിയ ഉദ്യോഗവും, സുന്ദരിയായ വെളുത്ത നിറമുള്ള ഏതോ പെണ്ണിനേയും അവൻ സ്വപ്നത്തിൽ കണ്ടു. നീലാകാശത്തിനു താഴെ ഒഴുകുന്ന സ്വച്ഛസുന്ദരമായ ഒരു നദിയും, നദിക്കരയിലെ പച്ചപിടിച്ച പുൽത്തകിടിയും, വർണ്ണശബളമായ പൂന്തോട്ടത്തിലെ കൊച്ചു വള്ളിക്കുടിലും കണ്ടു് അവൻ പുഞ്ചിരിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു.

അതു കണ്ടു്, വൃദ്ധൻ പതുക്കെ പറഞ്ഞു: ''വിഡ്ഢി, വിഡ്ഢി! — ഈ വളവിന്നപ്പുറത്തെന്താണെന്നു് ഇവനെന്തറിഞ്ഞു?''

അവന്റെ അകാരണമായ, ഭ്രാന്തമായ ആനന്ദം വൃദ്ധനെ അരിശം കൊള്ളിച്ചു. അയാൾ അവനെ പിടിച്ചുണർത്തി. അവന്റെ കൊച്ചുവള്ളിക്കുടിലിലേക്കു് അയാൾ കരിങ്കല്ലും കുപ്പിക്കഷ്ണങ്ങളും വലിച്ചെറിഞ്ഞു. ശുണ്ഠി മൂത്തപ്പോൾ വൃദ്ധൻ കൈകൊണ്ടു് നിലത്തു് കുഴിയുണ്ടാക്കി, കറുത്ത കൊച്ചുപയ്യനെ ഒരു കൈകൊണ്ടു പിടിച്ചു് അതിനുള്ളിലിട്ടു. അവനുമേലെ മണ്ണു വാരിയിട്ടു. അവസാനത്തെ മൺതരിയും കുഴിയിലിട്ടു ആശ്വാസപൂർവ്വം വൃദ്ധൻ നിവർന്നപ്പോൾ, അവൻ കുഴിതുറന്നു് പുറത്തുവന്നു.

അവൻ വള്ളിനിക്കറിന്നു പകരം, ഇറുക്കിപ്പിടിച്ച കാലുറയും വർണ്ണഭംഗിയുള്ള കുപ്പായവും ധരിച്ചു. മുഖത്തെ രോമം അവൻ ഭംഗിയിൽ വെട്ടിനിറുത്തി. മുഖത്തിരുവശത്തും അവൻ കൃതാവു് നീട്ടി പിടിപ്പിച്ചു. അവന്റെ ചുണ്ടിൽ സിഗററും കഞ്ചാവുനിറച്ച ബീഡിയും പുകഞ്ഞു. അവൻ മീശ പിരിച്ചു്, സെന്റിന്റേയും പൗഡറിന്റേയും സിഗററിന്റേയും ഗന്ധം പരത്തി, വൃദ്ധനെ അവഗണിച്ചു് മിടുക്കനായി നടന്നു. പാതവക്കിലെ വൃദ്ധന്റെ പിറുപിറുപ്പു് അവൻ വകവെച്ചില്ല. വൃദ്ധനു മനസ്സിലാകാത്ത ഭാഷയിൽ അവൻ ഉറക്കെയുറക്കെ സംസാരിച്ചു. സുന്ദരിപ്പെൺകുട്ടികളുടെ വളകിലുക്കം മാത്രം അവൻ കേട്ടു. അവരുടെ മൃദുസ്വരങ്ങൾ അവൻ തിരിച്ചറിഞ്ഞു. അവന്റെ അവഗണന കണ്ടു് വൃദ്ധൻ മുഖം ചുളിച്ചു. അവന്റെ കൈകളിലെ മാംസപേശികളുടെ കരുത്തു് കണ്ടു് വൃദ്ധൻ നിശ്ശബ്ദനായിരുന്നു.

പക്ഷെ, വളവിന്നടുത്തെത്തിയപ്പോൾ അവൻ നിന്നു. അവന്റെ മുഖത്തെ വർണ്ണവൈവിധ്യം പെട്ടെന്നു് മാഞ്ഞു. അവന്റെ മീശയുടേയും കൃതാവിന്റേയും മിടുക്കു് എങ്ങോ പോയൊളിച്ചു. അവന്റെ മാംസപേശികൾ ദുർബ്ബലങ്ങളായി.

അവൻ സ്വയം ചോദിച്ചു: ''ഈ വളവിനപ്പുറത്തെന്താണു്?''

അപ്പോൾ വൃദ്ധൻ ചിരിച്ചു: ''അങ്ങിനെ വരട്ടെ; അവിടെ നീ നില്ക്കു്.''

അവൻ നിസ്സഹായനായി, വൃദ്ധന്റെ നേരെ തിരിഞ്ഞു: ''അമ്മാവാ, എന്താണു് ഈ വളവിന്നപ്പുറം.''

''എനിക്കറിയില്ലാ, കുട്ടീ.'' വൃദ്ധൻ തുറന്നു സമ്മതിച്ചു.

അവൻ തളർന്നു. തന്റെ അജ്ഞതയിൽ സ്വയം ലജ്ജിച്ചു്, വ്യർത്ഥമായ തന്റെ ഗമയാൽ സ്വയം അപഹാസ്യനായി, കനക്കുന്ന തല കൈകളിൽ താങ്ങി അവൻ അവിടെയിരുന്നു. വളവിന്നപ്പുറത്തേക്കു് എത്തിനോക്കുവാൻ ശ്രമിച്ചു്, പരാജിതനായി നിരാശനായി, ഭയം കൊണ്ടു് വിറങ്ങലിച്ച കൈകാലുകളുമായി അവൻ തരിച്ചിരുന്നു. ''ഈശ്വരാ, എന്താണു് ഈ വളവിന്നപ്പുറത്തു്.''

അപ്പോൾ വൃദ്ധൻ അവനോടു് തന്റെ കണ്ണാടിയെപ്പററി പറഞ്ഞു. അവൻ അതെടുത്തു് വീണ്ടും വീണ്ടും തുടച്ചുമിനുക്കി, പല കോണുകളിൽവെച്ചു നോക്കി. പ്രതിബിംബം കാണാത്തപ്പോൾ അവൻ കോപംപൂണ്ടു. അവൻ വലിച്ചെറിഞ്ഞ കണ്ണാടി വൃദ്ധനെടുത്തു് മടിക്കുത്തിൽ തിരുകിവെച്ചു.

അവൻ വഴിവക്കിൽ തളർന്നിരുന്നു. ആധിയും ഭയവും കൊണ്ടു് അവന്റെ രോമം നരച്ചു; മുറുക്കേററിയ മീശയും കൃതാവും പൊഴിഞ്ഞുവീണു, അവന്റെ ഉദ്ധതമായ ശിരസ്സിൽ കഷണ്ടി കയറി. അവന്റെ മുഖത്തെ രക്തപ്രസാദം മങ്ങി. അവന്റെ തൊലിയിൽ ചുളിവുകൾ വീണുതുടങ്ങിയപ്പോൾ, വൃദ്ധൻ അവനെ തന്റെ ഹൃദയത്തോടടുപ്പിച്ചു. അവൻ വൃദ്ധനായി; വൃദ്ധൻ അവനായി.

തന്റെ ശരീരത്തിൽ സൂര്യനേല്പിച്ച മഞ്ഞപ്പാടുകൾ തുടച്ചുനീക്കുവാൻ വിഫലമായി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ വൃദ്ധൻ വിചാരിച്ചു: ''ഞാൻ തന്നെ പോയി നോക്കണം, ഈ വളവിന്നപ്പുറത്തെന്താണെന്നു്.''

വൃദ്ധൻ നടന്നു. ക്ഷീണിച്ച കാലുകൾ നീട്ടി വെച്ചു്, വേച്ചു, വേച്ചു നടന്നു. നടക്കുമ്പോൾ വൃദ്ധൻ ശക്തിയായി കിതച്ചു. വീണുപോകുമെന്നു തോന്നിയപ്പോൾ വൃദ്ധൻ സ്വയം പ്രോത്സാഹിപ്പിച്ചു: ''സൂര്യന്റെ ഒരു മഞ്ഞക്കറകൂടി എന്റെ മുഖത്തു് പററിപ്പിടിക്കാൻ ഞാൻ സമ്മതിക്കില്ല. ഈ വളവിന്നപ്പുറം, — അതിമനോഹരമായ വസന്തം; സ്വതന്ത്രരായ വർണ്ണക്കിളികളുടെ കൂജനം പിന്നെ, . . . . പിന്നെ . . . .''

വളവു് തിരിയാറായപ്പോൾ, വൃദ്ധന്റെ അമ്പരപ്പും ഭീതിയുമെല്ലാം താനേ പിന്മാറി. മടിക്കുത്തിൽനിന്നു വാൽക്കണ്ണാടിയെടുത്തു് അയാൾ വലിച്ചെറിഞ്ഞു. അതിന്റെ കഷണങ്ങൾ ചിന്നിച്ചിതറിയപ്പോൾ വൃദ്ധൻ പൊട്ടിച്ചിരിച്ചു: ''ഓ, ഞാനെന്ന വിഡ്ഢി!''

വൃദ്ധൻ വളവു് തിരിഞ്ഞു. ഭീകരനായ, ബീഭത്സനായ ശത്രുവിന്റെ മുഖത്തോടുമുഖം കണ്ടപ്പോൾ അയാൾ ഞെട്ടിയില്ല. ശത്രുവിന്റെ പെട്ടെന്നുള്ള അടിയേററു കരിഞ്ഞു വീഴുമ്പോൾ വൃദ്ധൻ നിർവ്വികാരനായി പറഞ്ഞു: ''ഓ, ഇതിന്നായിരുന്നു, ഇതുയെല്ലാം ഒരുക്കക്കൂട്ടലുകൾ!''

# GHOST STORIES COST ME A NIGHTMARE



Pushpa V. V. Anand, I B. A. (Lit.)

Dear friends, I wonder if you all enjoy reading ghost stories. I like nothing better than to sit curled up in a couch deeply engrossed in thrilling ghost stories especially so if the book is labelled 'True Ghost Stories'!

One bright Sunday morning I happened to pay a visit to the house of a friend of mine. As I was a voracious reader and my friend a regular movie-goer she very willingly directed me to her library where she said she had a new consignment of books. I skipped over the romantic novels (not because I was not interested in romance but because all love stories nowadays appear the same, that is either two guys fall in love with one beautiful, curvaceous doll or two young dames are infatuated by a tall, magnetic gentleman and the ensuing plotting and quarrelling among themselves do not seem to me to be very interesting) The above conclusion is strictly my own point of view ofcourse. I am also of the opinion that variety in one's reading enhances the pleasure one gets from books. Well as I said I saw a group of books labelled, 'Thrills, Excitement, Mystery and Enjoyment — True Ghost Stories'. The very sight of those covetable books sent me into a fever of excitement. However, I managed to get them from my cautious friend only after convincing her that ghost stories have no effect whatever on my mind and that I was more courageous than an average person of my age. Anyhow she told me never to read the books at night or the last thing before going to bed. I made all the false promises that I could and hurried back home with my prized possessions.

I remember how I even forgot my meal times (a thing which rarely happens to me!!) as I was so immersed in the stories. Some of the stories were so fantastic and strange that I would hardly believe them; for example I read about a person who spent a night in a supposed-to-be haunted ancient mansion and how he suddenly awoke in the middle of the night to find blood on his shirt and on investigating he found that the cat which was asleep near him had made a wound on his side and was sucking blood from the wound. Some other stories were more blood-curdling ones. There was one about a tall, dark stranger appearing every night on the terrace of an old unused house and constantly looking at his wrist as if he was impatiently waiting for somebody's arrival (perhaps his sweetheart?) It was about 10 P. M. then I still did not feel like going to bed or putting down the book. I smiled inwardly at my friend's weakness in warning me about nightmares and such like. I was absolutely sure that I had a much stronger mind than my friend's or for that matter stronger than anybody's. However at 10.30 my mother's constant tauntings and my drooping eyes forced me to switch off my bedroom light. And then began the fun! I was so sleepy that I even forgot to draw down the mosquito net (mosquitoes are really bad at my place).

My room is a most wonderful room; wonderful in the sense that there is no law or order whatever prevailing in it. Books of all sizes and shapes can be seen strewn over the whole place (mostly ghost story books of course!). In fact if anybody sees my room in the dark the person might mistake my room for a ghosts' haven. I remember distinctly how as it was summer time. I had kept one of my windows open. [The ground outside my room is likewise filled with every conceivable variety of plants and trees and according to my theory as plants exhale more carbon dioxide at night the weather might get hot and humid at night.] Anyway I must have fallen asleep the moment my head touched the pillow. The truth was that my mind was not as strong as I supposed and the ghost stories I had read must have been working strongly on my sub-conscious mind, for suddenly I awoke feeling strange as if .e was some super-natural presence in my room. I tried to summon up all my highly-boasted-about courage and survey my precious domain bravely. But all that I could manage to do was to open my eyes slightly, take a glance at the open window and then shut them up again tightly. For, when I had glanced at the open window I had definitely seen a dark shape near the window and I was terrified! I wanted to scream! but no sound came from my parched throat. My heart was hammering inside me and my body felt rigid and weak. I felt that if at least I had let down the mosquito net it would have provided me with some sort of protection against the horrifying weird shape near my open window. In fact at that moment my nerves were almost at breaking point. I was close to hysterics. In my state I imagined all sorts of unearthly creatures and monsters closing in

around me in a deathly embrace. I preferred to die an immediate death rather than bear that agonising living nightmare. I tried to pray hard but my mind just failed to work. I opened my eyes once again and all I remember after that was I used all my might and gave a piercing scream. For on opening my eyes I had distinctly seen two shining eyes staring calmly at me.

I was shivering from head to foot and all my boasted-about courage was brought to nought. My mother hurried into my room and only when the room was flooded with lighf did I give a sigh of relief. And then my eyes instinctively turned to the window expecting to find some strange, weird figure there. But to my utter astonishment and embarassment the family cat was lying there calmly licking her coat and staring at me with those melancholy eyes of hers. I really cannot explain what an idiot I felt myself to be. I thought what a fool I was that a simple harmless cat could scare me to death when I had grandly boasted that my mind was stronger than average and that I was extremely courageous by nature. This experience ofcourse did not put me off ghost stories but I was definitely resolved not to read ghost stories at nighf or to boast too much about my inborn courage and strength of mind.

# കഥയല്ല, ഒരാത്മാലാപം

ശ്രീ

പിന്നീട് —
ഒരു ജഡചേതനയുടെ ഉഷ്ണക്കാറ്റ്,
അനേകം സന്ധികളുള്ള കമുകിൻതലപ്പുകളിൽ
ഉച്ചമയങ്ങുന്ന ഉഗ്രവെയിലിനെത്തഴുകി
മറ്റൊരു യാഗാശ്വത്തിന്റെ കരുത്തുള്ള കുളമ്പടികളെ
കാതോർത്തു തരിക്കുന്ന പൊടിമണൽ പറത്തി
അനേകം ജന്മങ്ങളുടെ ഓർമ്മകൾ മരിച്ച
കമുകിൻ തോപ്പിലൂടെ,
തിരിച്ചുവരാത്ത ജന്മങ്ങളെപ്പഴിക്കുന്ന പാതയിലൂടെ
— വീശിക്കൊണ്ടിരുന്നു

ഉഗ്രസൂര്യന്റെ രശ്മിത്തുമ്പുകളിൽ കോടി സൂര്യന്മാരുടെ
ജ്വലനം, ഭൂമിയിൽ താപത്തിന്റെ
ഉറവകൾ തുറക്കുമ്പോൾ,
ഉച്ചമയങ്ങിയ, മയക്കത്തിന്റെ ആസക്തി
ഉഷ്ണക്കാറ്റിൽ വിങ്ങുന്നു.

ആയിരം കോടി സൂര്യന്മാർ തലയ്ക്കുള്ളിൽ ജ്വലിക്കുന്നു . . .

— സമുദ്രമില്ല!

[ . . . . കോടി സൂര്യന്മാരെ വിഴുങ്ങുന്ന സമുദ്രമില്ല . . . . ! ]

എന്നിട്ടും —
രക്ഷപ്പെടാനുള്ള വ്യഗ്രതമാത്രം
വ്യഗ്രത – വെമ്പൽ – മാത്രം!

ഗുഹാമുഖങ്ങൾ മുമ്പിലും പിമ്പിലും,
പിന്നീട് പാർശ്വങ്ങളിലും ബാക്കി നിന്നു.

അപൂർണ്ണമനുഷ്യന്റെ അവ്യക്തരോദനങ്ങൾ
മരണത്തിന്റെ മുഖാരവംപോലെ
ഗുഹകൾക്കുള്ളിൽ മുഴങ്ങിനിന്നു . . . .

വഴിയില്ലാത്ത വഴികൾമാത്രമുള്ള
പ്രയാണത്തിന്റെ സന്നിദ്ധതയിൽ
— ഞാൻ നില്ക്കുന്നു . . . .

പണ്ടൊരുയുഗത്തിൽ —
ആടിന്റെ മുലകളിൽനിന്നു്
രക്തം കറന്നെടുക്കുന്ന
ഒരു മുത്തശ്ശിയുണ്ടായിരുന്നു . . . .
മുത്തശ്ശിയുടെ വിളറിയ മുഖത്തെ
ചുളിവുകളിലൂടെ, വിള്ളലുകളിലൂടെ,
കാലം കുലംകുത്തിയൊഴുകി,
— ഒരവ്യക്തരാഗംപോലെ!

[വെറ്റിലക്കറപിടിച്ച് ദുർഗ്ഗന്ധംവമിക്കുന്ന വായയുമായി മുത്തശ്ശി, വീടുകളിൽ കയറിയിറങ്ങി ഏഷണികൾ അഴിച്ചുവിട്ടു . . . .]

"മുത്തശ്ശീ! നിക്കൊരു കഥ പറഞ്ഞുതാ!"
— ഇരുട്ടിൽ, അവ്യക്തതയിൽ
ഉറക്കം കൊതിക്കുന്ന കുട്ടി!

"മുത്തശ്ശീടെ തങ്കക്കുട്ടി! വിദർഭരാജ്യത്തെ രാജകുമാരിടെ കരച്ചിൽ മാറ്റാൻ, ആടിന്റെ മുലകളിൽനിന്നു ചോര കവർന്നെടുത്ത കഥ പറയട്ടെ . . . . !"

ദുഃഖം തളർന്നുറങ്ങിയ കുട്ടിയുടെ മുഖത്ത്, ഭയത്തിന്റെ രക്തരേഖകൾ —

"വേണ്ട . . . . വേണ്ട മുത്തശ്ശീ! മുത്തശ്ശിയെനിക്കൊരു പാട്ടുപാടിത്തന്നാൽ മതി . . . ."

പാട്ടു പാടാനറിയാത്ത മുത്തശ്ശി മിണ്ടാതിരുന്നു
പാവം കുട്ടി!
— കഥയറിയാതെ, പാട്ടുകേൾക്കാതെ കുട്ടി ഉറങ്ങി . . .

# മാധവിക്കുട്ടിയുടെ കഥകൾ

എ. പി. നളിനൻ, III B. A.

ചെറിയ ചിമ്മിനിവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ, ഇടനാഴികയിൽ പ്രേതങ്ങളുമൊത്തുകഴിയുന്ന; മരിച്ചുപോയ തന്റെ അമ്മൂമ്മയും അമ്മയുമൊക്കെ ഒരു മുകളിൽ വന്നിരുന്ന് കൂമന്മാരെപ്പോലെ മൂളുന്നതു കേൾക്കുമ്പോൾ,

"ഇയ്ക്ക് പേട്യാന്നുല്ല്യ, ഇയ്ക്ക് ആരേം പേടില്യ!" എന്ന്, സൂര്യനെപ്പോലെ അവൾക്കു തോന്നിയ പൊട്ടിയ വളകഷ്ണങ്ങളുടെ വൃത്തത്തിൽ നോക്കി ധൈര്യത്തോടെ പറഞ്ഞ —

അടിച്ചുവാരുമ്പോൾ കിലുങ്ങിയ കുപ്പിവളകളോട്, "ശെരിയാ, നിങ്ങള് പറഞ്ഞതാ ശെരി! ഓണത്തിന് ചോന്ന ബ്ലൗസാ ഇയ്ക്ക് വേണ്ട്, ചോപ്പാ ഇയ്ക്ക് ചേച്ച്...." എന്നു തുറന്നുസമ്മതിച്ച "ചുവന്ന പാവാട" യിലെ രാധയേയാണ് ഞാൻ ആദ്യം പരിചയപ്പെട്ടതു്.

ദൈവങ്ങളിലെ നാണി; തൊഴുത്തിനു പിമ്പിൽ, ചുവന്നമണ്ണിൽ കുനിഞ്ഞിരുന്നു ഛർദ്ദിക്കുന്ന നാണി – മുറിയുടെ ഒരു മൂലയിൽ മങ്ങിയ ഇരുട്ടിൽ ബ്ലൗസിടാതെ നിന്ന നാണി.... ആ കണ്ണുകൾ പൂച്ചക്കണ്ണുകൾപോലെ തിളങ്ങുകയാണെന്ന് കുട്ടിയ്ക്ക് തോന്നി. നാണി ഒരു പൂച്ചയാവുകയാണോ? കരിമ്പുലി....?

— ആരെയും കുറ്റപ്പെടുത്തരുതു് വിമൽ, നമ്മളൊക്കെ മനുഷ്യരല്ലെ!

എന്നു പറയുന്ന "അരുണയുടെ സല്ക്കാര"ത്തിലെ, ബില്ലിന്റെ അമേരിക്കൻ കാറിൽ, ബ്ലൂഫോക്സിലേക്ക് ലാററിൻ മ്യൂസിക് കേൾക്കാൻ പോകുന്ന അരുണേ, നിന്നെ ഞാൻ അറിയാതെ ആരാധിച്ചുപോകുന്നു.

മരണത്തിന്റെ മണവും വഹിച്ച് കിടപ്പുമുറിയിൽ ഒരു തണുപ്പുകാലത്തു് കടന്നുവന്ന തവിട്ടുനിറം കലന്ന്, ഷൂസിട്ട കാലുകൾക്കടിയിൽ കിടന്നു ചതഞ്ഞരഞ്ഞ "പക്ഷിയുടെ മണ"ത്തിലെ പക്ഷിയെ എനിക്കൊരിക്കലും മറക്കാൻ കഴിയില്ല; ജ്വലിക്കുന്ന സൂര്യനു താഴെ നഗ്നയായി കിടക്കുന്ന ഭൂമിയേയും....

"നരിച്ചീറുകൾ പറക്കുമ്പോൾ" എന്ന കഥാസമാഹാരത്തിലെ, വെയിലിൽ കുളിക്കുന്ന വാഴത്തോട്ടവും, പടിഞ്ഞാറെ പാടവും കണ്ണുകളിൽ ഒതുക്കിയ; ചുരുണ്ട തലമുടിയുള്ള തേനിന്റെ നിറമുള്ള മുത്തശ്ശിയുടെ ചെറുപ്പക്കാരനായ വിരുന്നുകാരനെ ഒന്നു പരിചയപ്പെട്ട്,

— ശരിയായിരിക്കാം, മുജ്ജന്മപരിചയംകൊണ്ടാവണം അയാൾക്ക് ഇത്ര അടുപ്പം തോന്നിയതു്....

അമ്മാമനുമായി പണ്ട് സംസാരിച്ച് തെറ്റിപ്പിരിഞ്ഞ ആ കുടുമക്കാരനെപ്പറ്റി പറയുമ്പോൾ മുത്തശ്ശിയുടെ കണ്ണുകൾ പൂവിതളുകൾപോലെ മൃദുലമാവാറുണ്ട്!

ആ കുടുമക്കാരനെ മുത്തശ്ശി ആ ചെറുപ്പക്കാരനിൽ കണ്ടു! അതിഥികൾ വരുമ്പോൾ സാധാരണ പുറത്തെടുക്കാറുള്ള ചുവന്ന പാവാടയണിഞ്ഞു്, മുത്തശ്ശിയുമായി ലോഹ്യംപറഞ്ഞുനിന്ന ചെറുപ്പക്കാരന്റെ മുന്നിൽ ചെന്നിട്ടും തന്നെ ശ്രദ്ധിക്കാതിരുന്ന അയാളോട് കഥാനായികയ്ക്ക് വെറുപ്പായിരുന്നു "ഒരു ബോറൻ! എന്നെ തിരിഞ്ഞു നോക്കിയതുപോലുമില്ല...." അപ്പോൾ —

കയ്യിലെ തുളസിമാലയുടെ മണികൾ അസ്പഷ്ടമായി എണ്ണിക്കൊണ്ട് പടിഞ്ഞാട്ട് നോക്കിയിരുന്ന് മുത്തശ്ശി, ആ ചെറുപ്പക്കാരൻ പറഞ്ഞ വരികൾ ഓർമ്മിക്കുകയായിരുന്നു....

— "അമ്മൂ അയാൾ പറഞ്ഞതെന്താണെന്നോ! എത്രത്തോളം ജീവിച്ചിരിക്കുന്നു, അത്രത്തോളം നാമങ്ങൾ ചൊല്ലാമല്ലൊ; ശരിയായിരിക്കാം, അല്ലേ!"

"വണ്ടിക്കാള" യിലെ, തനിച്ചിട്ടുകൊണ്ട് മദിരാശിയ്ക്ക് തിരിക്കുന്ന ഭാര്യയുടെ മുമ്പിൽ, തന്റെയുള്ളിൽ എലിയെപോലെ കരണ്ടുതിന്നുംകൊണ്ടു ജീവിക്കുന്ന ഏകാന്തതയെ അവളുടെ മുമ്പിൽ പുറത്തെടുത്തുകാട്ടുവാൻ കഴിയാത്ത ആ മനുഷ്യനെ, നാരായണൻകുട്ടിയെ, എത്ര സുന്ദരമായി വരച്ചുകാട്ടുന്നു, മാധവിക്കുട്ടി!

വാതിലിനു മുകളിൽ പിച്ചളക്കൂട്ടിൽ സ്വന്തം അമ്മയുടെ ഛായാപടം നോക്കിയിരുന്നപ്പോൾ നാരായണൻകുട്ടി സ്വയം ചോദിച്ചുപോയി!

— ഇതിനു മാത്രമാണോ അമ്മ ജീവിച്ചതു്? മകന്റെ പരിഷ്കൃതരീതിയിൽ പണികഴിപ്പിച്ച വീടിന്റെ വായനമുറിയിൽ ഒരു പിച്ചളക്കൂട്ടിൽ നിശ്ചലയായി വിശ്രമിക്കുവാൻ?....

ആ ജനവാതിലുകളിൽ സ്വർണ്ണക്കുത്തുകളുള്ള തിരശ്ശീലകൾ തൂങ്ങിയിരുന്നു. ചുമരുകൾ ഇളംപച്ചയായിരുന്നു . . . എന്നിട്ടും അയാളുടെ കണ്ണുകൾക്കുമുമ്പിൽ ഉയർന്നത് ഒരു ഓലപ്പുരയായിരുന്നു. അതിന്റെ ജനലുകളിൽ ചെറിയ മരയഴികൾ ഉണ്ടായിരുന്നു . . . . അതിന്റെ നിലത്തിന് ചാണകത്തിന്റെ മണമുണ്ടായിരുന്നു . . . .

തലമുടി നിറുകയിൽ കെട്ടിവച്ച ഒരു സ്ത്രീ പറയുകയാണ്.

"ഇനി നീ വരുമ്പോഴേക്കും ഞാൻ മരിച്ചിട്ടുണ്ടാകും . . . ."

ചുവന്ന ഞരമ്പുകളുള്ള കണ്ണുകളിൽനിന്ന് വെള്ളത്തുള്ളികൾ അടർന്നുവീഴുകയാണ്, വെററിലക്കറപിടിച്ച ചുണ്ടുകൾ വിറക്കുകയാണ്!

പുരകെട്ടിന്റെ ദിവസം നിലത്തു കൊഴിയുന്ന എട്ടുകാലികൾ, അമ്പലക്കുളത്തിനുചുററും വളർന്നുനില്ക്കുന്ന തെച്ചിപ്പൂക്കൾ, സന്ധ്യാനേരത്ത് നാമം ചൊല്ലിക്കൊണ്ട് പടിക്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്ന അമ്മ, യാഥാർത്ഥ്യങ്ങളെ മറച്ചു തെല്ലിടെ ഒരു കുട്ടിയുടെ ആകാശകോട്ടകൾക്ക് പശ്ചാത്തലംകൊടുത്ത ഇരുണ്ട രാത്രികൾ; എല്ലാം നേർത്തു നേർത്തു ഇല്ലാതാകുകയാണോ . . . .

"ചതുരംഗം" എന്ന കഥ ശ്രദ്ധിക്കൂ!

— ഇനി കാണലുണ്ടാവില്ല, അല്ലെ!

— സത്യംചെയ്യൂ, കാണുമെന്ന് സത്യംചെയ്യൂ!

അപ്പോൾ മറെറാരു സത്യത്തെ ഞാൻ ഓർത്തുപോയി, പണ്ട് എന്റെ മുത്തശ്ശിയെക്കൊണ്ട് മരിക്കില്ല എന്നു ഞാൻ സത്യം ചെയ്യിപ്പിച്ചിരുന്നു. എന്നിട്ടും മുത്തശ്ശിക്ക് വാക്കുപാലിക്കാൻ കഴിഞ്ഞില്ല. ഈ വാക്കും അങ്ങിനെ പാഴായിപോകുമോ?

ചതുരംഗത്തിലെ നായികയുടെ ഈ ചോദ്യത്തിനു മുമ്പിൽ എനിക്കു നടുങ്ങാതിരിക്കാൻ കഴിയില്ല, നിങ്ങൾക്കും!

ഞാൻ കുപ്പി അലമാരിയിൽത്തന്നെ വെച്ച് കണ്ണാടിയുടെ മുന്നിൽചെന്നു നില്ക്കുന്നു.

"അചലാ, പാവപ്പെട്ട വിഡ്ഢി" ഞാൻ എന്നോടു തന്നെ പറയുന്നു; "ഇനിമുതൽ നിന്റെ കണ്ണുകളിൽ നിന്റെ മുഖംമാത്രമെ ഉണ്ടാവുകയുള്ളു, നിന്റെ കാതുകളിൽ നിന്റെ സ്വരവും . . . . ഈ ഏകാന്തതയോടാവട്ടെ. ഇനിയത്തെ നിന്റെ അനുരാഗം . . . ."

സൗമ്യമൂർത്തിയിൽ അലിഞ്ഞുചേരാനാഗ്രഹിച്ചുപോയി അചലാ; അവൾ അയാളെ ആശ്ലേഷിച്ചപ്പോഴും അയാൾ ആശ്ചര്യം പ്രകടിപ്പിച്ചില്ല; പക്ഷെ കലങ്ങിയ സ്വരത്തിൽ പറഞ്ഞു.

— നിന്റെ അച്ഛനാവാൻ പ്രായമുള്ളവനാണ് ഞാൻ, അചലാ, അതു നിനക്കറിയാമല്ലൊ!

ആ നിമിഷത്തിൽ എന്റെ ആത്മാവ് അസംഖ്യം ഭാഗങ്ങളായി മുറിഞ്ഞു വേർതിരിഞ്ഞു. എനിക്ക് ആ നിമിഷത്തിൽ അദ്ദേഹത്തെ കീഴടക്കാമായിരുന്നു . . . . ശാരീരികമായ കീഴടക്കൽ, പക്ഷെ ചെയ്തില്ല . . . .

സ്നേഹത്തിൽപ്പെട്ട ഒരു സ്ത്രീക്ക് തന്നെ കാമുകൻ അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഒരു ഭാഗംകൊണ്ട് സ്മരിച്ചാൽ തൃപ്തിയാവില്ല. അവൾക്ക് അദ്ദേഹത്തിൽ ഒരർബ്ബുദംപോലെ വളരണം; അകത്ത് വേദനയും ബോധവും നിറയ്ക്കാൻ . . . . അതാണ് സ്നേഹത്തിന്റെ പ്രത്യേകമായ ക്രൂരത.!

"പത്മാവതി എന്ന വേശ്യ" യിലൂടെ ഒരത്ഭുതചിത്രംതന്നെയാണ് മാധവിക്കുട്ടി നമ്മുടെ മുമ്പിൽ വെയ്ക്കുന്നത്!

ക്ഷേത്രത്തിൽ ദേവനെ കാണാൻ, എത്രയോപേർ ജലക്രീഡനടത്തിയ, മുങ്ങിക്കുളിച്ച സ്വന്തംശരീരംമാത്രം കാഴ്ചവെക്കാനാഗ്രഹിച്ചുകൊണ്ട് പത്മാവതി ക്ഷേത്രനടയ്ക്കലെത്തുന്നു . . . .

"കുറച്ചുനേരത്തേയ്ക്കു മാത്രമല്ല, ഞാൻ എന്നന്നേക്കും നിന്റേതാകുകയാണ്" ഈശ്വരൻ അവളുടെ അപേക്ഷ സ്വീകരിച്ചു. "നിന്റേതായിതീരുന്നതുകൊണ്ട് കൂടുതൽ ഞാൻ എന്റെ സ്വന്തമായിത്തീരുന്നു. കാരണം, നീയും നിന്റെ സർവ്വവും എന്റേതാണല്ലോ! . . . ."

അവൾ ആ ക്ഷേത്രംവിട്ടു പുറത്തിറങ്ങിയപ്പോൾ ആകാശം വെളുത്തിരുന്നു. ഉറക്കച്ചടവുള്ള മുഖവും കീറിപ്പോയ വസ്ത്രങ്ങൾ വെളിപ്പെടുത്തിയ ഉയർന്ന മാറിടവും കാൽവണ്ണകളും വഴിവക്കത്ത് അലസരായിരുന്ന ചെറുപ്പക്കാർ കാണാതിരുന്നില്ല. പക്ഷെ, അവർ അവളെ മുമ്പ് ക്ഷേത്രദർശനത്തിന് പോകുമ്പോൾ ചെയ്തതുപോലെ തടഞ്ഞുനിർത്തിയില്ല; പകരം, "അമ്മേ, ഞങ്ങളെ അനുഗ്രഹിക്കണം" എന്നു പറയുവാൻ മാത്രം അവർക്കു തോന്നി!

"മഞ്ഞിൽ" വാർദ്ധക്യത്തിന്റെ തണുപ്പ് തികച്ചും നമുക്ക് അനുഭവപ്പെടും!

മഞ്ഞിൻപടലങ്ങൾ ഊളിയിട്ടുനടക്കുന്ന തെരുവിൽ, ഗിററാറിന്റെ തേങ്ങലുകൾക്കൊത്ത് ഗായകൻ പാടുന്നതു കേട്ടപ്പോൾ അവൾക്ക് വരാന്തയിലേക്ക് പോകാൻ ധൃതിയായി.

അയാൾ പാടി; "എന്നെ രക്ഷിക്കണേ, ഞാൻ സ്നേഹത്തിൽച്ചെന്നു വീഴുകയാണ് . . . . ഇതിന്റെ അവസാനം എന്തായിരിക്കും; ഈ സ്നേഹത്തിന്റെ അവസാനം?"

വൃദ്ധനായ അവളുടെ ഭർത്താവ് അവളെ വിലക്കുന്നു.

— ഇന്ന് മഞ്ഞുണ്ട്, മഞ്ഞുതട്ടിയാൽ നിനക്കു ചുമ തുടങ്ങും . . . . അയാൾ അവളെ അകത്തുകൊണ്ടുപോയി ഗ്രാമഫോൺഗീതങ്ങൾ കേൾപ്പിച്ചു . . . .

അവൾക്കു മടുത്തു!

— ഞാൻ നിങ്ങളെ കൊല്ലും!

അവരം അലറുമ്പോഴും തെരുവിൽ ഗായകൻ പാടുക യായിരുന്നു . . . . ''ഞാൻ സ്നേഹത്തിൽ ചെന്നു വീഴുക യാണേ; എന്നെ രക്ഷിക്കണേ . . . .''

അരുണാചലത്തിനോടെനിക്കു് ബഹുമാനമാണു്. ''അരുണാചലത്തിൻെറ കഥ'' പറയുന്ന മാധവിക്കുട്ടി യോടു് ആരാധനയാണു് —

മരിക്കുന്നതിനു് ഏതാനും നിമിഷങ്ങൾക്കു് മുമ്പ്, അങ്ങിനെയൊന്നു് സംഭവിക്കാനിടയുണ്ടെന്നു് മനസ്സി ലായപ്പോൾ ശ്രീ അരുണാചലത്തിനു് മറെറല്ലാ വികാര ങ്ങൾക്കുമുപരിയായി ഒരു ലജ്ജയാണു് അനുഭവപ്പെട്ടതു്.

''നിങ്ങളെ ഞാൻ സ്നേഹിക്കുന്നു . . . . ഓ, എത്രയോ കഠിനമായി സ്നേഹിക്കുന്നു . . . .'' എന്നു പറഞ്ഞു കരഞ്ഞ സെക്രട്ടറി മിസ്റോയിയെ തള്ളിമാററുമ്പോൾ, അയാൾ ക്കു് അവളോടു് കടുത്ത വെറുപ്പായിരുന്നു.

മരിക്കുന്നതിനു് ഒരുനിമിഷംമുമ്പ് അരുണാചലം അപർണ്ണറോയ്യെന്ന ചെറുപ്പക്കാരിയുടെ മനോഹരമായ ശരീരത്തെപ്പററിയും അപൂർണ്ണമായ ആ ആശ്ലേഷത്തെ പ്പററിയും ഓർത്തു.

അടുത്തു് ചാമ്പലാകാൻപോകുന്ന, ആ ശരീരത്തി നോടു് അയാൾക്കു് അപ്പോൾ കലശലായ അനുകമ്പ യാണു് തോന്നിയതു്.

മാധവിക്കുട്ടിയുടെ ആത്മാവിനെക്കുറിച്ചുള്ള സങ്കല്പം ഈ കഥയിൽ നമുക്കു് ലഭ്യം,

— ഉള്ളിലേയ്ക്കെടുത്ത ശ്വാസം തൻെറയുള്ളിൽ കര ടെന്നപോലെ ഇളകിക്കളിക്കുന്നു എന്നു തോന്നി. ആ വായു വാണോ, വായിൽക്കൊള്ളാവുന്ന ആ ഒരുപിടി വായു വാണോ, തൻെറ തൊണ്ടയിൽ തടഞ്ഞു് ഗുലുമാലുണ്ടാക്കി ക്കൊണ്ടിരിക്കുന്നതു്! ഒരുപക്ഷെ ഈ ലോകത്തിൽവെച്ച് ആദ്യം ശ്വസിക്കുന്ന വായുവായിരിക്കാം ആത്മാവെന്നു് പറയപ്പെടുന്ന വസ്തു. ആത്മാവെന്നു് പറയപ്പെടുന്ന വസ്തു പുറത്തേക്കു് ഉഛ്വസിക്കപ്പെടുമ്പോൾ, ആലോചനകൾ കൂടി അവസാനിക്കും. പിന്നെ ഒന്നുമില്ല, ഈ ഏകാന്തത പോലും . . . . !

''പ്രഭാതത്തിൻെറ രഹസ്യം'' തീച്ചയായും വായന ക്കാരെ നടുക്കും. ഊമയും മണ്ടിയുമായ ആ പെൺകുട്ടി യുടെ നനഞ്ഞ അധരങ്ങളെ ചുംബിയ്ക്കാൻ, കൈകാലുകൾ ഞെരിച്ച വേദനിപ്പിക്കാൻ അയാൾ ആഗ്രഹിച്ചു.

ഒരു പ്രഭാതത്തിൽ ഏകയായി അവൾ നടക്കാ നിറങ്ങിയപ്പോൾ അയാളും പിന്തുടന്നു. അവൾ പിന്തു ടരാൻ ആവശ്യപ്പെട്ടു. തേടിയ നിമിഷം . . . .

കുന്നിൻശിഖരത്തിലെത്തിയപ്പോൾ അവൾ നിന്നു. അയാൾ അവളെ മാറോടണച്ചു ചുംബിച്ചു. അവൾ അയാളെ തട്ടിമാററി.

''പിന്നെ എന്തുദ്ദേശിച്ചാണു് എന്നെ നീ വിളിച്ചു കൊണ്ടുവന്നതു്?''

അവൾ അവളുടെ കാൽമുട്ടിൽ, എത്രയോ വാരകൾ ക്കപ്പുറത്തു് മലഞ്ചരിവിലെ മഞ്ഞിൽനിന്നു് ഉദിച്ചുപൊ ങ്ങുന്ന സൂര്യനെ അയാൾക്കു കാട്ടിക്കൊടുത്തു.

''സൂര്യൻ!'' അയാൾ പറഞ്ഞു. അവൾ പുഞ്ചിരിച്ചു കൊണ്ടു് തല കുലുക്കി. അയാൾ വാത്സല്യത്തോടെ അവ ളുടെ കയ്യെടുത്തുകൊണ്ടു് പറഞ്ഞു;

''വരൂ അനുജത്തി, ഇനി നമുക്കു് ഹോട്ടലിലേക്കു് മടങ്ങാം, നിൻെറ അമ്മ നിന്നെ കാത്തിരിക്കുന്നു ണ്ടാവും . . . .'' ഇപ്പോൾ ''പ്രഭാതത്തിൻെറ രഹസ്യം'' നിങ്ങൾക്കും മനസ്സിലായില്ലേ?

'565-ാം മുറിയിലെ രോഗിണി' മാധവിക്കുട്ടിതന്നെ യാണു്. സന്ദർശകരെ നിരോധിച്ചിരിക്കുന്നു എന്ന ബോർ ഡിനു താഴെ വാതിൽക്കൽവന്നു് തൻെറ കോഴിക്കഴുത്തു് നീട്ടി വാതിൽതുറന്നെത്തിനോക്കുന്ന മരണത്തിൻെറ ഉച്ഛ്വാ സത്തിനു് ഒരു തെരുവുതെണ്ടിയായ നായയുടെ മണമായി രുന്നു!

— നേരാണു്, കുട്ടിയ്ക്കു് എന്നെ കണ്ടാൽ പേടി യാവും ഇപ്പോൾ ഞാൻ പണ്ടത്തെ ആളല്ലല്ലോ! അവനെ കൊണ്ടുവരണ്ട!

എന്നു് നഗ്നസുന്ദരികളുടെ ചിത്രങ്ങളുള്ള അമേരി ക്കൻവാരിക മറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന, അശ്രദ്ധ നായ ഭർത്താവിനോടു് 565-ാംനമ്പർ മുറിയിലെ രോഗിണി പറയുമ്പോൾ, എന്താണെന്നറിയില്ല, എനിക്കവരോടു് സഹതാപം തോന്നിപ്പോകുന്നു.

എൻെറ മനസ്സിൽ നല്ലപോലെ പതിഞ്ഞ, മാധവി ക്കുട്ടിയുടെ മറെറാരു കഥാപാത്രമാണു് ''വളകൾ'' എന്ന കഥയിലെ വേലക്കാരിപ്പെണ്ണു്!

എങ്ങുനിന്നോ വന്ന ജോനാകനായ വളക്കാരൻ.

— വളവേണ്ടെ കുട്ട്യേ!

അവരുടെ കണ്ണുകൾ ക്ലട്ടിമുട്ടി. അവയ്ക്കു് വേർപെടു വാൻ കുറെ നേരത്തേക്കു് കഴിഞ്ഞില്ല.

— ഇൻെറ കയ്യില്ലു് കാശില്യ!

— കാശിൻെറ കാര്യം ഇവിടെ ആരെങ്കിലും പറഞ്ഞോ?

''ദേവക്യേയ്, അകത്തെയ്ക്കു് പൊയ്ക്കോളൊ . . . .'' വെപ്പുകാരൻ ശാസിച്ചു.

— കൈനീട്ടിൻ കുട്ട്യേ!

— ഇൻെറ കൈയില്ലു് കാശില്യ; അവൾ വീണ്ടും മന്ത്രിച്ചു. പക്ഷെ തൻെറ കൊഴുത്ത, നേർത്ത രോമങ്ങളുള്ള കൈകൾ അവൾ അയാളുടെ നേക്കു നീട്ടി . . . .

''ഞാൻ പോട്ടെ . . . .''

വളകളണിയിച്ചു്, ആ വളക്കാരൻ പാടത്തിൻെറ വക്കത്തുകൂടി നടന്നു് ഒടുവിൽ റോഡിലേക്കു് തിരിഞ്ഞു് തീരെ അപ്രത്യക്ഷനായപ്പോൾ ദേവകി തൻെറ മണ്ടിൻെറ

കോന്തലകൊണ്ട് കണ്ണുകൾ തുടച്ചു. അവളുടെ വളകിലുക്കം കേട്ടപ്പോൾ അടുക്കളയിൽനിന്ന് വെപ്പുകാരൻ വിളിച്ചുചോദിച്ചു.

“കൊറച്ചു നാണം വേണ്ടേ, ദേവക്യേ; പെങ്കുട്ട്യോളായാൽ . . . . ?”

അവൾ തന്റെ മുഖം കൈകൾകൊണ്ട് മറച്ച് ഒരു തേങ്ങൽകലർന്ന സ്വരത്തിൽ യാചിച്ചു.

“ഇയ്ക്ക് ഇത്തിരി സൊയിരം തര്വോ?”

ആ ചോദ്യം ഇപ്പോഴും എന്റെ മനസ്സിൽ മുഴങ്ങുന്നു, ആ ആത്മാലാപം എന്റെ കണ്ണുകൾ നനയിക്കുന്നു . . . .

മാധവിക്കുട്ടിയുടെ ജീവിതവീക്ഷണത്തിന്റെ ഒരു തികഞ്ഞ ചിത്രം “ഘനശ്യാം” എന്ന അടുത്തകാലത്തു വന്ന കഥയിൽനിന്നു നമുക്കു കിട്ടുന്നു.

— എന്റെ പൂജാവിളക്കിന്റെ നാളം തന്നിൽ എന്റെ ഭാവിയെ തടങ്ങലിലിട്ടിരിക്കുന്നു. അതു മരണത്തിന്റെ ഒററക്കണ്ണാണ്. സത്യത്തിന്റെ സ്ഥിരദൃഷ്ടിയാണ്. ജീവിതം വെള്ളവും, ശുക്ലവും ചോരയുമാണ്. മരണം വരൾച്ചയാണ്, മരണം ശവപ്പുരയുടെ പിന്നിൽ നില്ക്കുന്ന ബന്ധുവിന്റെ ആദ്യത്തെ തേങ്ങലാണ് . . . .

രണ്ടു ഉണങ്ങിയ ചുള്ളിക്കൊമ്പുകൾ കൂട്ടിയുരച്ച് അഗ്നിയുണ്ടാക്കുന്നതുപോലെ ഞങ്ങളുടെ ശരീരങ്ങൾ ഒരു പുതിയ ജീവനെ ജനിപ്പിച്ചു. ഞങ്ങൾ സ്വപ്നാടകരായിരുന്നു . . . .

പ്രേമത്തിന്റെ ശിശിരത്തിൽ ഒരു പക്ഷിയെപ്പോലെ ഞാൻ ഉഷ്ണമേഖലയിലേക്ക് പറന്നുരക്ഷപ്പെട്ടു. മരുഭൂമിയിലെ വെയിലിൽ കിടന്നു വെളുത്തു വിള്ളുന്ന അസ്ഥികൾ പോലെയായിരുന്നു എന്റെ ഏകാന്തത . . . .

ആത്മാവിന്റെ വേരുകൾ ശരീരത്തിലേക്ക് ഇറങ്ങിവന്നു വളരുന്നുവെന്ന് വിശ്വസിക്കുന്ന “തണുപ്പിലെ” ഇന്ദ്രജിത്ത് എം. ടിയുടെ “മഞ്ഞിലെ” സർദാർജിയെപോലെ, ഒരു അത്ഭുത സൃഷ്ടിയാണ്.

അവളെ ചുംബിച്ചുകൊണ്ട് “നമുക്ക് സ്നേഹം വേണ്ട . . . . ഇതൊക്കെ മതി . . . . ഓമനേ!” എന്ന് പറയുന്ന ഇന്ദ്രജിത്ത്!

താൻ തന്നെ ഒരു ഭയങ്കര തെററാണെന്ന് വിശ്വസിക്കുന്ന, ചുളിവീണ മുഖമുള്ള ഭർത്താവിനെ എയർപോർട്ടിൽ ചെന്ന് യാത്രയാക്കി, വലിയ പാറച്ചിറകുകൾപോലെ രണ്ടു വശത്തേക്കും വളർന്നുനില്ക്കുന്ന രോമങ്ങളുള്ള ഇന്ദ്രജിത്തിന്റെ നെഞ്ചത്ത് മുഖം മറപ്പിച്ചുവെയ്ക്കാൻ, മരണത്തെ, സ്നേഹത്തെ എല്ലാം അങ്ങനെ ഒരു നിമിഷം മറക്കാൻ കൊതിക്കുന്ന, രക്തം ഒഴുകിയൊഴുകിത്തീരുന്നതുപോലെ, മരണംവന്നെത്തുന്നതുപോലെ, അവരുടെ സന്ധ്യയുടെ അവസാനവും വന്നെത്തുന്നതും കാത്തുനില്ക്കുന്ന ‘തണുപ്പി’ലെ കഥാനായിക, മാധവിക്കുട്ടിയുടെതന്നെ മറെറാരു ചിത്രമാണ്.

‘കാമഭ്രാന്ത്’’ എന്ന കഥ, സമുദായം മനുഷ്യന് നല്കിയ അർത്ഥശൂന്യമായ പരിവേഷങ്ങളെ തുറന്നു കാട്ടുന്നു. സത്യത്തിന്റെ നിറം മനസ്സിലാക്കാൻ കഴിയാത്ത നാട്ടുകാരുടെ, “ഓള്ക്ക് കാമഭ്രാന്താ, ഇയ്ക്ക് അതു നല്ലോണറിയാം . . . .” എന്നു പശുക്കളെ നോക്കാൻ നിന്നിരുന്ന മുരട്ടുകിഴവൻ പറഞ്ഞാൽ കണ്ണുമടച്ച് അതു വിശ്വസിക്കുന്ന, പൊതുജനമെന്ന കൊമ്പുള്ള കഴുതകളെ മാധവിക്കുട്ടി പരിഹാസത്തിന്റെ ചായം മുക്കി അവതരിപ്പിക്കുന്നു.

മാധവിക്കുട്ടിയുടെ ‘വേലായുധന്റെ ഭാര്യ’യിലെ കുട്ടിപ്പെണ്ണ് എന്റെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നു, ഒരിക്കലും മായാത്ത ഒരു മഴവില്ലുപോലെ!

“കല്യാണം കഴിയ്ക്കാനൊന്നും പോണ്ട, പിന്നെ ഇരിക്കാനും കെടക്കാനും തൊയിരം തരില്ല്യ . . . .” എന്ന് മുന്നറിയിപ്പുനല്കുന്ന കുട്ടിപ്പെണ്ണ്!

കുട്ടിപ്പെണ്ണിനു കല്യാണമടുത്തു. ഭർത്താവ് വേലായുധൻ അവൾക്കൊരു പേടിസ്വപ്നം. എന്താണ് കാരണമെന്ന് അവൾക്കുതന്നെ അറിയില്ല. അയാൾ വിളിച്ചാൽ അവൾ വിളികേൾക്കില്ല, രാത്രിയായാൽ പായേല് കിടക്കാൻ കൂട്ടാക്കില്ല, ചോദിക്കുന്നതിനൊന്നും ഉത്തരം പറയില്ല . . . .

“ഇന്റെ മോളെ, നെന്നെ ഞാൻ തല്ല്വോ? നീയെന്തൊരു മണ്ടിപ്പെണ്ണാ, നിന്നെ ഇജ്ജന്മം ഞാൻ തല്ല്വോ?”

മുഖം മറച്ച് തേങ്ങുന്ന കുട്ടിപ്പെണ്ണിന്റെ കുപ്പിവളകൾ കിലുങ്ങുന്ന കൈകൾ പിടിച്ചു പറയുന്ന, തന്നെക്കാൾ വളരെ ഇളം പ്രായക്കാരിയായ കുട്ടിപ്പെണ്ണിന്റെ മെയ്യുകണ്ട് മോഹിച്ച് കെട്ടിയ; “ഈ പെണ്ണ് ഇങ്ങനത്തെ പെണ്ണാണെന്ന് അറിഞ്ഞേർന്നെങ്കിൽ ഞാനിജ്ജന്മം ഓളെ കല്യാണംകഴിക്കേർന്നില്ല്യ!” എന്നു പശ്ചാത്തപിക്കുന്ന വേലായുധന്മാരും, കല്യാണംമടുക്കുന്ന കുട്ടിപ്പെണ്ണുങ്ങളും യാഥാർത്ഥ്യങ്ങളാണ്!

ഒരമേരിക്കക്കാരന്റെ ഭാര്യയായി അഞ്ചുവർഷം കഴിഞ്ഞ്, അയാളെ ഉപേക്ഷിച്ച് സ്വന്തം ഭർത്താവിന്റെ അടുത്തേക്കു തിരിച്ചുവരുന്ന സ്ത്രീ —

ഭർത്താവ് അവളെ സ്വീകരിക്കുന്നു.

“ഉണ്ണീ, ഒന്നും ചോദിയ്ക്കാനില്ലേ? ഞാൻ അമേരിക്കയിൽ എങ്ങിനെയുള്ള ജീവിതമാണു നയിച്ചതെന്ന് നിങ്ങൾക്കറിയേണ്ടേ, നിങ്ങൾക്കു തീരെ ജിജ്ഞാസയില്ലേ?” “ഇല്ല” അയാൾ പറയുന്നു. “എനിക്ക് ഒന്നും ചോദിക്കാനില്ല. കുറെ കൊല്ലങ്ങൾക്കുശേഷം ഞാൻ അഥവാ ചോദിച്ചാൽതന്നെയും നീ എന്നോടു പറയുകയുമരുത്, മനസ്സിലായോ, . . . .”

ആ ഭർത്താവ് ഒരു പെൺകോന്തനാണെന്ന്, നട്ടെല്ലില്ലാത്തവനാണെന്ന്, നിങ്ങൾ പറയുമായിരിക്കും. മാധവിക്കുട്ടിയൊരിക്കലും അങ്ങിനെ വിശ്വസിക്കുന്നില്ല; ഞാനും

— അതാണ് യഥാർത്ഥ പുരുഷൻ!

“അകത്ത് നട്ടുവളർത്തിയ ചെടിയെപ്പോലെ, അവളുടെ ഉള്ളിൽ വളർന്നുനിന്ന ഏകാന്തത പൂവിട്ടുകായ്ച്ച രാത്രികളിൽ അന്യോന്യം മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് ജീവിതത്തിൽ പരാജയപ്പെടുന്ന മനുഷ്യജീവികൾ വീടുകളിലും തെരുവുകളിലുംമററും കിടന്നുറങ്ങുമ്പോൾ, അല്ലെങ്കിൽ ദയനീയമായ ചില്ലറ സുഖങ്ങൾക്കുവേണ്ടി, അന്യോന്യം ഉപയോഗപ്പെടുത്തുമ്പോൾ, അവൾ തന്റെ കിടക്കയിൽ കിടന്നു സ്വയം പരിശോധിക്കും. പക്ഷഭേദമില്ലാത്തതും, അല്പം ക്രൂരതകലർന്നതുമായ അവളുടെ മനസ്സ് ആ ശരീരത്തിൽനിന്നുയർന്ന് അവളുടെ ഭാഗ്യംകെട്ട ഹൃദയത്തിലേക്ക് നോക്കും; നനവില്ലാത്ത, പശിമയില്ലാത്ത, തീരെ ഫലപുഷ്ടിയില്ലാത്ത, ഒരു തരിശുനിലം പോലെ അവിടം നഗ്നമായിരിക്കും . . . .”

“തരിശുനിലം” എന്ന കഥയിലെ ഈ വരികൾ നമ്മുടെ മനസ്സിലും ഒരുതരം ശൂന്യതയും, ഏകാന്തതയും, അസ്വസ്ഥതയുമൊക്കെ വിരിയിക്കുന്നു.

— എന്റെ ചുണ്ടുകൾക്കു കീഴടങ്ങി ശാന്തമായി അദ്ദേഹത്തിന്റെ ചുണ്ടുകൾ വിശ്രമിച്ചപ്പോഴും, ഞാൻ ആ തിരിഞ്ഞോട്ടത്തിന്റെ കാലൊച്ച കേട്ടു . . . .

എന്നു പറയുന്ന അചലയെപ്പോലെ, ചതുരംഗത്തിലെ നായികയെപ്പോലെ, തകർന്നിടിഞ്ഞ ദാമ്പത്യത്തിന്റെ മതിൽക്കെട്ടുകളിൽ കിടന്നു വീർപ്പുമുട്ടുന്ന നായികമാരെയാണ്, ‘മഞ്ഞി’ലും ‘രവിയുടെ കഥ’യിലും, വേലായുധന്റെ ഭാര്യ’യും, മററു പല കഥകളിലും നാം കാണുന്നതു്.

മാധവിക്കുട്ടിയുടെ പ്രസിദ്ധീകൃതങ്ങളായ നൂറിൽ പരം കഥകളെയെല്ലാം വിലയിരുത്തുവാൻ പരിമിതികൾ എന്നെ അനുവദിക്കുന്നില്ല. മാധവിക്കുട്ടിയുടെ കഥാലോകത്തേക്ക് വെളിച്ചം വീശാൻ ഞാൻ മേലുദ്ധരിച്ച ചിതറിയ ചിത്രങ്ങൾക്കു കഴിയുമെന്നാണ് എന്റെ എളിയ വിശ്വാസം.

ജീവിതത്തിന്റെ അർത്ഥശൂന്യതയുടെ ആഴത്തിൽ മാധവിക്കുട്ടിയോളം മുങ്ങിത്തപ്പിയ ഒരു ചെറുകഥാകൃത്ത് മലയാളത്തിലുണ്ടായിട്ടുണ്ടോ എന്നു് സംശയമാണ്. മരണം, കാമം, ദാമ്പത്യം, അപമാനിക്കപ്പെട്ട സ്ത്രീത്വം, സദാചാരം, ആത്മാവും ശരീരവും, എല്ലാം മാധവിക്കുട്ടിയെ ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ട്.

സദാചാരവും, സമുദായവുമെല്ലാം പൊള്ളയായ സങ്കല്പങ്ങൾ മാത്രമാണെന്നു് ശരിക്കും മനസ്സിലാക്കിയ മാധവിക്കുട്ടി, തന്റെ കഥകളിലൂടെ അതു തുറന്നു കാട്ടുന്നുണ്ട്.

“സ്നേഹിക്കാൻമാത്രമെ മനുഷ്യൻ മടികാണിക്കുന്നുള്ളു എന്നെനിക്കു മനസ്സിലായി . . . .” എന്നു തുറന്നു പറയുന്ന മാധവിക്കുട്ടിയുടെ നായികമാർ.

എം. ടി “കാലത്തി”ലൂടെ പുറത്തുകൊണ്ടുവന്ന ആ സത്യം!,

— ‘സേതു, സേതുനെമാത്രെ സ്നേഹിക്കുന്നുള്ളു എന്ന സത്യം, തന്നെയാണ് മുറുകെ പിടിക്കുന്നതു്.’

‘എനിയ്ക്കെന്നും എന്നെ മാത്രമെ സ്നേഹിക്കാൻ കഴിയൂ, മററുള്ളവരെ ഞാൻ സ്നേഹിക്കുന്നതുതന്നെ ഞാൻ എന്നെ സ്നേഹിക്കുന്നതുകൊണ്ടാണ്.’

എന്ന യാഥാർത്ഥ്യം മാധവിക്കുട്ടി മറച്ചുപിടിക്കുന്നില്ല എന്നതാണ് അവരുടെ വ്യക്തിത്വം.

“തണുപ്പ്” എന്ന കഥാസമാഹാരത്തിൽ “കഥകൾ അന്വേഷിക്കുമ്പോൾ” എന്ന കഥയിൽ മാധവിക്കുട്ടിയുടെ സാഹിത്യത്തോടുള്ള സമീപനം വ്യക്തമായി കാണാം.

— ഞാൻ എത്ര നേരമായി ഈ മേശക്കരികെ ഇരിക്കുന്നു! എന്റെ പേനയുടെ ആലസ്യം എന്നെ അത്ഭുതപ്പെടുത്തുന്നു. എന്റെ മനസ്സും ഒരു തളച്ചുബാധിച്ച പോലെ അടങ്ങികിടന്നു . . . . കഥാപാത്രങ്ങൾ ഇല്ലാതെയല്ല, എഴുതുവാൻ കഥയില്ലാതെയല്ല. പക്ഷെ എനിക്കു് ഉണ്ടായിരുന്ന ആത്മവിശ്വാസം നഷ്ടപ്പെട്ടുതുടങ്ങിയിരിക്കുന്നു . . . . കഥ എഴുതിവരുമ്പോൾ അതു സെൻറിമെൻറലാവുമൊ, അതു തീരെ കനമില്ലാത്തതാകുമോ, എന്നൊക്കെയാണ് എന്റെ ശങ്കകൾ!

— ‘കല്ല്യാണംകഴിയ്ക്കാനൊന്നും പോണ്ട, പിന്നെ ഇരിക്കാനും കെടക്കാനും തൊയിരം തരില്ല്യ! ഇയ്ക്ക് കല്ല്യാണം മടുത്തു . . . . ഇന്റെ ഈശരന്മാരെ ഇയ്ക്ക് ഒരു തൊയിരം കിട്ടുന്നില്ല്യ’. . . .

എന്ന കുട്ടിപ്പെണ്ണിന്റെ അഭിപ്രായം, ദാമ്പത്യത്തെപ്പററിയുള്ള മാധവിയുടെ സ്വന്തം അഭിപ്രായമാണ്.

വിവാഹം കാലിച്ചന്തയിൽവെച്ചു നടക്കുന്ന ഒരിടപാടാണ് എന്നു് മാധവിക്കുട്ടി വിശ്വസിക്കുന്നു. ഭർത്താവിന്റെ ശയ്യാസഖിമാത്രമായ ഭാര്യയ്ക്കു് ദാമ്പത്യം ഒരു വ്യഭിചാരശാലയാണ്!

ദാമ്പത്യത്തിന്റെപോലും അടിസ്ഥാനം ലൈംഗികതൃഷ്ണയും, സങ്കുചിതത്വവും, സ്വാർത്ഥതയുമാണെന്ന സത്യം; ദാമ്പത്യമെന്ന കാളവണ്ടിയുടെ മുന്നിൽ കെട്ടിയ വണ്ടിക്കാളകളാണ് ഭാര്യയും ഭർത്താവുമെന്ന വാദം മാധവിക്കുട്ടി ഉയർത്തിപ്പിടിക്കുന്നു. ഭാര്യ ഒരാവശ്യമായിമാത്രം കാണുന്ന ഭർത്താവിൽ ദാമ്പത്യത്തിന്റെ പരാജയം അവർ കാണുന്നു.

തണുപ്പിലെ നായികയെ നോക്കുക:

ഇന്ദ്രജിത്തിന്റെ രോമാവൃതമായ മാറിൽ മുഖം മറയ്ക്കുമ്പോഴും അവൾ സ്നേഹിച്ചതു്, ചുളിവുകൾനിറഞ്ഞ, കരിഞ്ഞ പൂക്കൾപോലെയുള്ള ചുണ്ടുകളുള്ള “എനിക്കു് വയസ്സായി . . . .” എന്നു സമ്മതിക്കുന്ന അവളുടെ ഭർത്താവിനെയായിരുന്നു. ഇന്ദ്രജിത്തിനെ അവൾ ഒരിക്കലും

സ്നേഹിച്ചിരുന്നില്ല, പകരം അയാൾ അവൾക്കൊരു അഭയ കേന്ദ്രം മാത്രമായിരുന്നു . . . .

അവൾതന്നെ പറയുന്നു;

— പക്ഷെ ഞാൻ നിന്നെ സ്നേഹിക്കുന്നില്ലല്ലോ, നിൻെറ തൊലിയും മാംസവും എല്ലും മജ്ജയും തരണം ചെയ്തു നിൻെറ കേന്ദ്രത്തിൽ ഞാൻ എത്തിച്ചേർന്നാൽ, ഞാൻ അവിടെ അപരിചിതയാവും, നമുക്കു തമ്മിൽ ആത്മാവിൻേറതായ ഒരു ബന്ധവുമില്ല . . . . നിൻെറ ആത്മാവിൻെറ മുഖം എനിക്കു് അപരിചിതമാണു് . . . .

സ്നേഹത്തിൽനിന്നു രക്ഷനേടാനാണു് അവൾ ഇന്ദ്രജിത്തിനെ സമീപിച്ചതു്. അപ്പോൾ തണുപ്പിലെ നായിക, അതായതു് മാധവിക്കുട്ടി, അഭിസാരിണിയാണെന്നു്, പിഴച്ചവളാണെന്നു് നമുക്കെങ്ങനെ പറയാൻ പററും?

അവളുടെ ഭർത്താവിനോടുള്ള ആത്മാർത്ഥമായ സ്നേഹത്തിനു് മറെറാരുദാഹരണമിതാ; അവളുടെ വാക്കുകളിൽ,

— 'മരിക്കുമോ' ഞാൻ ചോദിച്ചു. മരിക്കില്ല എന്നു പറയു. അദ്ദേഹം എൻെറ കണ്ണുകളിലേക്കു് നോക്കി മന്ദഹസിച്ചു. തൻെറ സ്നേഹം സ്ഥിതിചെയ്യുന്നതു് ശരീരത്തിലല്ല, തൊലിയും മാംസവും എല്ലും മജ്ജയുംകഴിഞ്ഞു ചെല്ലുമ്പോൾ, കാണാൻകൂടി കഴിയാത്ത ആ കേന്ദ്രത്തിലാണെന്നു് അദ്ദേഹം പലതവണ പറഞ്ഞതാണു്. അതിനു് മരണമില്ല, പിന്നെ എന്തിനു പേടിക്കണം?

''ആരെയും കുററപ്പെടുത്തരുതു്, നമ്മളെല്ലാം മനുഷ്യരല്ലെ?'' എന്നു് അരുണയെക്കൊണ്ടു് പറയിപ്പിക്കുന്ന മാധവിക്കുട്ടി ഒരു മനുഷ്യസ്നേഹിയല്ലെന്നു് നിങ്ങൾക്കു് പറയാൻ കഴിയുമോ?

എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധത്തിനു് അനുരാഗത്തിനോടു് സാദൃശ്യമുണ്ടെന്നു് മാധവിക്കുട്ടി വിശ്വസിക്കുന്നു. കാമുകി അനുരഞ്ജനത്തിൻെറ അവസാനഘട്ടത്തിൽ സ്വയം പ്രദർശനത്തിനു തയ്യാറാകുന്നു. തൻെറയും കാമുകൻെറയും ഇടയിൽ വസ്ത്രങ്ങൾ എന്നല്ല ഒരു ഗൂഢവിചാരത്തിൻെറ അത്തിയിലകൂടി അവശേഷിക്കരുതു് എന്നവൾ തീർച്ചയാക്കുന്നു.

വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കാൻവേണ്ടി, അല്ലെങ്കിൽ അത്തരമൊരു കീഴടക്കൽ നല്കിയേക്കാവുന്ന നിർവൃതിക്കുവേണ്ടി, എഴുത്തുകാരനും ഒരു സ്വയം പ്രദർശനത്തിനു തയ്യാറാവുന്നു.

എഴുത്തുകാരൻ നടനെപ്പോലെയാണു്. പക്ഷെ അവൻെറ അരങ്ങത്തു് മറെറാരാളുമില്ല. അവനാവൻ തിരഞ്ഞെടുത്ത തോരണങ്ങൾക്കിടയിൽനിന്നുകൊണ്ടു് അവൻ കാണികൾക്കുവേണ്ടി അഭിനയം നടത്തുന്നു; അവൻേറതായ നിയമങ്ങൾ മാത്രം അനുസരിച്ചുകൊണ്ടു്. പ്രശംസയും നിന്ദയും അവനൊരു പ്രശ്നമല്ല.

ചെറുകഥയുടെ അനാവശ്യ മേദസ്സു കളഞ്ഞു് ചെറുകഥയെ സുന്ദരമാക്കുകയാണു് മാധവിക്കുട്ടി ചെയ്തിരിക്കുന്നതു്. ഹൃദയത്തിലേക്കാഴത്തിലിറങ്ങിച്ചെല്ലുന്ന, സുന്ദരമായ, കവിതതുളുമ്പുന്ന, എന്നാൽ എം. ടി. ശൈലിയിൽനിന്നും വ്യത്യസ്തമായ ഒരു ശൈലി മലയാളത്തിനു് കാഴ്ചവെച്ച മാധവിക്കുട്ടി, മററാരും ഇറങ്ങിച്ചെല്ലാൻ ധൈര്യം കാണിക്കാത്ത ഒരു രംഗം തിരഞ്ഞെടുത്തു്, സത്യത്തിൻെറ നിറം പുറത്തുകാട്ടുകയാണു്.

ആദ്യമാദ്യം ചെറുകഥകളെഴുതി, ചെറുകഥയുടെ മാദ്ധ്യമത്തിലൊതുങ്ങാത്ത പരപ്പു് ദർശനത്തിനു കൈവന്നപ്പോൾ, തകഴിയും, ഉറൂബും, എം. ടിയും നോവലിൻെറ വിശാലമായ ക്യാൻവാസിൽ അഭയം കണ്ടെത്തി. കെട്ടുപിണഞ്ഞ മനുഷ്യബന്ധങ്ങളും സങ്കീർണ്ണങ്ങളായ ജീവിത പ്രശ്നങ്ങളും ചെറുകഥയുടെ സീമകളിൽ വിങ്ങുന്നു. ഏതായാലും മാധവിക്കുട്ടി നോവലിസ്റ്റായില്ല; ചെറുകഥാ ശാഖയുടെ ഭാഗ്യം (ഒരു പക്ഷെ നോവൽശാഖയുടെ നിർഭാഗ്യവും!) അതിനു കാരണവുമുണ്ടു്. മാധവിക്കുട്ടിയുടെ ദർശനം ഒരു നോവിലിസ്റ്റിൻേറതല്ല, അവരുടെ ദർശനത്തിനു് നോവലിസ്റ്റിൻെറ പരപ്പല്ല; ആ ദർശനത്തിൻെറ മൗലികത്വം ആഴമാണു്.

ശക്തമായ അന്തർമുഖത്വവും നിഷ്കൃഷ്ടവും വികാരനിർഭരവുമായ സ്വയം വിമർശനപരതയുമാണു് പലപ്പോഴും മാധവിക്കുട്ടിയുടെ കഥകളെ ശ്രേഷ്ഠമായ മ[...] നസികാപഗ്രഹത്തിൻെറ നിലയിൽനിന്നും വ്യത്യസ്തമാ[...] ക്കിയിരിക്കുന്നതെന്നു് വിമർശകനായ ശ്രീ. കളർകോട്[...] വാസുദേവൻനായർ കരുതുന്നു. ഇവയ്ക്കുപുറമെ, ആ ശൈലിയുടെ ലളിതവും സുന്ദരവുമായ ആ ശൈലിയുടെ സംഗീതാത്മകതയും, അവർ വരയ്ക്കുന്ന ചിത്രങ്ങളുടെ (കടുത്ത ചായക്കൂട്ടുകൾ മാധവിക്കുട്ടി ഉപയോഗിക്കാറില്ല) അ[...] ത്രിമത്വവും പ്രശംസനീയമാണു്.

മാധവിക്കുട്ടിയുടെ കഥകൾ വിലകുറഞ്ഞ തെരു[...] സാഹിത്യമാണു്. അതിൽ Perverted Sex മാത്രമേ ഉള്ളൂ; High Society യിൽ നടക്കുന്ന കാമകേളികളുടെ യഥാർ[...] മായ വിവരണം മാത്രമാണു്, എന്നെല്ലാം നാം പല[...] കുററപ്പെടുത്തുന്നതു് കേട്ടിട്ടുണ്ടു്; അവരോടെനിക്കു് സഹതാപമാണു്.

മാധവിക്കുട്ടിയുടെ മനശാസ്ത്രപരമായ സമീപ[...] അവർ കാണുന്നില്ല, വാക്കുകളുടെ പ്രത്യക്ഷത്തിലുള്ള അർ[...] മാത്രം ഉൾക്കൊണ്ടു്, അന്തസ്സത്തയുടെ മാഹാത്മ്യം അവ[...] മറക്കുന്നു. സത്യത്തിൻെറ മുഖം കാണുമ്പോൾ സാധാര[...] ക്കാർക്കു് ഭയമാണു്, അറപ്പാണു്, നിന്ദയാണു് . . . .

— മാധവിക്കുട്ടി സത്യത്തിൻെറ മുഖമാണു്!

അതുകൊണ്ടുതന്നെ വായനക്കാരിൽ പലർക്കും അ[...] രോടു് ദ്വേഷ്യമാണു്, അറപ്പാണു്, നിന്ദയാണു്!

''നാം ജീവിക്കുന്ന സാമൂഹ്യ ഘടനയുടെയും, സ[...] സ്ക്കാരികാന്തരീക്ഷത്തിൻെറയും പരിമിതികളിൽനി[...] കൊണ്ടു് ഉത്തരം പറയുവാനോ, പരിഹാരം കണ്ടെത്തു[...]

നൊ കഴിയാത്ത അടിസ്ഥാന പ്രശ്നങ്ങൾ ഉന്നയിക്കുന്നു എന്നതാണ് മാധവിക്കുട്ടിയുടെ കഥകളുടെ ശക്തി!''

ആത്മാവിന്റെ ഏകാന്തതലങ്ങളെ സ്പർശിക്കുന്ന സ്നേഹത്തിനുവേണ്ടി അന്വേഷണം നടത്തുന്ന മാധവിക്കുട്ടിയുടെ നായികമാരോട് എനിക്കൊരിക്കലും അവജ്ഞ തോന്നിയിട്ടില്ല. സമൂഹത്തിലെ സ്നേഹബന്ധങ്ങളുടെ പൊള്ളത്തരം മാധവിക്കുട്ടി തുറന്നു കാട്ടുമ്പോൾ സമൂഹം നെററിചുളിക്കുന്നതും, അവരെ കല്ലെറിയുന്നതും സ്വാഭാവികം മാത്രമാണ്. മാധവിക്കുട്ടിയുടെ നായികമാർ ഒരിക്കലും, കാമഭ്രാന്തുപിടിപ്പെട്ട മൃഗങ്ങളായിരുന്നില്ലെന്ന് ഓർക്കുക.

പച്ചമാംസത്തിന്റെ, വിയർപ്പിന്റെ, ചോരയുടെ മണമുള്ള സമൂഹത്തിന്റെ നിശ്വാസങ്ങൾ ഉൾക്കൊള്ളാവുന്ന കഥകളെഴുതിയ തകഴിയും ദേവും പൊറെറക്കാട്ടും ഒരു വശത്ത്.

ഹൃദയത്തിന്റെ നേരിയ ഇതളുകളിൽ മോഹങ്ങൾ വിരിയിക്കുന്ന വർണ്ണചിത്രങ്ങൾ, നിമിഷങ്ങളിൽ നിറം വെയ്ക്കുന്ന, നിറംമാറുന്ന, മാഞ്ഞുപോകുന്ന ചിത്രങ്ങൾ നമ്മുടെ മുന്നിൽ കാഴ്ചവെച്ച എം. ടിയും ഉറൂബുമെല്ലാം മറെറാരുവശത്ത്.

തലമുറകളുടെ തെററിന്റെ, വിഴുപ്പുഭാണ്ഡവുംപേറി, മരിച്ചുവീണ കള്ളദൈവങ്ങളുടെ ജഡശരീരങ്ങളുംപേറി, ആവനാഴിയിലെ അമ്പുകൾക്ക് ലക്ഷ്യംതേടുന്ന, ആധുനിക മനുഷ്യന്റെ വ്യർത്ഥതാബോധത്തിന് നിറംകൊടുക്കുന്ന മുകുന്ദനും, വിജയനും, കാക്കനാടനും വേറൊരു ഭാഗത്ത്.

. . . .

തെരുവുതെണ്ടിയായ നായയുടെ മണമുള്ള, ശവപ്പുരയുടെ പിന്നിൽ നില്ക്കുന്ന ബന്ധുവിന്റെ ആദ്യത്തെ തേങ്ങലായ, മരണത്തിന്റെ ചിത്രം വൈദഗ്ധ്യത്തോടെ വരച്ചുകാട്ടുന്ന, ദാമ്പത്യമെന്ന പൊള്ളയായ സങ്കല്പത്തിനു നേരെ ധൈര്യപൂർവ്വം വിരൽചൂണ്ടുന്ന, ഒരുപിടി ചുവന്ന പൂക്കൾ സമ്മാനിക്കുന്ന ശക്തയായ, ഒരിക്കലും തളരാത്ത മാധവിക്കുട്ടി മറെറാരു പ്രസ്ഥാനമാണ്.

മാധവിക്കുട്ടിയുടെ കഥകളിൽ പച്ചമാംസത്തിന്റെ, ചോരയുടെ, മണമുണ്ട്; ഹൃദയത്തിന്റെ തുടിപ്പുകളുണ്ട്; യുഗത്തിന്റെ ദുഃഖമുണ്ട്; എല്ലാററിനുമുപരിയായി ആത്മാവിന്റെ തിളക്കവുമുണ്ട്.

ശൂന്യതയിൽ, ഏകാന്തതയിൽ, തരിശുനിലത്തിൽ പോലും വാടാമലരുകൾ വിരിയിക്കുന്ന മാധവിക്കുട്ടി, ഇതാ അഭിനന്ദനത്തിന്റെ ഒരു പിടി അതിരാണിപ്പൂക്കൾ!

— മാധവിക്കുട്ടി ഒരു സന്ധ്യയാണ്; തുടുത്ത സന്ധ്യ! ആ സന്ധ്യ ഒരിക്കലും ഇരുട്ടിൽ അലിയാതിരുന്നെങ്കിൽ . . . .

# മരുഭൂമിയിൽ നഷ്ടപ്പെട്ടവർ

കുഞ്ഞാമു എ. പി, II M. A.

അഭയാർത്ഥികൾ താവളമടിച്ച കൂടാരങ്ങൾക്ക് പുറത്ത്, വന്ധ്യയായ വെയിലിൽ ഭൂമി നിർവ്വികാരയായി അടങ്ങിക്കിടന്നു. നിബിഡമായ വിജനത. ആകാശത്തിന്റെ നഗ്നതയിലേക്കു കൈനീട്ടിനില്ക്കുന്ന പള്ളിമിനാരങ്ങൾക്കും ഗോപുരങ്ങൾക്കുംമീതെ ഒരു കാററിന്റെ അനക്കംപോലുമില്ല. മരക്കൊമ്പുകളിൽ പറവകളുടെ പാട്ടുകളില്ല. മരവിച്ച, പൂപ്പലുകയറിയ, വിണ്ടുകീറിയ ഭൂമിയിൽ ജീവൽരേഖകളില്ല. ഉച്ചയുടെ വിജനതയിലേക്കും വരൾച്ചയുടെ ഉൾച്ചൂടിലേക്കുംനോക്കി കൂടാരങ്ങൾ അസ്വസ്ഥമായി. അവയുൾക്കൊണ്ട അഭയാർത്ഥികളാവട്ടെ കൊലമരത്തിൽനിന്നു കുതറിയോടിയ തടവുപുള്ളികളുടെ വേവലാതിയോടെ നെടുവീർപ്പിട്ടുകൊണ്ടിരുന്നു.

ക്ഷീണിതരായിരുന്നു അവർ. ദിവസങ്ങളുടെ വഴിദൂരങ്ങൾക്കപ്പുറത്തുനിന്നു യാത്ര തുടങ്ങിയതാണ്. ഓരോ താവളത്തിലെത്തുമ്പോഴും ഓരോ വഴിയമ്പലം പണിയുമ്പോഴും അവരാശ്വസിച്ചു — ഇവിടെ, ഈ താഴ്‌വാരത്തിൽ നമുക്ക് ആരെയും പേടിക്കാതെ കേട്ടുമറന്ന കഥകളിലെ രാജകുമാരന്മാരെപ്പോലെ ചിരകാലം ജീവിക്കാം എന്ന്. ആശ്വാസത്തോടെ അവർ വിയർപ്പ് തുടച്ചു. അവരിലെ വയസ്സുചെന്നവർ ചതുരംഗക്കരുക്കൾ നിരത്തി. ചെറുപ്പക്കാർ അശ്ലീലങ്ങളായ തമാശകൾ പറയുകയും, ചീട്ടുകളിക്കുകയും തീപ്പൂട്ടിയ അടുപ്പുകൾക്കരികിൽ, ജ്വാലയിൽ തുടുത്ത് സിന്ദൂരമണിയുന്ന മുഖങ്ങളിൽ കണ്ണെറിയുകയും ചെയ്തു. വളയണിഞ്ഞ കൈകൾ നാണത്തോടെ ചിരിച്ചു. പെട്ടെന്നാണ് ഇരുട്ടിൽ പേടിപ്പിക്കാനെത്തുന്ന പഴയ പ്രേതകഥയിലെ രാക്ഷസനെപ്പോലെ ഭീതി അവരെ വേട്ടയാടുന്നത്. അതോടെ ചലനങ്ങളവസാനിക്കയായി. പകർച്ചവ്യാധിപോലെ പരന്ന അസ്വാസ്ഥ്യത്തിൽ അവരാകെ മുങ്ങി. അവർ ചെവിയോർത്തു. ഇക്കാലമത്രയും മഴയിലൂടെ, മഞ്ഞിലൂടെ, വേനലിലൂടെ അവരെ പിന്തുടർന്നിരുന്ന, അവർ ഭയപ്പെട്ടിരുന്ന ആരവം അവരുടെ കാതുകളിൽ മുഴങ്ങുകയായി. അതോടെ കളി നിലച്ചു. സംഭാഷണം നിലച്ചു. നിശ്ശബ്ദത മാത്രം

ഭീതിയുടെ ഭാരവുംപേറി ഒരു നിമിഷം . . . .

— വേഗം പുറപ്പെടൂ; അവരടുത്തെത്തിക്കഴിഞ്ഞു.

ആരോ വിളിച്ചുപറഞ്ഞു. ചകിതരായ ആട്ടിൻപററങ്ങളെപ്പോലെ പുറത്തിറങ്ങി നീങ്ങിത്തുടങ്ങി അവർ. മുമ്പിൽ നീങ്ങുന്ന കാലടികളല്ലാതെ മറെറാന്നും നോക്കാതെ.

കൂടാരങ്ങൾ വിജനതയിൽ ഏകരായി തപസ്സുചെയ്തു. ജീവന്റെ അവശിഷ്ടങ്ങൾ അവിടെ ചിതറിക്കിടക്കയായിരുന്നു. പാതി വെന്ത അപ്പക്കഷണങ്ങൾ, തീജ്വാലകൾ അടങ്ങിയിട്ടില്ലാത്ത അടുപ്പുകൾ, കശക്കിയിട്ട ചീട്ടുപെട്ടികൾ, അനക്കം നിലച്ച ചതുരംഗക്കരുക്കൾ, പണിതീരാത്ത കളിവീടുകൾ — അവയത്രയും അവിടെ മരിച്ചുകിടന്നു. ചതുരംഗപ്പലകകളിലെ രാജാക്കന്മാർ പ്രതിമകളെപ്പോലെ പകച്ചുനിന്നു. ഏതാനും നീക്കങ്ങൾക്കു ശേഷം വരാനിരിക്കുന്ന വിജയമോ പതനമോ കാത്തിരിക്കയായിരുന്നു അവർ. നിഴലുപോലെ പിന്നിൽ പതുങ്ങിനിന്ന കുളമ്പടിശബ്ദങ്ങൾ അവരുടെ സ്വപ്നങ്ങളത്രയും തകർക്കുകയായി. ഒരു കാററുപോലെ അതടുത്തുവന്നു. കിഴവന്മാർ അപ്പോൾ കാതു പൊത്തി. അവരുടെ നരകയറിയ, ജീർണ്ണത ഉറക്കം തുടങ്ങിയ കൺതടങ്ങളിൽ ഭീതിയുടെ നിഴൽപ്പാടുകൾ. യുഗങ്ങളായി അവർ ഈ ഭീതിയുടെ അടിമകളായിരുന്നു; ആ കുളമ്പടിയൊച്ച അവരെ വേട്ടയാടുകയായിരുന്നു. കൂടാരങ്ങളിൽനിന്ന് കൂടാരങ്ങളിലേക്ക്, താഴ്‌വാരങ്ങളിൽനിന്ന് താഴ്‌വാരങ്ങളിലേക്ക് ചലനമില്ലാത്ത പാറക്കല്ലുകൾ ചവിട്ടിമെതിച്ച് അവർ പലായനംചെയ്തു. അവർക്കുപിന്നിൽ പരിത്യക്തരായ പാതകൾ, മരിച്ചുപോയ നിമിഷങ്ങൾ. പാതയോരങ്ങളിൽ കൂടാരങ്ങൾ അവർക്കുവേണ്ടി കാത്തിരിക്കയായിരുന്നു. കാററുപോലെ, അഗ്നിപ്രളയംപോലെ, വിദ്യുത്‌പ്രവാഹംപോലെ പുറകെവരുന്ന ആരവം അവയെ വിജനങ്ങളാക്കുകയായിരുന്നു.

പരിഭ്രാന്തിയോടെ കാലടികൾ നീട്ടിവെക്കുന്ന അഭയാർത്ഥികൾക്ക് വിയർത്തുതുടങ്ങി. കാലടികളിൽ പാദസരങ്ങൾക്കുമീതെ ക്ഷീണത്തിന്റെ, വിയർപ്പുതുള്ളികളുടെ ജനനം. ദൃഢതയും കരുത്തുമുററ പേശികളിൽ ക്ഷീണത്തിന്റെയും തളർച്ചയുടെയും ചിരസ്ഥായിത്വം. തളർന്ന കാലുകൾ നീട്ടിവെച്ച്, അമ്മമാരുടെ കൂടെയെത്താൻ വെമ്പിയോടുന്ന കുട്ടികൾ വ്യഥിതരായിത്തീർന്നു. വയ്യാ

തായപ്പോൾ പകുതിയാക്കി വിട്ടേച്ചുപോന്ന കളിവീടി ന്റെ ഓർമ്മ അവരുടെ കണ്ണുകൾ നിറച്ചു. ഒന്നും മനസ്സി ലാവാതെ കുട്ടി അമ്മയോട് പലതവണ അക്ഷമയോടെ ചോദിച്ചു.

— പറയൂ അമ്മേ, നാമെങ്ങോട്ടാണ് ഈ പോവു ന്നത്. അവരുപേക്ഷിച്ചുപോന്ന കൂടാരങ്ങൾ അപ്പോഴും പുതിയ പാദസ്പർശനങ്ങൾ കാത്ത് തപസ്സുചെയ്യുകയാ യിരുന്നു. ഇതുപോലെ എത്ര വഴിയമ്പലങ്ങൾ, എത്ര താഴ് വരകൾ. പോയേടത്തൊക്കെ അഭയാർത്ഥികൾ തമ്പുകൾ പണിതു. അവിടെ രക്തവും മാംസവും ചിലവഴിച്ചു. പിന്നീട് പിന്നാലെ വരുന്ന കുളമ്പടിശബ്ദങ്ങളുടെ ഭീതി യാൽ അവ ഉപേക്ഷിച്ചു. പരിത്യക്തരായ തമ്പുകൾ ഉറങ്ങിപ്പോയ ശവകുടീരങ്ങൾപോലെ; അഭയാർത്ഥി കളുടെ വണ്ണം അവ്യക്തതയിൽ താഴ്വരകൾക്കപ്പുറത്ത് നഷ്ടപ്പെടുന്നത് നിർവ്വികാരരായി നോക്കിനില്ക്കുന്ന കാവൽ ക്കാരെപ്പോലെ.

ആരവം അടുത്തുവന്നു; സംഹാരത്തിന്റെ കാഹളം പോലെ. അപ്പോൾ കൂടാരങ്ങളുടെ മുളത്തൂണുകൾ വിറച്ചു. അവ സ്തബ്ധതപൂണ്ടു. പൊടിപടലങ്ങളുടെ അകമ്പടി യോടെ അശ്വാരൂഢരായ പഥികർ വന്നിറങ്ങി. അവരും പരവശരായിരുന്നു. ദിനങ്ങളുടെ യാത്ര അവരെയും തളർത്തിക്കളഞ്ഞിരിക്കണം. ഈ നാളുകളിലത്രയും അവർ അഭയാർത്ഥികളെ പിന്തുടരുകയായിരുന്നുവല്ലോ; അഭയാ ർത്ഥികളുപേക്ഷിച്ചുപോയ എല്ലാം അവക്ക് ആശ്വാസ മായി. അടുപ്പുകളിൽ വീണ്ടും ജീവൻ അഗ്നിനാളങ്ങളായി പുനർജ്ജനിച്ചു. കറുപ്പും വെളുപ്പും കരുക്കൾ പടവെട്ടി ത്തുടങ്ങി. പഴകി, നിറം മങ്ങി, വൃത്തികെട്ട ചീട്ടുകൾ പുതിയ വിരലുകളിൽ ചിറകുവിടർത്തി. കൂടാരങ്ങൾക്ക് വീണ്ടും ജീവൻ. നേർത്ത സ്വരത്തിൽ ആരോ പാടി; ആരോ താളംപിടിച്ചു; ആരോ ഏററുപാടി. തീജ്വാലകൾ ക്കൊപ്പം സംഗീതം ഒരുന്മേഷംപോലെ.

പക്ഷെ അവരും ഭയപ്പെട്ടിരുന്നു. നടന്നുപോന്ന പാതകളിലേക്ക് അവരും നടുക്കത്തോടെ കണ്ണയച്ചിരുന്നു. അവരും ആരെയോ പേടിച്ചു. വരാനിരിക്കുന്നവരുടെ ചെരുപ്പിന്റെ വാറുകളെ; അല്ലെങ്കിൽ മറേറതോ ഓർമ്മകളെ.

പതിവുപോലെ വെളുത്ത രാജാവിന് അഞ്ചു നീക്ക ങ്ങളുടെ ആയുസ്സുമാത്രം ബാക്കിയായ ഒരു നിമിഷാർദ്ധ ത്തിൽ അവരും ഞെട്ടിയെണീററു. കാതുകളിൽ അനന്ത മായ നടുക്കത്തിന്റെ ശബ്ദം മുഴങ്ങിത്തുടങ്ങിയിരുന്നു. അതവരുടെ കണ്ണുപുടങ്ങളിൽ അഗ്നിയായി പ്രവഹിച്ചു. ചൂടും പുകയും കൂടാരങ്ങളെ നിറച്ചു. കുതിരകൾ പ്രകൃതി യുടെ മുഖഭാവം മാറിയപ്പോൾ വിറപൂണ്ടു, കെട്ടുകൾ പൊട്ടിച്ചു തലങ്ങും വിലങ്ങും പാഞ്ഞു. അവയുടെ കാലു കൾ തട്ടി മുളത്തൂണുകൾ തകരുകയും താപ്പായകൾ കീറു കയും ചെയ്തു. പാതി കടിച്ച അപ്പക്കഷണങ്ങളുമായി പടയാളികൾ സംഭ്രാന്തിയോടെ പുറത്തിറങ്ങി.

— ഇവിടെയും രക്ഷയില്ല. ഓടി രക്ഷപ്പെട്ടോളൂ, എല്ലാം നശിക്കുന്നതിനുമുമ്പ് ഓടി രക്ഷപ്പെട്ടോളൂ . . . .

— നീലനിറത്തിലുള്ള അങ്കി ധരിച്ച, കൊമ്പൻമീശ ക്കാരനായ നേതാവ് വിളിച്ചുപറഞ്ഞു. അവരും കൂടാര ങ്ങളെ ജനരഹിതമാക്കി. കുതിരക്കുളമ്പടിയൊച്ചകളും നിലവിളികളും ദൂരെ ഒരു തിരിവിനപ്പുറത്ത് നഷ്ടപ്പെട്ടു. അതു നോക്കി വീണ്ടും അവരുടെ അഭയകേന്ദ്രങ്ങൾ നിർവ്വി കാരരായി നിന്നു. ആ പ്രയാണം ഒരു കർമ്മനിഷ്ഠയാണെന്ന് അവക്ക് അറിയാം എന്നതുപോലെ.

തങ്ങൾക്കുമുമ്പേ, തങ്ങളെ ഭയപ്പെട്ട് പലായനം ചെയ്ത അഭയാർത്ഥികളുടെ കാലടിപ്പാടുകളായിരുന്നു. ആ അശ്വാരൂഢർക്ക് തുണ മാഞ്ഞുപോയിട്ടില്ലാത്ത കാലടിപ്പാ ടുകളിൽ അവർ വഴി കണ്ടെത്തി. വഴി അവസാനിച്ചിരു ന്നില്ല. താഴ്വരകൾക്കപ്പുറത്ത്, നദീതടങ്ങൾക്കപ്പുറത്ത് . . . . അതങ്ങിനെ നീണ്ടു നീണ്ടു പോയി. ഓരോ സമ തലത്തിലും അഭയാർത്ഥികൾ തമ്പുകൾ പണിതു. കൃഷി ചെയ്തു. പിന്നാലെ വരുന്ന അശ്വാരൂഢരായ പഥിക രുടെ ആരവം കേൾക്കെ എല്ലാം ഉപേക്ഷിച്ചു പുറ ത്തിറങ്ങി. നടുക്കം തരിച്ചുനിന്ന വീഥികളിലൂടെ യാത്ര തുടങ്ങി. അപ്പോൾ കൈമുതലായി വേദന മാത്രം. പാതി പണിത കൂടാരങ്ങളെ ഓർത്ത്, മുഴമിക്കാത്ത ചതുരംഗക്കളി യോർത്ത്, അങ്ങിനെ പലതുമോർത്ത്.

കാലു തളരുമ്പോൾ തേങ്ങലുപോലെ പിറകിൽ ആരവം അവ്യക്തമാവുമ്പോൾ അവർ വീണ്ടും വിശ്രമി ച്ചിരുന്നു. കൂടാരങ്ങൾ പണിയാനുള്ള കരുത്തില്ലാത്തപ്പോൾ അവർ മരച്ചുവട്ടിൽ അഭയംതേടി. കുട്ടികൾ കരിയില കളിൽ തളർന്നുറങ്ങി. ചെറുപ്പക്കാർ തരുണികൾക്ക് കാവ ലിരുന്നു. രാത്രി മുഴുവൻ കിഴവന്മാരിരുന്നു തീക്കാഞ്ഞു. പുതിയ താഴ്വരകളിലെല്ലാം ഇങ്ങിനെ അവർ വേരുക ളിറക്കിയിരുന്നു. എപ്പോഴെങ്കിലും പിഴുതെടുക്കണമെന്ന റിഞ്ഞുകൊണ്ട്, അതോർത്ത് വേവലാതിപ്പെടാതെ തന്നെ.

പിന്തുടർന്നുവന്നിരുന്ന കുതിരക്കുളമ്പടികളെ അവർ പേടിച്ചു. കൊച്ചുകുട്ടികൾ സ്വപ്നങ്ങളിൽനിന്ന് ഞെട്ടി യുണർന്നു. സ്ത്രീകൾ ഭാണ്ഡമൊരുക്കി. കാലുകൾ തളർന്നിട്ടും അവർ നടന്നു. കഴുകന്മാർ പറക്കുന്ന അന്തരീക്ഷത്തിനു താഴെ അസ്വാസ്ഥ്യമായി അവർ രൂപംപൂണ്ടു. താഴ്വര കളിൽനിന്ന് ഗല്ലികളിൽനിന്ന്, നദീതടങ്ങളിൽനിന്ന്, മഹാവനങ്ങളിൽനിന്ന് അവർ വീണ്ടും പ്രയാണംചെയ്തു. മുൻപിൽ കണ്ട ഓരോ ഒററയടിപ്പാതയും അവക്ക് വെളിച്ച മായിരുന്നു. പാതക്കിരുവശത്തും ഇരുട്ടിന്റെ കൊടുംപാറ കളായിരുന്നു. ചേലകൾ മടക്കിക്കുത്തി സ്ത്രീകൾ നടത്ത ത്തിന് വേഗംകൂട്ടി. ഇടക്ക് മരച്ചുവട്ടിലിരുന്നു കുഞ്ഞു ങ്ങൾക്ക് മുലകൊടുത്തു. എങ്ങോട്ടാണ് പ്രയാണം എന്നു

ആരും ചോദിച്ചില്ല. അതറിയുക ആർക്കും ഒരാവശ്യവുമായിരുന്നില്ല. പിന്നിൽ ശത്രുക്കളുടെ കുതിരക്കുളമ്പടികൾ മുഴങ്ങുമ്പോൾ അവർക്കു മുന്നോട്ടു നീങ്ങിയാൽ മാത്രം മതിയായിരുന്നു. മങ്ങിയ വെളിച്ചം പരന്നൊഴുകിയ പാതയിലൂടെ മുന്നോട്ട്. ദുഃഖംപോലെ വിളറി, വെളിച്ചം നിറഞ്ഞ പാത. നനഞ്ഞ പുൽത്തകിടികളിൽ ആർദ്രങ്ങളാവുന്ന കാൽവണ്ണകൾ, സജലങ്ങളായ മിഴികൾ, വേദന.

ഒററയടിപ്പാത അവസാനിക്കുന്ന മണൽപ്പുറത്ത് അവർ സംശയിച്ചുനിന്നു. മണലിൽ പുളഞ്ഞ കാലടികൾ അവരിൽ ക്ഷീണത്തിൻെറ ചൂടുണർത്തി. എന്നിട്ടുമവർ യാത്ര തുടർന്നു. അമ്മമാർ കുട്ടികളെ മാറോടു ചേർത്തു. ഓർമ്മകളുടെ വല്മീകങ്ങളിൽനിന്നവർ പുറത്തു കടന്നു. ചതുരംഗപ്പലകകളിലെ കാലാളുകളെപ്പോലെ അവരനങ്ങി. ചൂടിൽ അവരുടെ കീറിപ്പറിഞ്ഞ കുപ്പായങ്ങൾക്കിടയിൽ വിയപ്പൊഴുകി. വിധിദിനത്തിലെന്നപോലെ സൂര്യൻ തലക്കു ഒരു ചാൺ മുകളിൽ വിശ്രമിച്ചുകൊണ്ടിരുന്നു. ആ ചൂടിൽ, മണൽക്കാടിൻെറ തീക്ഷ്ണലഹരിയിൽ അവർ മറെറല്ലാം മറന്നു. പിന്നാലെ വരുന്ന, തങ്ങൾ ഭയപ്പെടുന്ന അശ്വാരൂഢരായ പടയാളികളെപ്പോലും.

പടയാളികളും പിന്നാലെയെത്തി. കുതിരകളുടെ കാലുകൾ മണലിൽ പുതഞ്ഞു. അവ നിസ്സഹായരായി പകച്ചുനോക്കി. ചുഴലിക്കാററിൽ അന്ധരായ പടയാളികൾ ചാട്ട വീശി. കാലുകൾ വലിച്ചെടുക്കാൻ അവ ദീനമായി ശ്രമിച്ചു. വീണ്ടും ചാട്ടവാറുകൾ ശബ്ദിച്ചു. ഒടുവിലവർ നിരാശരായി. അവരും കുതിരപ്പുറത്തുനിന്നിറങ്ങി നിസ്സഹായരായി നടന്നുനീങ്ങി. തളർന്നുവീഴുകയും ഒന്നുമറിയാതെ ഈ ഊഷരതയിൽ വിലയം പ്രാപിക്കയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നവരാശിച്ചു. പക്ഷെ അതുണ്ടായില്ല. അവശരായി, ചുമടുകളുടെ ഭാരവുമായി ആ കർമ്മനിഷ്ഠയുടെ തടവുകാർ ഇഴഞ്ഞുകൊണ്ടിരുന്നു.

അപ്പോൾ അവർ സമഭാവനയുടെ കണ്ണുകൾ തുറന്ന് അഭയാർത്ഥികളെ നോക്കി. നിസ്സഹായതയുടെ സാഹോദര്യം ആ മരുഭൂമിയിൽ പൊട്ടിമുളക്കയായിരുന്നു. തങ്ങൾ നിസ്സഹായരാണെന്ന് പരസ്പരമറിയുന്ന ഒരു നിമിഷം ആ നിമിഷത്തിലവർ ലക്ഷ്യമോ ശത്രുതയോ മറന്നു. സാഹോദര്യം ഒരു സ്വർണ്ണരശ്മിയായി വെയിലിൽ തിളങ്ങി നില്ക്കുന്നതവർ കണ്ടു. അവിടെ മുളച്ചുപൊന്തിയ അനാഥമായ ചെടികളത്ത് വെള്ളവും വളവുമായി.

പിന്നിൽ പുതിയ സംഘങ്ങൾ വീണ്ടും പുറപ്പെട്ടുകൊണ്ടിരുന്നു. അവരുടെ യാത്രയുടെ പൊടിപടലം ദൂരെ പിന്നിട്ട വഴികൾക്കപ്പുറത്ത് ആകാശങ്ങളിൽ ഉയർന്നു കണ്ടു; ആരവം കാതുകളിൽ ഒരവ്യക്തരാഗംപോലെ വന്നലച്ചു. നിസ്സഹായതയോടെ അവരും പ്രയാണംചെയ്യുകയായിരുന്നു.

സൂര്യൻ ഒരു ചാൺ മുകളിൽ വീണ്ടും ജ്വലിച്ചുനിന്നു. പകലിൻെറ, വെയിലിൻെറ സൂര്യൻ. അതിൻെറ ചൂടിൽ നിസ്സഹായരായ പഥികർ. മണലിൽ വീണ്ടും തിരിച്ചു കിട്ടിയ വ്യഥിതദുഃഖം. വരണ്ട മരുഭൂമിയിൽ വീണ്ടും അശരണതയുടെ കാലടിയടയാളം.

യാത്ര തുടർന്നുകൊണ്ടേയിരുന്നു.

---

ജീവിതം ജീവിക്കാനുള്ളതാണ്;
ജീവിതത്തെപ്പററി ആലോചിക്കാനുള്ളതല്ല.

ഒരിക്കലും ഗോൾ പോസ്റ്റിലാക്കാൻ കഴിയില്ലെന്നറിഞ്ഞിട്ടും
പിന്നാലെ നടന്ന് തട്ടിയുരുട്ടുന്നു,
ഓരോരുത്തനും മററുള്ളവരുടെ കാലടിയിൽനിന്ന്
ശക്തിയും കൗശലവും ഉപയോഗിച്ച് കവർന്നെടുക്കാൻ നോക്കുന്ന,
ഒരു വലിയ പന്താണ് ജീവിതം.

# നിഴലുകൾ

സിദ്ദീക്കലി പി., I B. Com.

കത്തിപ്പടന്ന ഇരുളിൽ അവ്യക്തതയുടെ നിഴലുകൾ. തണുത്ത കാററിൻെറ കുളമ്പടിയിൽ ജീവിതത്തിൻെറ ഗന്ധമുണ്ടായിരുന്നു.

ജീവിതയാഥാർത്ഥ്യങ്ങളുടെ ഗന്ധം!

വയ്യ! ഇതു വയ്യ!

ഇവിടം അഗ്നിപർവ്വതമാണ്. ചൂടുള്ള ലാവയെ ഗർഭംധരിച്ച അഗ്നിപർവ്വതം.

നിമഷങ്ങൾക്കുള്ളിൽ അതു് പൊട്ടിത്തെറിക്കും, നശിക്കും. കാലത്തിൻെറ ചോട്ടിയിൽ വീണ്ടും വീണ്ടും പൊട്ടിത്തെറിച്ചുകൊണ്ടിരിക്കും.

മരവിച്ച ശരീരത്തിൽ ഒന്നും ചെയ്യാൻ കഴിയാതെ മടങ്ങുന്ന മഞ്ഞിൻെറ പാറലിനു നിരാശയുടെ കനത്ത ആവരണം.

കത്തിയെരിയുന്നു!

ചൂടും പുകയും വമിക്കുമ്പോൾ ഞരങ്ങുന്നു.

പതയുന്നു!

നാളെ കിഴക്കിൻെറ പടയൊരുക്കത്തിനുമുമ്പ് എല്ലാം സമാപ്തം.

മങ്ങിയ പകലിൽ കറുത്ത നിഴലുകൾ വിളിച്ചു പറയും:

''ജീവിതയാഥാർത്ഥ്യങ്ങളുടെ മുൾപ്പടപ്പുകളിൽ ഒരു ജീവൻകൂടി സ്വയം ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു.'' അതുകേട്ട് നാദിറ എന്ന ഇളയുമ്മ ചിരിക്കും! ഉമ്മർ എന്ന ഭർത്താവും ചിരിക്കും!

ഇളയുമ്മയുടെ പൊട്ടിച്ചിരിയിൽ, സംതൃപ്തിയുടെ പ്രസവത്തിൽ കൈകാലിട്ടടിക്കുന്ന വാക്കുകൾ..

''നാം വിജയിച്ചിരിക്കുന്നു''

നിമിഷങ്ങൾക്ക് അന്ത്യകൂദാശ നല്കുന്ന ഇരുൾ. ആ നിമിഷത്തിലും ദുഃഖംപേറുന്ന മൂന്നുപേരുണ്ട്.

സാഹിറ എന്ന ദുഃഖസത്യത്തിൻെറ ഉമ്മ.

അവളെ ആ നിലയിലാക്കിയ ബാപ്പ.

പിന്നെ ഇബ്രാഹിം എന്ന . . . . തൊണ്ടയിൽ തടഞ്ഞ വാക്കുകൾക്കുവേണ്ടി പരതിയപ്പോൾ ചുരുളുകൾക്കിടയിൽ തുറിച്ചുനോക്കുന്ന തൂലികകൾ.

തൂലികകൾക്കു ജീവൻവെച്ചപ്പോൾ വിരസത തോന്നി, ദേഷ്യംതോന്നി.

ആരോട്?

ഒരു വാക്ക്, അല്ലെങ്കിൽ ഒരു പേര്, അതാലോചിക്കുമ്പോൾ ദേഹത്തിനു കോരിത്തരിപ്പ്.

ലേഡീസ്ഹോസ്റ്റലിൻെറ പാതയിലേക്കു കാൽ വെച്ചപ്പോൾ ഞെട്ടി!

കാണാൻവയ്യാത്ത സമയം.

തിരിഞ്ഞുനോക്കാതെ നടക്കാൻ ശ്രമിച്ചു.

പക്ഷേ . . . .

സാഹിറാ, . . . .

യാന്ത്രികമായി തിരിഞ്ഞുനിന്നു.

നിമിഷങ്ങളിൽ വിയപ്പിൻെറ കണികകൾ.

മുഖമുയർത്തിനോക്കാൻ ധൈര്യമില്ലായിരുന്നു. വിരലുകൾ പൂഴിമണ്ണിൽ സൃഷ്ടിച്ച വരകൾ നോക്കിനിന്നു.

''നീ വീട്ടിന്നെപ്പോൾ വന്നു?''

വാക്കുകൾ ശരീരത്തിൽതട്ടി മടങ്ങി.

പെട്ടെന്നു തിരിഞ്ഞുനടന്നു, അലസയായി.

ശബ്ദമുണ്ടാക്കാതെ മുറിയിൽകടന്നു കട്ടിലിൽ വീണു. മൂട്ടവായ ബെഡ്ഡിൽ കൂർത്തമൂർത്ത ശരങ്ങൾ!

തേങ്ങൽ മററുള്ളവർ കേൾക്കാതിരിക്കാൻ ശ്രമിച്ചു. നനഞ്ഞ വിരിപ്പിൽ മുഖമമർത്തി തേങ്ങി ചൂടുള്ള നിശ്വാസം തലയിണയിൽ തട്ടുമ്പോൾ മോഹഭംഗങ്ങളുടെ നേർത്ത ശബ്ദമുണ്ടായിരുന്നു.

''സാഹിറ നീയില്ലെങ്കിൽ ബ്രഹ്മചാരിയാകാനാണെനിക്കാഗ്രഹം.''

ചിരിച്ചു.

മുഖത്തു വിരലമർത്തി നുള്ളിയപ്പോൾ വേദനയില്ലായിരുന്നു ''അങ്ങിനെ സംഭവിക്കാതിരിക്കട്ടെ.''

കത്തുകിട്ടിയപ്പോഴും കരുതിയില്ല ഇതിനായിരുന്നു എന്നു്.

വീട്ടിലേക്കുള്ള കൽപ്പടവുകൾ കയറുമ്പോൾ പുതുതായി ഒന്നും തോന്നിയില്ല.

കോലായിലെ പുതുമുഖങ്ങളെ ശ്രദ്ധിക്കാതെ അകത്തേക്കു നടന്നു.

നിമിഷങ്ങൾക്കു് എന്തോ പറയലുണ്ടായിരുന്നു.

സംശയങ്ങളുടെ അവ്യക്തമായ മണികിലുക്കം.

ഉമ്മ ചിരിക്കുന്നു!

പിന്നെ . . . .

തകർച്ചയുടെ സമാരംഭം.

''ഉമ്മാ എനിക്കിപ്പം കല്യാണം വേണ്ട. പഠിപ്പ് തീർന്നോട്ടെ.''

പോടീ അവിടുന്നു, നിനക്കു കല്യാണം നിശ്ചയിച്ചതു് ഞങ്ങളാ, നിൻെറ ഉമ്മേം ബാപ്പേം.

അവരെ വേണ്ടങ്കി നീ കല്യാണം കഴിക്കണ്ട.''

പറഞ്ഞുനിർത്തിയ വാക്കുകളിൽ ഞെട്ടൽ ഊളിയിട്ടു.

കരഞ്ഞു, അതുമാത്രമെ അറിയൂ

ദുഃഖംഘനീഭവിച്ച മൂകതയിൽ അലക്ഷ്യമായി പുറത്തേക്കു നോക്കിക്കൊണ്ടിരുന്നപ്പോൾ ബാപ്പ പിന്നിൽ വന്നു നിന്നതറിഞ്ഞില്ല.

''എന്താടീ നീ ആലോശിച്ചിരിക്ക്ണ്?''

''എനിക്കിപ്പം . . . . ''

''പ്ഫ ഹമുക്കേ . . . . ''

''നിന്നെ കോളേജിലയച്ചതു് ഇതിനായിരുന്നോടീ? നീ മാസ്റ്ററാവണ്ട . . . . ''

അടിത്തറയോടെയുള്ള തകർച്ച നിർവ്വികാരയായി നോക്കിനിന്നു.

മോഹം ദാഹമായി മാറി.

ദാഹത്തിൽ ചേതന നശിച്ചു.

ചേതനയുടെ, മോഹത്തിൻെറ നാരായവേരിൽ കാരിപതിച്ചപ്പോൾ, കാരിയിൽ പററിപ്പിടിച്ചുനിന്ന തുള്ളികൾ കണ്ണുനീരായിരുന്നു.

മോഹഭംഗത്തിൻെറ കണ്ണുനീർ.

''ഞാൻ പോകുന്നു, എന്നോടു ക്ഷമിക്കൂ.''

പ്രതിദ്ധ്വനിക്കാതെ ശബ്ദം മരിച്ചുവീണു.

അലക്ഷ്യനായി അദ്ദേഹം തിരിഞ്ഞുനടന്നു.

അനന്തതയിൽ ഒരു ബിന്ദുവായവശേഷിച്ചപ്പോൾ താനും അതിൽ ലയിക്കുന്നതായി തോന്നി.

ലയിച്ച് ലയിച്ച് ഒരു ബിന്ദുവായിത്തീർന്നപോലെ ബിന്ദുവിനു ചുററും ചൈതന്യത്തിൻെറ രശ്മികൾ പ്രകാശിക്കുന്നു.

''കുഞ്ഞെ ബസ്സ് . . . . ''

പോട്ടർ ഓർമ്മിപ്പിച്ചപ്പോൾ വിറമാറാത്ത കാലുമായി നടന്നു.

ഉരുക്കുകല്ലുകൾ ചവിട്ടിക്കേറുമ്പോൾ തോന്നി ഓർമ്മകളുടെ പ്രേതങ്ങൾ ജലരേഖകളായിമാറുമെന്നു്.

പക്ഷേ . . . .

അവ ഉയിർത്തെഴുന്നേല്ക്കുകയായിരുന്നു. പുതിയൊരു ജയിലിലേക്കുള്ള ഉരുക്കുകല്ലുകളായിരുന്നു അവ.

മങ്ങിയ കരിങ്കൽമതിലുകളുള്ള കാരാഗൃഹം

വിരലുകൾ ദേഹത്തിലൂടെ കെഞ്ചിനടന്നപ്പോൾ പുളകങ്ങൾ വിരിഞ്ഞു.

ദേഹം മുഴുവനും റോസുകളാൽ നിറഞ്ഞ പൂന്തോട്ടമായി.

ചുണ്ടുകളിൽ മാധുര്യമുണ്ടായിരുന്നു, കവിതയുണ്ടായിരുന്നു.

''സാഹിറാ, നീ എൻേറതാണ്.''

'ഹും'

പിന്നെ

ദുഃഖങ്ങൾക്കു് ചിറകുമുളക്കാൻ തുടങ്ങിയപ്പോൾ'

അവ പറക്കാൻ വെമ്പിയപ്പോൾ,

ഒരു ജീവിതത്തിനു വേണ്ടി കേണു

സ്വപ്നങ്ങൾക്കുവേണ്ടി കേണു

വാതിലിൻെറ മറവിലിരുന്നു പുസ്തകംവായിക്കുമ്പോൾ കേൾക്കാൻപാടില്ലാത്തതു കേട്ടു.

''അവളെ ഇവിടെനിന്നോടിക്കണം.''

ഞരമ്പുകളിൽ ചെറിയ ചൂടനുഭവപ്പെട്ടു.

മരവിച്ചയിൻ ആ ചൂടു് നശിച്ചു

രക്തം ഒന്നുമറിയാതെ ഓടി

വീട്ടിലേക്കുള്ള കൽപ്പടികൾ ശക്തിയോടെ ചവിട്ടിക്കേറുമ്പോൾ ആരോടോ ഉള്ള പകതീർക്കുകയായിരുന്നു.

''എന്താ മോളെ അവിടെ സുഖമല്ലെ?''

അതെ ഉമ്മ, സുഖമാണ്, സ്വർഗ്ഗീയ സുഖം

വാക്കുകൾ പുറത്തേക്കു ചാടാൻ മത്സരിച്ചു

പക്ഷേ . . . .

മോചിതരാകാൻ കഴിയാതെ കിടന്നുഞെരിഞ്ഞു.

ചുവന്ന സന്ധ്യയിൽ

ഭീകരതസൃഷ്ടിച്ച ഇരുളിൽ

അനന്തതയിൽ കണ്ണുനട്ടിരുന്നപ്പോൾ വികാരത്തിൻെറ അലയിൽ പെട്ടു.

ഇവിടെ ഞാനൊരു വെപ്പാട്ടിയാണോ?

അദ്ദേഹത്തിൻെറടുത്ത് എന്നേക്കാൾ സ്വാതന്ത്ര്യം ഇളയുമ്മക്കാണോ?

ദാഹാർത്തരായ നിമിഷങ്ങൾ മരുപ്പച്ചകൾക്കുവേണ്ടി ഉഴറുന്നു.

നിരാശരാവുമ്പോൾ ഞെട്ടററുവീഴുന്നു.

ഒന്നും ലഭിക്കാതെ നശിക്കുന്നു

ഭീകരമായ തകർച്ച!

ഇരുളിൽ ശബ്ദമുണ്ടാക്കാതെ കോണിപ്പടിയിറങ്ങി വാതിൽ തുറന്നപ്പോൾ, മങ്ങിയ വെളിച്ചത്തിൽ അർദ്ധനഗ്നയായ ഇളയുമ്മയും ഭർത്താവ് എന്ന മൃഗവും!

നീരാവിയണിഞ്ഞ കണ്ണുകളിൽ അഗ്നിസ്ഫുലിംഗങ്ങൾ തള്ളയിൽ ദേഹത്തിലെ ഏതോ ഒരു കോണിൽ അല്പമുള്ള ധൈര്യം വിളിച്ചുപറഞ്ഞു

തളരാതിരിക്കൂ!

ഇത് തളരാനുള്ള അവസരമല്ല.

എന്നാൽ

പരാജയത്തിനുവേണ്ടി ധൈര്യം ബലിയപ്പിക്കപ്പെട്ടു. പരാജയം വിജയിച്ചു.

വയ്യ!

ഒതുക്കുകല്ലുകൾ കരയുന്നുണ്ടായിരുന്നു

ഇനിവയ്യ!

ഇവിടം അവസാനിക്കുന്നു.

ബണ്ടിൽനിന്നും തെറിച്ചുവീഴുന്ന ജലത്തുള്ളികൾക്കുമുമ്പിൽ മരിച്ചുവീഴുന്ന നിശ്ശബ്ദത.

അപ്പോൾ

വെളിച്ചത്തിൻെറ നേർത്ത അലകൾ കറുത്ത സൂര്യനവേണ്ടി കാത്തുകിടന്നു.

# ഓർമ്മയുടെ നിഴൽ

കെ. ടി. എ. തങ്ങൾ (ഫൈനൽ ബി. കോം)

ബീഗംജമീലാനാസിർ, അടഞ്ഞുകിടക്കുന്ന ഈ ജാലകമൊന്നു് തുറക്കൂ! അതിന്റെ വലിയ അഴികൾക്കിടയിലൂടെ എനിക്കു് പുറത്തേക്കു് നോക്കണം.

ദൂരെ അജ്ഞാതമായ ഏതോസ്ഥലത്തുനിന്നു പുറപ്പെടുന്ന, നഗരത്തെ തഴുകിയോടിവരുന്ന, തണുത്ത കാററു്, ഈ ജാലകത്തിലൂടെ, ഈ മുറിയിലേക്കു കടന്നുവരട്ടെ. പ്രഭാതത്തിൽ വിടരുന്ന റോസാപ്പൂക്കളിലെ മഞ്ഞുതുള്ളികളെയനുസ്മരിക്കുന്ന, എന്റെ നെററിയിലെ വിയപ്പുമണികളെ ആ തണുത്തകാററു് ഒപ്പിയെടുക്കട്ടെ:

ജാലകത്തിനു പുറത്തു്, മുമ്പെന്നോ വെള്ളനിറമുണ്ടായിരുന്ന, ഇപ്പോൾ കറുത്തപുള്ളിക്കുത്തുകൾകൊണ്ടു് വികൃതമായ മതിൽക്കെട്ടു്. മതിൽക്കെട്ടിനുമപ്പുറം, നഗരത്തിന്റെ ഹൃദയമായതെരുവു്. തെരുവിൽ ചലിക്കുന്ന നിറങ്ങൾ; തുടിക്കുന്ന ജീവിതം. ദിവസം തുടങ്ങുമ്പോൾ ചെറിയ ആലസ്യത്തോടെയാണെങ്കിലും, തെരുവുമുണരുന്നു; രാത്രിയിൽ വീണ്ടും മയങ്ങുന്നു.

തെരുവിന്റെ അങ്ങേഅററത്തുള്ള മഞ്ഞനിറം പൂശിയ ചുവരുകളുള്ള, ആ കെട്ടിടങ്ങളുടെ ദൂരദൃശ്യങ്ങളിലനുരക്തനാണു്, ഞാനെന്നു് നിങ്ങൾക്കറിയാമോ ബീഗം?

പകൽ, സൂര്യവെളിച്ചമേററു് നിസ്സഹായരായി നില്ക്കുന്ന, രാത്രിയിൽ മങ്ങിയ തെരുവുവിളക്കുകളുടേയും, തെളിഞ്ഞനിലാവിന്റേയും വെളിച്ചത്തിൽ പുഞ്ചിരിക്കുന്ന കെട്ടിടങ്ങൾ. ആ കെട്ടിടങ്ങളിൽ രാത്രിമാത്രം ജീവിതം തളിരിടുന്നു; തെരുവു് ചലനമററുറങ്ങുമ്പോൾ അതിലെ മുറികളിൽ ജീവിതമാരംഭിക്കുന്നു. ഉച്ചത്തിലുള്ള പൊട്ടിച്ചിരികൾ, സംഗീതോപകരണങ്ങളുടെ നാദധാര, ചിലങ്കകൾ ചിരിക്കുന്ന ശബ്ദം, ഗായികമാരുടെ നേർത്ത സ്വരം .... എല്ലാം ഒപ്പത്തിനൊപ്പം പുറത്തേക്കൊഴുകുന്നു.

ആ കെട്ടിടങ്ങളെ കേന്ദ്രമാക്കിയുള്ള അനേകം സ്മരണകൾ, അജ്ഞാതമായ ഏതോ പ്രതികാരോദ്ദേശവുമായെന്നതുപോലെ, നിഴലുകളെപ്പോലെ, എന്നെ വിടാതെ പിന്തുടരുകയാണു്. ദുഃഖത്തിന്റെ ആവരണമുള്ള ആ ഓർമ്മകളെ അകററാൻ, നിങ്ങളൊരു പാട്ടുപാടൂബീഗം ....

വർഷങ്ങൾക്കുമുമ്പു് രബാബിന്റെ നാദതരംഗങ്ങൾ ഈ മുറിയിലെ വായുവിലലിഞ്ഞു ചേർന്നതുപോലെ നിങ്ങളുടെ എത്രകേട്ടാലും മതിവരാത്ത ആ സ്വരവും അലിഞ്ഞുചേരട്ടെ!

നിങ്ങൾ ചിരിക്കുകയാണോ ജമീലാനാസിർ?

നിങ്ങൾക്കറിയാമോ, നിങ്ങളുടെ മുന്നിൽകിടക്കുന്ന ഈ മനുഷ്യനു്, നിങ്ങളോടെന്തെല്ലാം കഥകൾ പറയാനുണ്ടെന്നു്?

(ബീഗം, നിങ്ങൾ ചിരിക്കരുതു്; പൊട്ടിച്ചിരിക്കു് പകരം ഷമീംലഖ്നവിയുടെ "ഗസലു"കൾ നിങ്ങളുടെ കണ്ഠത്തിൽനിന്നുതിർക്കുന്നെങ്കിൽ!)

വർഷങ്ങൾക്കുമുമ്പു്, ഈ മുറിയിൽ മററുള്ളവർ സ്വപ്നാടനരോഗിയെന്നു് വിശേഷിപ്പിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ താമസിച്ചിരുന്നു.

രാത്രിയുടെ അന്ത്യയാമങ്ങളിൽ അയാളേകനായിരുന്നു് കവിതകളെഴുതി. പകൽ തന്റെ കാമുകിയെ സ്വപ്നംകണ്ടും, * ദിൽരുബയുടെ തന്ത്രികളിൽ സന്തോഷം കണ്ടെത്തിയും ജീവിച്ചു.

ബീഗം ഇതു് ലഖ്നോ നഗരമാണു്.

പക്ഷേ വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന ലഖ്നോയുടെ പ്രേതംമാത്രമാണിതു്.

അന്നു്, ലഖ്നോ സ്വപ്നങ്ങളുടെ നഗരമായിരുന്നു.

— മായികസംഗീതത്തിന്റേയും, ഗസലുകളുടെയും നഗരമായിരുന്നു;

— ജീവിതത്തിന്റെ സന്തോഷത്തിന്റെ മാത്രം നഗരമായിരുന്നു.

—നവാബുമാരുടെയും, രാജനർത്തകിമാരുടെയും നഗരമായിരുന്നു.

അന്നു് ലഖ്നോയുടെ ഹൃദയമിടിപ്പും ചിലങ്കകളുടെ പൊട്ടിച്ചിരികളായിരുന്നു; നൃത്തങ്ങൾക്കകമ്പടി സേവി

---

* ചില ഉത്തരേന്ത്യൻ സംഗീതോപകരണങ്ങൾ.

ക്കുന്ന സംഗീതം നഗരത്തിന്റെ ഹൃദയത്തിന്റെ സംഗീതമായിരുന്നു.

ഇവിടത്തെ യുവഹൃദയങ്ങളുടെ നെടുവീർപ്പുകൾ, കേട്ടു മറന്ന ഗസലുകളുടെ ഈണങ്ങളെ പ്രതിദ്ധ്വനിപ്പിച്ചിരുന്നു.

പനിനീരിന്റെ മനംമയക്കുന്ന വാസനയുള്ള നിങ്ങളുടെ തൂവാലകൊണ്ട്, എന്റെ നെററിയിലെ വിയർപ്പ് തുടയ്ക്കു ബീഗം . . . .

''സാബ്, നിങ്ങളധികം സംസാരിക്കരുത്; കൂടുതൽ ക്ഷീണിക്കും. ഡോക്ടർ പ്രത്യേകം പറഞ്ഞിട്ടുണ്ട് സംസാരിക്കരുതെന്ന്.''

''ഞാൻ സംസാരിക്കാതിരിക്കാം; നിങ്ങളൊരു പാട്ട് പാടണം.''

''ഞാൻ പാടാം; പക്ഷേ ഇപ്പോഴല്ല''

(ഓ, എനിക്കറിയാം, എന്താണിപ്പോൾ പാടാത്തതെന്ന്. ഇപ്പോൾ പാടിയാൽ, നിങ്ങളുടെ സുന്ദരശബ്ദം അപ്പുറത്ത് തെരുവിൽനിന്നുയരുന്ന വഴിവാണിഭക്കാരുടെയും, വാഹനങ്ങളുടെയും, ബഹളത്തിൽ ലയിക്കും.)

നിങ്ങൾ എന്റെ വാക്കുകൾ ശ്രദ്ധിക്കു — നിങ്ങൾക്ക് വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

ജീവിതത്തിന്റെ സുഖദുഃഖങ്ങളെ വാക്കുകളിലൂടെ ചിത്രീകരിക്കാനിഷ്ടപ്പെടുന്ന ഒരു ചെറുപ്പക്കാരൻ.

രാത്രിയുടെ നിശബ്ദതയിൽ, ഏകനായിരുന്ന് കവിതകൾ രചിച്ചും, സംഗീതോപകരണങ്ങൾ സ്വയം വായിച്ചാസ്വദിച്ചും ജീവിച്ചിരുന്ന അയാൾ, ഒരു രാത്രി, എങ്ങിനെയോ നവാബ്ഇനായത്ത്അലിയുടെ അരമനയിലെ നൃത്തസദസ്സിലെത്തി.

ആ രാത്രി അരമനയിൽ ലഖ്നോയിലെ പ്രമുഖരായ കവികളും, സംഗീതജ്ഞന്മാരും, മററുപൌരമുഖ്യരും സമ്മേളിച്ചിരുന്നു.

ക്ഷണിക്കപ്പെട്ട സദസ്സിനുമുമ്പിൽ, ഫിറോസ്പൂരിൽ നിന്നും, പ്രത്യേകം ക്ഷണിച്ചുവരുത്തിയ നർത്തകിയുടെ നൃത്തമായിരുന്നു, അന്നത്തെ പ്രധാന കലാവിരുന്ന്.

നർത്തകിയുടെ പേർ — നസീമ.

കണ്ണഞ്ചിപ്പിക്കുന്ന ആലങ്കതികദീപങ്ങളുടെ പശ്ചാത്തലത്തിൽ,

നഗരത്തിലെ പ്രമുഖരായ സംഗീതജ്ഞർ രംഗത്ത് വന്നു.

സംഗീതം . . . .

കൈവിരലുകളുടെ അത്ഭുതാവഹമായ വിരുന്ന് സൃഷ്ടിച്ച, ഹൃദയങ്ങളെ കോൾമയിർക്കൊള്ളിക്കുന്ന, സിരകളെ ചൂടുപിടിപ്പിക്കുന്ന സ്വർഗ്ഗീയ സംഗീതം.

നിമിഷങ്ങൾ . . . .

മെഹ്ന്ദി1 യണിഞ്ഞ കാലടികൾ, താൻബർസിൽ 2 മന്ദം മന്ദം വെച്ചുകൊണ്ട് അവൾ രംഗത്തുവന്നു.

ചിലങ്കകളുടെ പൊട്ടിച്ചിരികൾ ഷമീംലഖ്നവിയുടെ സുന്ദരശബ്ദത്തിന്റെയും, സംഗീതത്തിന്റെയും കൂടെ ഇഴുകിച്ചേർന്നു.

ആദ്യത്തെ നൃത്തം കഴിഞ്ഞപ്പോൾതന്നെ, അനേകം കണ്ഠങ്ങളിൽനിന്നു ശബ്ദങ്ങളുതിർന്നു:

''വാഹ്വേവാ . . . .''

''ശുബ്ബാനല്ലാ . . . .''

അതു് രണ്ടുപ്രാവശ്യംകൂടി ആവർത്തിക്കപ്പെട്ടു.

മററുപലരുടെ ഹൃദയങ്ങളും കവർന്നത്പോലെ ചെറുപ്പക്കാരനായ ആ കവിയുടെ ഹൃദയവും, നസീമ കവർന്നെടുത്തു.

അന്ന് അയാൾ ഉറങ്ങിയില്ല. ദിൽരുബയുടെയും സരോദിന്റെയും, തന്ത്രികളെ തലോടിയും, ഗസലുകളുടെ ഈണങ്ങൾ മൂളിയും രാത്രികഴിച്ചുകൂട്ടി.

പലരാത്രികളിലും, ആ പതിവ് തുടർന്നു.

പകലുകൾ ലഖ്നോനഗരത്തിലെ വീതികുറഞ്ഞ തെരുവുകളിലൂടെ അലഞ്ഞുനടന്നും, തന്റെ മുറിയിൽ ഒററക്കിരുന്നു ദിവാസ്വപ്നങ്ങൾകണ്ടും അയാൾതള്ളിനീക്കി.

ചിലരാത്രികളിൽ, നസീമയെക്കുറിച്ചാലോചിച്ചും, മററുചിലപ്പോൾ കവിതകളെഴുതിയും അയാൾ ജീവിച്ചു.

ദിവസങ്ങൾ വേഗത്തിൽ പറന്നകന്നുകൊണ്ടിരുന്നു.

നസീമ വീണ്ടും പലപ്രാവശ്യവും ദംസാഞ്ഞും, 3 ബിഖ്ർ4 യുമണിഞ്ഞു: എല്ലായ്പ്പോഴും നഗരത്തിന്റെ അഭിമാനം പിടിച്ചുപററി; വീണ്ടും അനേകംതവണ നവാബുമാരുടെ സനാനകളിൽ അന്തിയുറങ്ങി.

മററുള്ളവർ സ്വപ്നാടനക്കാരനെന്ന് വിശേഷിപ്പിച്ച ആ ചെറുപ്പക്കാരൻ, നസീമ എന്ന കൈയെത്താത്തദൂരത്തിലുള്ള സ്വപ്നത്തെയും നുകർന്നുകൊണ്ട് കഴിച്ചുകൂട്ടി.

''ദീവാ–നേ–ഗാലിബി''ന്റെയും ''യാദ്–ഗാ–രേ ദർദി''ന്റെയും, നഗ്മാ–ഏ–ഹസ്നോ–ഇഷ്ഖി'' ന്റെയും താളുകളിൽ കണ്ണുംനട്ടിരുന്നു. അയാൾ തന്റെ സ്വപ്നങ്ങൾക്ക് സ്വർണ്ണച്ചിറകുകൾ നല്കി.

ഗുൽനാർ മരത്തിന്റെ ചില്ലകളിലെ രാക്കിളികളേയും, ഹേമന്തരാവിലെ, നീലാകാശത്തിലെ താരകങ്ങളേയും കഥാപാത്രങ്ങളാക്കി അയാൾ കവിതകൾ രചിച്ചു.

— അവസാനം ഒരു രാത്രി.

---

1 മൈലാഞ്ചി

2 നൃത്തവേദിയിൽ വിരിക്കുന്ന പ്രത്യേകതരം കാർപ്പെററ്

3 രാജനർത്തകിമാരണയുന്ന വിശേഷപ്പെട്ട പട്ടുവസ്ത്രങ്ങൾ.

4 വിലകൂടിയ ഒരുതരം കൺമഷി.

നസീമയെക്കണ്ട തന്റെ ഹൃദയാഭിലാഷങ്ങൾ അയാളറിയിച്ചു.

അയാളുടെ വാക്കുകൾകേട്ട് അവൾ ഞെട്ടി.

മനസ്സിന്റെ നിഗൂഢതകളിലേക്ക് ആ വാക്കുകൾ ഊളിയിട്ടിറങ്ങി.

''അരമനകളുടെയും, കോട്ട-കൊത്തളങ്ങളുടെയും ചിലങ്കകളുടേയും ലോകത്ത്നിന്ന് രക്ഷപ്പെട്ട് നീയെന്നാണ് എന്റെ ജീവിതത്തിലേക്ക് കടന്നു വരിക?''

അവൾക്കും മറ്റൊന്ന് ചോദിക്കാനുണ്ടായിരുന്നു:

''സാഹിത്യത്തിന്റെയും, സംഗീതത്തിന്റെയും ലോകത്ത്നിന്ന്, നിങ്ങളെന്നാണ് പുറത്ത് വരിക?''

എങ്കിലും, അവളറിയാതെ, അവളുടെ ബിഖ്രയണിഞ്ഞ കണ്ണുകൾ നനഞ്ഞു. ഒട്ടനവധി പ്രേമകവിതകൾക്ക് ജന്മം നല്കിയ ആ സുന്ദരവദനത്തിലേക്ക് കണ്ണുനീർമുത്തുകൾ, ഒലിച്ചിറങ്ങി.

— നസീമ പരാജിതയായിരുന്നു. യൗവനത്തിന്റെ മധുരിമയിൽ താൻകണ്ടസ്വപ്നങ്ങൾ തകർന്നുതകർന്നു തരിപ്പണമാവുന്നത് നിസ്സഹായയായി നോക്കിനിന്നവളായിരുന്നു അവൾ.

ഒരു നർത്തകീകുടുംബത്തിൽ പിറന്നതായിരുന്നോ അവൾചെയ്തകുററം?

അതോ, ആരോ, ആർക്കോവേണ്ടി നിർമ്മിച്ച തടവറയിലേക്ക് സ്വയം കടന്നുചെന്നതോ?

ബീഗം നിങ്ങൾ ശ്രദ്ധിക്കണം, ഈ കഥ നിങ്ങൾക്ക് വേണ്ടി മാത്രമാണ് പറയുന്നതു്.

നസീമക്കുവേണ്ടി അയാൾ പാടിക്കൊണ്ടിരുന്ന ഗാനത്തിന്റെ ഈരടികൾ, കാററിലലിഞ്ഞുതീർന്ന സുഗന്ധം പോലെ പരിപൂർണ്ണമായും, പിറകിൽനഷ്ടപ്പെട്ടപ്പോൾ രാത്രിയിലെ തെരുവിന്റെ ശൂന്യതപോലെ, പകലിന്റെ മനം മടുപ്പിക്കുന്ന ബഹളംപോലെ കണ്ണുകളെ നിഷ്ക്രിയരാക്കുന്ന കൂരിരുട്ടിനെപ്പോലെ, അയാളുടെ മനസ്സിനെ ദുഃഖം കീറിമുറിച്ചു.

ജീവിതത്തിന്റെ സന്തോഷവും, പ്രേമത്തിന്റെ വശ്യതയും, അയാൾ മറന്നു; അയാളുടെ കവിതകൾ, ദുഃഖത്തിന്റെ കറുത്ത മുഖാവരണമണിഞ്ഞു; അയാളുടെ ഭാവന വേദനയുടെ നേരിയ വലയത്തിനുള്ളിൽകിടന്നു.

സുന്ദരമായ സായംസന്ധ്യകളെ, മഞ്ഞുവീഴുന്ന പ്രഭാതത്തിലെ, തണുപ്പിന്റെ സന്ദേശവാഹകനായ ഇളം കാററിനെ, താരകൾ ചിരിക്കുന്ന ആകാശത്തിനെ . . . . എല്ലാം അയാൾമറന്നു.

ചിലരാത്രികളിൽ, ലഖ്നോനഗരത്തിന്റെ മങ്ങിയ വെളിച്ചമുള്ള ഇടുങ്ങിയ തെരുവുകളിൽ ഏകനായിനടന്ന് അയാൾ പാടി:

''ആസ്മാകീത്നെ സിതാരേഹെ തെരെ-മെഹഫിൽമെം . . . .''

അയാളുടെ ദുഃഖം തന്റെ പ്രേമനൈരാശ്യത്തിന്റെ മാത്രം ദുഃഖമായിരുന്നില്ല.

തലമുറകൾ നിർമ്മിച്ച നിയമത്തിന്റെ കരങ്ങളുടെ ആഘാതം അയാളിൽ സൃഷ്ടിച്ച വേദനയുടെ ദുഃഖംകൂടിയായിരുന്നു.

ബീഗംജമീലാനാസിർ, ആ ചെറുപ്പക്കാരനെ നിങ്ങളറിയുമോ?

അതു് ഞാനാണ്; നിങ്ങളുടെ മുന്നിൽ നിസ്സഹായനായികിടക്കുന്ന ഈ മനുഷ്യൻ. പൊയ്മുഖമില്ലാത്ത ഉടയാടകളില്ലാത്ത ലഖ്നോനഗരത്തെ, ഇവിടുത്തെ നർത്തകികളുടെ ചിലങ്കകളുടെ നാദത്തെ സ്നേഹിക്കുന്ന ഈ മനുഷ്യൻ.

ബീഗം, എന്റെ കവിതകളെ ആസ്വാദകർ അമിതമായിഷ്ടപ്പെടുന്നു; നിരൂപകർ വാനോളം പുകഴ്ത്തുന്നു; യുടെ ആ കവിതകൾ സൃഷ്ടിച്ച ഭാവന, ഹൃദയവേദന പക്ഷേ തടവറയിലാണെന്ന് ആരറിയുന്നു.

ബീഗം, ദയവ് ചെയ്ത് ഈ ജാലകം ഒന്നടയ്ക്കു!

റോസാപൂവിന്റെ മണം പരത്തുന്ന നിങ്ങളുടെ കൈലേസുകൊണ്ട് എന്നെ വീശു!

നിദ്രയകന്ന രാത്രികളോടുള്ള പ്രതികാരമായി എരിഞ്ഞുതുടങ്ങുന്ന ഈ പകലിൽ, ഞാനൊന്നുറങ്ങാൻ ശ്രമിക്കട്ടെ!

# പണ്ടൊരു വസന്തത്തിൽ

പി. കിരാതദാസ്, III B. A.

— വൃദ്ധിക്ഷയങ്ങളില്ലാത്ത കാലത്തിന്റെ കാലടികളിൽ തണുത്തുറഞ്ഞ, പരിചിതത്വംവിടാത്ത പാത; തൈമാസത്തിലെ പ്രാതഃസ്സന്ധ്യ, അകലെ സുഷുപ്തിയായുയന്ന ഗൂഡലൂർമലയിൽനിന്നു് ശിഥിലമേഘങ്ങളെപ്പോലെ ഒഴുകിനടന്നു. ഉവ്വു്; കരിയിലകൾ പാറിവീണ സ്മൃതിയുടെ ഗുഹകളിലെവിടെയോ ഇതു് ഒളിഞ്ഞുകിടപ്പുണ്ടു്. ഈ വഴിത്താര; ഈ നിശ്ശബ്ദതീരം.

ഗ്ലാസുകൾ പൊക്കി കാറിൽനിന്നു് പുറത്തുകടന്നു് അയാളൊരു സിഗരറ്റു കത്തിച്ചു. പല രാത്രികളുടേയും അസുഖസ്മരണയുണർത്തി, ശബ്ദത്തോടെ ചുമച്ചു. ധൃതിയിൽ പാതയിലിറങ്ങുമ്പോൾ കിതച്ചു; അവളോർത്തു, നനഞ്ഞ പ്രഭാതത്തിൽ ഒരു വൃദ്ധനായ കോമാളിയെപ്പോലെ അയാൾ, മേജർ: ജി. ഡി. മേനോൻ.

— ശ്രീ, ഹൗ ഫാർ ഈസ് ദിസ് പ്ലേസ്?

— ഇതാ, ഇവിടെത്തന്നെ.

നടക്കുമ്പോൾ അവൾക്കു് ശ്വാസംമുട്ടൽ വന്നു. വേഗതകൂടിയ ഹൃദയമിടിപ്പുകളുടെ കനത്ത ബന്ധനത്തിൽ ഒരു നിമിഷം അവൾ ബോധത്തിൽനിന്നു് വഴുതി വീണു. ആ മയക്കം അവളുടെ നെറ്റിയിൽ അനേകം ജലബിന്ദുക്കളുണർത്തി. മേജറുടെ തടിച്ച കൈത്തണ്ടകളിൽ അവളൊരു ക്ഷീണമായി നിന്നു.

— പ്രോബബ്ലി ദ ചേഞ്ച് ഓഫ് വെദർ —

പാത, ഒരു ചെറിയ കുന്നു കയറി വയലിലേയ്ക്കിറങ്ങി. ചോർന്നുപോയ ഒരു യുഗത്തിന്റെ സ്മരണകൾപോലെ അവിടമെങ്ങും ഹിമബിന്ദുക്കൾ തിളങ്ങിനിന്നു. ഒരു പരിദേവനം തീർന്നു. ക്ഷീണത്തോടെ മയങ്ങിക്കിടന്ന പുൽത്തുമ്പുകൾ. അവൾ തിരിഞ്ഞു്, അയാൾക്കായി കാത്തുനിന്നു.

— നോക്കൂ വഴുക്കലുണ്ടു്.

— ഇറ്റ്സ് ഓൾ റൈറ്റു്; ഇറ്റ്സ് ഓൾ റൈറ്റ്.

ഇപ്പോൾ കാറ്റിനു് രൂക്ഷതയില്ല. അകലെയൊരു താഴ്വരയിൽനിന്നു് ഓർമ്മകളുടെ ഊഷ്മളതയോടെ അതു് മുഖത്തടിച്ചു. ചുരമിറങ്ങുമ്പോൾ ഓരോ തിരിവിലും മുഖത്തടിയ്ക്കാനായി ശീതക്കാറ്റു് കാത്തുനിന്നിരുന്നു. അപ്പോഴെല്ലാം അവളുടെ കവിളുകൾക്കു് ചോക്കലേറ്റു് നിറം നഷ്ടപ്പെടുകയും വിളപ്പു് ബാധിക്കുകയും ചെയ്തിരുന്നു.

[ — യു ഹാഫ് ബ്യൂട്ടിഫുൾ ചിക്ക്സ്, ടീച്ചർ. ആൻ ഈവ്നിങ്ങു് . . . .

— തലയിൽ സ്കാർഫു കെട്ടിയ, കണ്ണുകളിൽ സ്വപ്നമുറങ്ങിയ മെലിഞ്ഞ പെൺകുട്ടി. ലൈബ്രറിഹാളിനു വെളിയിൽ, വരാന്തയിൽ, ഇതു് പറയാനായി കാത്തുനിന്ന പാവം കുട്ടി. ]

അമ്പലപ്പറമ്പിലെത്തിയപ്പോൾ ഒരു നിമിഷം അവളത്ഭുതപ്പെട്ടു. കളഞ്ഞുപോയതു് തിരിച്ചുകിട്ടിയെന്ന ഭാവത്തിൽ അവളുടെ കണ്ണുകൾ അത്ഭുതങ്ങളായി. എന്നാൽ ഉടനെത്തന്നെ അതിന്റെ പുതുമ അവൾക്കു് നഷ്ടപ്പെടുകയും ചെയ്തു. തന്റെ ധമനികളിലൊഴുകിനടക്കുന്ന അസ്വാസ്ഥ്യത്തിന്റെ, മടുപ്പിന്റെ ഇക്ഷുരസത്തിലെ ചലിയ്ക്കുന്ന ബിന്ദുക്കളായി ഇവ രൂപാന്തരപ്പെട്ടുപോകുന്നതു ദുഃഖത്തോടെ അവൾ മനസ്സിലാക്കി.

മുഖം നിറഞ്ഞ ഒരു പുഞ്ചിരിയിൽ ക്ഷീണം അലിയിച്ചുകളയാൻ ശ്രമിച്ചുകൊണ്ടു് അയാളൊരു സിഗരറ്റുകൂടി കത്തിച്ചു.

ഒരു സന്ധ്യയുടെ രക്തച്ഛവികലർന്ന സ്മരണയുടെ കീഴിൽ അവൾക്കു് ശ്വാസംമുട്ടി. ഒരായിരം കൈത്തണ്ടകളുടെ ബന്ധനം. സ്വപ്നത്തിന്റെ നേരിയ കമ്പികളിൽ ഒരു ഹിന്ദുസ്ഥാനി രാഗത്തിന്റെ ചിറകടിയൊച്ചകളുണ്ടാക്കുന്ന തടിച്ചുരുണ്ട വിരലുകൾ.

“ഐ വെയ്റ്റു് ബൈ ഫയർലിറ്റു് സ്റ്റോൺസ് . . . .”

ഉറക്കം കൈവിട്ട നിമിഷത്തിൽ അനേകം നക്ഷത്രങ്ങളുടെ നടുവിൽ ഏതോ രാജകുമാരന്റെ തോളിൽ തലചായ്ച്ചു്—

— ടോക്ക് സംതിങ്ങ് ഡിയർ.

— അയാൾ അവളെ വാർദ്ധക്യത്തിലേയ്ക്കു് തിരിച്ചുവിളിച്ചു. കൗമാരത്തിലെ രാത്രി, ഒരു വലിയ നിശ്വാസ

മായി വീണ്ടുമവളിൽനിന്നൂന്നുപോയി. അവാം ചൂണ്ടി ക്കാണിച്ചു. കാലം തടവിൽകിടന്ന വലിയ തറവാട്ട്; മദ്ധ്യാഹ്നവെയിലിൽ ഒരു വലിയ നിഴൽപ്പാടുപോലെ പടന്നുകിടന്ന നാലു കെട്ട്.

ഒതുക്കുകല്ലുകാം കയറി അവാം കിതച്ചു. പുനഃസ്സമാഗമം. പ്രഭാതത്തിലെ മയക്കംപോലെ വരാന്ത; തെക്കിനിപ്പടി ചാരി നിന്നു, അമ്മായി.

— തൻെറ പാതയുടെ ആദിയുമന്ത്യവും ഈ ശുഷ്ക്കിച്ച കൈകളിൽതന്നെ; കാലം ചവിട്ടിമെതിച്ച ഈ മുഖം തന്നെ.

[മുകളിൽ ഒരു ഇരുണ്ട കോണിൽ, കാൽമുട്ടുകളിൽ തല യൂന്നിയിരുന്ന പെൺകുട്ടി. ലോകം ഒരത്ഭുതമായി മാറി നിന്നപ്പോാം, കാൽക്കീഴിലെ ആദ്യത്തെ സ്വപ്നബിന്ദുക്കളി ലേയ്ക്കു നോക്കി അമ്മായി ചിരിച്ചു. സമാഗമങ്ങളില്ലാത്ത, അന്ത്യമില്ലാത്ത നഗരപാതയിൽ ആ മന്ദഹാസത്തിൻെറ സൗന്ദര്യം കണ്ടില്ല; വിസ്കിയും സിഗരററും മണക്കുന്ന 'സോാംജിയേഴ്സി'ൽ കണ്ടില്ല; കോളേജിൽ, അനേക മനേകം ഉടുത്ത മുഖങ്ങളിൽ, ഒന്നിലും കണ്ടില്ല. മേജർ. ജി. ഡി. മേനോൻ. നിങ്ങളുടെ സമൃദ്ധിയിലും കണ്ടില്ല.]

— നോക്കു അമ്മായി, എനിയ്ക്കൊരുമാസം ലീവുണ്ട്. അമ്മായി വല്ലാതെ മെലിഞ്ഞുപോയി. എട്ത്തു അമ്മാ വനും രാജശേഖരനും? ഇവ്ട്ത്തെ ചങ്ങലവിളക്ക് എവിടെ, അമ്മായി? നോക്കു മി. മേനോൻ, അഞ്ചു കൊല്ല മാണ് കഴിഞ്ഞതു്. അഞ്ചു കൊല്ലത്തിനുശേഷം—

ആ നിമിഷം, അവളിൽ ഒരു വിത്തു വിതച്ചു. ഊന്നു പോയവ മുറുക്കിയുടുക്കാൻ അവാം ശ്രമിച്ചുകൊണ്ടിരുന്നു. മറെറാരു വിന്മിഷ്ടത്തിൻെറ ക്ഷീണത്തിൽ അവളുടെ ശബ്ദ ത്തിൻെറ യൗവനം അലിഞ്ഞുപോയി.

— അവാം അകത്തളത്തിലേക്കു നടന്നപ്പോാം, അയാാം ഒരു തുണായി. നിശ്ശബ്ദതയുടെ, അപരിചിതത്വത്തിൻെറ തുണായി, പ്രഭാതത്തോടൊപ്പം അയാാം ആ പൂമുഖത്ത് എവിടെയോ നിലയുറച്ചു.

— കുട്ടീ, അതാണോ നിൻെറ ഭർത്താവ്?

— അതെയതെ. ഞാനെത്ര പ്രാവശ്യം—

— ഒരു യോഗേയ്. അയാാംക്ക് വയസ്സ് —

— ശ്ശ്. പതുക്കെ അമ്മായി. എനിയ്ക്കും വയസ്സായല്ലോ. നോക്കു എൻെറ തലമുടി നരച്ചുതുടങ്ങി; എനിക്ക് ക്ഷീണം ബാധിച്ചുതുടങ്ങി; എനിയ്ക്കുറക്കമില്ല—

അതിൻെറ വിരസതയിൽ അവാം മച്ചിലേയ്ക്കും, വട ക്കിനിയിലേയ്ക്കുമോടി. എവിടെ? നനവാന്ന മുടിയിൽ തുളസിയിലകാം ചൂടിയ പെൺകുട്ടിയെവിടെ? ഇവിട മൊരു സന്ധ്യയാക്കിയ സ്വപ്നമെവിടെ?

— പുറത്ത്, മേജർ മേനോൻ അമ്മായിയോട്ട് യുദ്ധ കാര്യങ്ങാം പറഞ്ഞു. പാരച്യൂട്ടിങ്ങിനെപ്പററി, ടോർ പിഡോയെപ്പററി, ഒളിപ്പോരിനെപ്പററി, അവളുടെ കോളേജിനെപ്പററി, അവരുടെ ഫ്ളാററിനെപ്പററി, ടെ ന്നീസ്ക്ലബ്ബിനെപ്പററി —

മട്ടപ്പോടെ അവാം കോണികയറി. ഇരുണ്ട മുറിയിലെ ജനൽപ്പാളികാം തുറന്നിട്ടു. പ്രഭാതമൊരു ക്ഷീണിച്ച കാ ററായി കടന്നുവന്നു. ജനലിന്നപ്പുറം, കുന്നിൻചരിവിൽ കാലയളവുകളുടെ വെള്ളിരേഖകാം തിളങ്ങി.

— തണുത്ത കട്ടിലിൽ ഒരു വശം ചെരിഞ്ഞു് പെൺ കുട്ടി കിടന്നു. കൂത്ത പെൻസിൽമുനകൊണ്ട് ചുവരിലെ ഴുതി.

"ഐ വെയ്ററു് ഇൻടെൻറ്" ബൈ ഫയർലിററു് സ്റ്റോൺസ് . . . . കം ഇൻ ആൻഡ്യ് വാച്ച് വിത്ത് മീ ദ ഡാർക്ക് . . . ."

കാലം, നനുത്ത ഒരു പാടയായി ആ ചെറിയ അക്ഷര ങ്ങളെ പൊതിഞ്ഞുനിന്നു. ഒരു വൃദ്ധയുടെ കൈവിരലോടെ അവളതു് അടത്തിക്കളഞ്ഞു. എന്നിട്ട് സ്വന്തം മുഖം കൈപ്പത്തികൊണ്ട് തുടച്ചു. കാലം തനിയ്ക്കു തന്ന മേലങ്കി അഴിയ്ക്കാനായി അവാം കൈകളുയർത്തി. ഊതുക്കാം വരച്ചിട്ട ചിത്രങ്ങാം മായ്ക്കാനായി അവാം വെമ്പൽകൊണ്ടു.

പുറത്ത് വളച്ച്യില്ലാത്ത മൊട്ടക്കുന്ന്. ഊതുക്കാം ആ ഭിത്തിയിൽ തട്ടിത്തെറിച്ചുവീണു; ആയിരം നഖങ്ങളുള്ള മദ്ധ്യാഹ്നം അവിടെ ജ്വലിച്ചുനിന്നു. നിലാവ് ഒരു പിടി ചാരമായി അവിടെ പടന്നുവീണു.


ഒരാവേശത്തിൽ അവാം തിരിഞ്ഞുനോക്കി. നോക്കു മ്പോാം, രസംപോയ കാലപ്പഴക്കംചെന്ന കണ്ണാടിയിൽ മിസിസ്: രാജശ്രീ മേനോൻ. മേജർ ജി. ഡി. മേനോ ൻെറ ഭാര്യ.

— വീണ്ടുമൊരിയ്ക്കൽകൂടി, മേജറുടെ കൈകളിൽകിട ന്ന് അവാം കരഞ്ഞു. ആ ഉന്മാദത്തിൽ അവാം ഷഡ്രി പൂക്കാം മറന്നു; നവരസങ്ങാം മറന്നു; ചതുരുപായങ്ങാം മറന്നു. ഒരു നഷ്ടത്തിൻെറ വലിയ കഥയുടെ ഊരാക്കുടു ക്കിൽ അവാം ചക്രശ്വാസം വലിച്ചു.

— വാട്ട് ഹാപ്പെൻഡ്യ് ററു യൂ? ശ്രീ എന്താ, എന്തു പററി? വാട്ടീസ് ദിസ്?

അതു്, മിസ്സിസ് രാജശ്രീമേനോൻെറ ഒരേയൊരു മോചനമായിരുന്നു.

# ശിശിരത്തിന്നു് മുമ്പു് മനസ്സിൽ എരിഞ്ഞുറഞ്ഞു മരിച്ചവൾ



**എ. റിയാസുദ്ദീൻ, I B. Sc.**

വർഷകാലത്തു് അലിഞ്ഞു വിറയ്ക്കുന്ന ചെമന്ന തുരുത്തിനെ ഉരുമ്മി ഒഴുകുന്ന നദിയിൽ ചോരനിറമുള്ള രേഖകൾ പിടഞ്ഞു. ജലം പാടകെട്ടിയ പടവിൽ അമർത്തിച്ചവുട്ടിക്കയറുമ്പോൾ സി. ജെ. ദേവു് പെൺകുട്ടിയുടെ ചുമലെല്ലിൽ അമർത്തിപ്പിടിച്ചു. കൺതടത്തിൽ തെറിച്ചു പടർന്ന നീലഞരമ്പുകളിൽ ചുണ്ടമർത്തി ദേവു് പെൺകുട്ടിയോടു് ചോദിച്ചു —

''സബിത ഇന്നു കൂടുതൽ സന്തോഷവതിയാണു്?''

ഗർഭഗൃഹത്തിന്റെ മരണം മനസ്സിൽ വിടർത്തിയ പുണ്ണിൽ വിരലമർത്തി പെൺകുട്ടി ഇളംചെമപ്പു് നിറമുള്ള ടെലഗ്രാംകടലാസ്സു് കടിച്ചുനുറുക്കി; കുളിർന്നുവിറക്കുന്ന താടിയെല്ലിന്റെ താളം നിയന്ത്രിക്കുവാൻകൂടിയായിരുന്നു അതു്.

ദേവിന്റെ മാറിൽ സർപ്പത്തെപ്പോലെ പുളഞ്ഞപ്പോൾ പെൺകുട്ടി പറഞ്ഞു: ''ഇന്നെന്റെ അമ്മ മരിച്ചല്ലോ.''

കുപ്പിയിൽനിന്നും തുളുമ്പിത്തെറിച്ച ഒരുതുള്ളി വിസ്കി പോലെ അലിഞ്ഞു വററുന്ന പെൺകുട്ടി അയാളുടെ ഞെട്ടൽ അറിയാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചു. നെററിയിൽ പ്രായം മാന്തിയ ചാലുകളിൽ അവൾ കൈനഖംകൊണ്ടു് ആഴം സൃഷ്ടിച്ചു.

''സബിതയ്ക്കു ദുഃഖമില്ലേ?''

''തകർന്ന പർണ്ണശാലയിൽ ഞാൻ പണ്ടൊരന്തേവാസിയായിരുന്നതുകൊണ്ടോ? ഹോ! എന്റെ നന്മകളുടെ ദേവു്, അങ്ങു പാവം പാവം!''

നിമിഷങ്ങളിൽ സബിത ഒരോർമ്മക്കുറിപ്പുപോലെ തളർന്നു മയങ്ങി. ചാരുബെഞ്ചിൽ ചുരുട്ടി എറിഞ്ഞ സാരിക്കുത്തു് ഒരു വയലററുശവമായി കാററിലുറങ്ങി. സബിത എന്ന പെൺകുട്ടി ഞരങ്ങി. ''ഓ, എന്റെ പ്രൊമിത്തിയസ്, ഇന്നെന്റെ അമ്മ മരിച്ചല്ലോ.''

ദേവു് ദുഃഖത്തോടെ, അസ്വസ്ഥതയോടെ ഇംഗ്ലീഷു പത്രത്തിലെ അക്ഷരത്തിൽ ഒഴുകി. സ്വപ്നത്തിന്റെ നേരിയ ഇഴകളിൽ തന്റെ ആനിമയായി പ്രത്യക്ഷപ്പെടാറുള്ള പെൺകുട്ടി ഉറവപോലെ സദാ തെളിഞ്ഞൊഴുകിയിരുന്നവൾ, അവളുടെ ഉലഞ്ഞ നിഴലിന്റെ അടിവേരിൽ അയാളുടെ കണ്ണുകൾ അലഞ്ഞു.

ഒരു നെയ്‌വിളക്കിന്റെ നാളമായ് സബിത ഉലഞ്ഞു. ദേവു് പെൺകുട്ടിയുടെ ഈറനായ മുടിയിൽ വിരലോടിച്ചു പതുക്കെ പറഞ്ഞു: ''കുട്ടീ, നിനക്കിന്നു വീട്ടിൽ പോകണ്ടേ?''

ചാറൽമഴയിൽ നനഞ്ഞു വിറയ്ക്കുന്ന തകർന്ന ക്ഷേത്രാവശിഷ്ടങ്ങളെ പുണർന്ന് ഒരു കീറു മിന്നലിൽ കണ്ണോടിച്ചു പെൺകുട്ടി വെറുപ്പോടെ പിറുപിറുത്തു. ''ഓ, എനിക്കു വയ്യ, ഒട്ടും വയ്യ.''

വൈദ്യുതവിളക്കുകൾ ചുരത്തിയ നനഞ്ഞ വെളിച്ചത്തിൽ കാവിനിറംപൂണ്ട നിരത്തു് ആലസ്യത്തോടെ കിടന്നു.

മനസ്സിൽ വക്കുപൊട്ടിച്ചു പടർന്നൊഴുകുന്ന നിസ്സഹായതയോടെ ദേവു് പെൺകുട്ടിയുടെ പൊള്ളുന്ന വിരലുകളെ ഞെരടി. അവൾ തന്നിലലിഞ്ഞുലയിക്കാൻ വെമ്പുകയാണെന്നറിഞ്ഞപ്പോൾ ദേവു് പറഞ്ഞു, ''ഇന്നു വേണ്ട കുട്ടീ, മറെറാരിക്കൽ.''

സബിത ചരിഞ്ഞുകിടന്നു ഏങ്ങലടിച്ചു. ''ഞാൻ എന്തൊരാഗ്രഹത്തോടെയാണു് വന്നതു്, എല്ലാം പോയല്ലോ.''

പെൺകുട്ടിയിലെ ഈ വളർച്ച ദേവിനു അപ്രാപ്യമായിത്തോന്നി. പ്രപഞ്ചദുർഗ്രഹതയാകെ അലിഞ്ഞു ഉറഞ്ഞു ഒരു ബിന്ദുവായിത്തീരുന്നു.

അയാൾ ഒരു ചാർമിനാറിനു തീ കൊളുത്തി, ആഞ്ഞു പുകച്ചു ധൂമവലയങ്ങളുയർത്തി. ധൂമവലയത്തിലെ അവസാനത്തെ പടലംപോലും ചിതറി അലിഞ്ഞില്ലാതെയായപ്പോൾ അയാൾ ഓർത്തു. എന്തൊരു പേടിപ്പെടുത്തുന്ന അകൽച്ച. ഇവിടെ ഭീകരത വീർപ്പുമുട്ടിപ്പുകയുന്നു.

വഴിയിൽ പടന്ന ഒരു ടോർച്ചുവെളിച്ചം ഒററയടിപ്പാതയിലേക്കു പരന്നപ്പോൾ ദേവു് ഞെട്ടി. ആരായിരിക്കും ഈ രാത്രിയിൽ? ഞെട്ടലൊതുക്കാനാവാതെ ദേവു് കുഴഞ്ഞു. ഭയത്തിൻെറ ചീളുകൾ മനസ്സിൽ വിടരുകയും വിറച്ചു പൊലിയുകയും ചെയ്തു. അയാൾ വരണ്ട ചുണ്ടുകൾ കടിച്ചു നനച്ചു.

“സബിത എന്നെ സഹായിക്കൂ . . . .”

“അതിനല്ലേ ഞാൻ വന്നെ” അവളുടെ നനവു് പററിയ കൺപീലികൾ പിടച്ചു. “ദേവു്! എൻെറ ദേവു്, അങ്ങെന്നെ സ്വീകരിക്കൂ . . . .”

“കുട്ടീ നിനക്കിന്നു ഭ്രാന്തുപിടിച്ചിരിക്കുന്നു.”

“എനിക്കു വല്ലാണ്ടു തണുക്കുന്നല്ലോ” സബിത വാക്കുകളിൽ ബോധപൂർവ്വം ലാഘവംവരുത്തുകയാണെന്നു് തോന്നി.

“സബിത, നിന്നിലെ സബിത എവിടെ?”

“അവൾ മരിച്ചല്ലോ.” പെൺകുട്ടി ചെറുതായി കാററിലുലഞ്ഞുടയുന്ന വിളക്കുചങ്ങലപോലെ ചിരിച്ചു. അസ്ഥാനത്തു് കുത്തിവരച്ച ആശ്ചര്യചിഹ്നം.

ഹോസ്റ്റലിലെ റൂംമെയ്ററ് രാജലക്ഷ്മി ടൈഫോയ്ഡ് പിടിപ്പെട്ടു ആശുപത്രിയിൽ പ്രവേശിച്ച ദിവസം കരഞ്ഞു കരഞ്ഞു കവിളിൽ കരിമഷി പടർത്തിയ സബിത എവിടെ? തല ചിതറി പവിഴബിന്ദുക്കൾ പൊടിഞ്ഞ മഞ്ഞത്തൂവലുകളുള്ള കൊച്ചുപക്ഷിയെ നോക്കി എന്തിനെന്നറിയാതെ സുഗതയെപ്പോലെ വിങ്ങലൊതുക്കിയ സബിതയെവിടെ? ഈ സബിത പൂർണ്ണയല്ല.

മൃത്തവും അമൃത്തവും തമ്മിൽ വിടപറയുന്നതെവിടെവെച്ചാണു് ...... ദേവിൻെറ ചിന്ത കനത്ത ഓളങ്ങളെ മുറിച്ചൊഴുകി.

“ഈ പുണരലും ചുംബനവും ഞാനെന്നേ മടുത്തു, എന്തൊരസഹ്യത.” മലർന്നുകിടക്കുന്ന നഗ്നയായ തീരം തിരമാലകളോടു വെറുപ്പോടെ മൊഴിഞ്ഞു. ഏകതാനതയുടെ മടുപ്പിൽകിടന്നു കാലങ്ങളായി പുളയുന്ന തീരം ദേവിൽ അനുകമ്പ തൊട്ടുണർത്തി. ആ ശീൽക്കാരത്തിനു് ഒരു താളവുമില്ല; സംഗീതവുമില്ല — ദേവു് ദുഃഖിച്ചു.

സബിതയിലെ പുതിയ പ്രവാഹത്തിൻെറ രൂപരേഖപോലും സ്കെച്ചുചെയ്യാനാവാത്തതെന്തേ? മനസ്സിൽ ബിയർപോലെ പതഞ്ഞുവിടർന്ന അസ്വസ്ഥത നിലയ്ക്കാതെ നുരഞ്ഞുകുത്തി. നീ ചുരത്തിയ നരച്ച ദുഃഖത്തിൻെറ വിത്തുകൾ ഗർഭംധരിക്കാതെ നാമ്പുകുരുക്കാതെ നനുത്ത പുറമ്പോക്കിലെവിടെയോ ചിതറിമരിച്ചിരിക്കുന്നു. മരീചികപോലുമുയർത്താനാവാത്ത അനാഥമായ മരുപ്പറമ്പേ, നീ ശപിക്കപ്പെട്ടവനാണു്. നീ ശാപത്തിൻെറ ജന്മാവകാശിയാണു്.

പകലുറക്കത്തിലെ ഏതോ ഒരു സ്വപ്നംപോലെ സബിത ഒന്നുലഞ്ഞു. “എൻെറ ദേവിനിന്നു സുഖമില്ല . . . .?”

“സബിതക്കു അവസാനമായി അമ്മയുടെ ശവമൊന്നു കാണണ്ടേ?” ദേവിൻെറ വാക്കുകളുടെ വക്കു് കൂർത്തതായിരുന്നു.

“കാണാലോ — അതിനെന്താത്ര തിടുക്കം?”

“ഒരു തിടുക്കവുമില്ലെന്നോ?”

അന്നു രാത്രി വലിയൊരു ചിലന്തിവലയ്ക്കപ്പുറവും ഇപ്പുറവുമായി അവർ ചേർന്നുകിടന്നു. മനസ്സിൽ കുരുടിപ്പാമ്പുകൾ നിർവ്വികാരതയിൽ പുതഞ്ഞു മയങ്ങി. വെളുപ്പിനെക്കാത്തു സി. ജെ. ദേവു്. സമുദ്രത്തിൻെറ ആഴപ്പരപ്പിൽ പവിഴംകൊണ്ടു നിർമ്മിച്ച നിരീയസ്സു് എന്ന കടൽക്കിഴവൻെറ വർണ്ണമുത്തുകൾ പതിച്ച കൊട്ടാരം കിനാവു കണ്ടു സബിത.

സൌന്ദര്യപ്പിണക്കം തീർന്ന വധുവെപ്പോലെ പ്രഭാതത്തിൻെറ കവിളുതെളിഞ്ഞപ്പോൾ പെൺകുട്ടി വഴക്കലുള്ള പഞ്ചായത്തുവഴിയിൽ അമർത്തിച്ചവുട്ടി നടന്നു. സി. ജെ. ദേവു് നിറംവാററിയ നിഴലായി അവളുടെപുറകെ ഒഴുകി. രോമാഞ്ചംപൂണ്ട നാട്ടിൻപുറത്തിനു ദുഃഖത്തിൻെറ ഗന്ധമായിരുന്നു. സാരിയുടെ ഞൊറികൾ ഇടതുകൈകൊണ്ടു് ഉയർത്തിപ്പിടിച്ചിരുന്നു സബിത. ഒരു രഹസ്യകാമുകൻെറ തോളുരുമ്മി അമ്മയുടെ മൃതദേഹം കാണാനണയുന്ന മകൾ. അവൾ പറഞ്ഞുതുടങ്ങി —

“അന്നു പ്രധാനമന്ത്രി മരിച്ചപ്പോൾ വിദ്യാലയത്തിനൊക്കെ ഒഴിവായിരുന്നു. കുപ്പായത്തിൽ കറുത്ത തുണിക്കഷണം തുന്നിച്ചേർത്തു ആർത്തുചിരിച്ചു ഒഴിവാഘോഷിക്കുന്ന പാവം കുട്ടികളെ ഓർത്തു ഞാൻ മാസങ്ങളോളം ദുഃഖിച്ചല്ലോ ദേവു്. അന്നെനിക്കു ദുഃഖം പകലുറക്കംപോലായിരുന്നു.

ഒരു സത്യത്തിൻെറ കനത്തു പരുപരുത്ത പുറന്തൊലി നനുത്തൊരു പാടപോലെ നഖംകൊണ്ടവൾ നുള്ളിക്കളയുന്നു. ജീവിതം ആലസ്യത്തിലെ ഒരു ബിന്ദുവായ് മഞ്ഞുതുള്ളിയായ്, മഞ്ഞുതുള്ളിയിലെ മാരിവില്ലായി വികസിച്ചു ലയിച്ചുപോയിരിക്കുന്ന ആ കാലത്തിൽനിന്നും ഇവിടേക്കുള്ള യാത്ര! അതെത്ര വലുതാണു്.

അന്തരീക്ഷത്തിനു പുതിയൊരു ഗന്ധം കൈവന്നപ്പോൾ ദേവു് സബിതയുടെ കണ്ണുകളിലേക്കു നോക്കി. എല്ലും മാംസവും കത്തിയെരിയുന്ന മാംസഗന്ധത്തിൻെറ അസഹ്യത സബിതയുടെ കണ്ണുകളിൽ ഓളംവെട്ടി. ചിതയുടെ ആയിരം കണ്ണുകളിൽ അമ്മയുടെ പകുതിവെന്ത ശരീരം പുകഞ്ഞും അല്ലാതെയും കത്തുമ്പോൾ പെൺകുട്ടി നിർവ്വികാരയായി കാൽനഖംകൊണ്ടു് പൂഴിയിൽ കുഴികുത്തി.

തകർച്ചയുടെ മാറാലവീണ കറുത്ത ഹൃദയങ്ങളിലെ തേങ്ങലിന്റെ ചരിത്രമറിയാതെ, കറുത്ത പ്രകാശം ത്രസിക്കുന്ന മുഖത്തെ തളർത്തിയ ഭാവം പ്രധാനമായും എന്താവണം?

ചിതയുടെ കണ്ണുകളിൽ മരണം കരിക്കട്ടവിതറിയപ്പോൾ സബിത തിരിഞ്ഞുനടന്നു. അനിയത്തി പാവാട ഉലച്ച് ശബ്ദമുണ്ടാക്കി ഒപ്പം നടന്നു പതുക്കെ ചോദിച്ചു.

''ചേച്ചി വരാനെന്തേ ഒത്തിരി വൈകി?''

''ഇല്ലമോളെ. ചേച്ചി സമയത്തിനു വന്നല്ലോ.''

മനസ്സിൽ ഇരുളുവിടർത്തിയ അർബ്ബുദത്തിന്റെ പൂക്കളെ ചവുട്ടിഅരക്കാനുയർന്ന കാലു വിറയ്ക്കുന്നു. അനിയത്തിയുടെ കണ്ണിൽ തിരയടക്കിനിന്ന സമുദ്രത്തിൽ വെറുപ്പിന്റെ ലാഞ്ഛന കലർന്നിട്ടുണ്ടോ എന്നന്വേഷിക്കുകയായിരുന്നു സബിത.

സ്മൃതിയിൽ ഒതുക്കുകൾ ചവുട്ടിക്കയറുമ്പോൾ സബിത കിതച്ചു. മുഷിഞ്ഞുകീറിയ നീലകർട്ടന്റെ അരികിലേക്കു മാറി ദേവിനോടു ചേർന്നുനിന്നുകൊണ്ടവൾ പതുക്കെ പറഞ്ഞു.

''അമ്മയുടെ ചുണ്ടിലെ വെളുത്ത പാടിനെക്കുറിച്ച് ഒരിക്കൽ ഞാൻ പറഞ്ഞല്ലോ. അതൊന്നും എന്നിൽ അറപ്പ് ഉണ്ടാക്കിയിട്ടില്ല. ഒരൊളിച്ചുകളിയായിരുന്നല്ലോ ദേവ്, ഇത്.''

# സൃഷ്ടി

സുജാത പി. യു., II P. D. C.

സുഹൃത്തുക്കൾ തിരക്കിലലിഞ്ഞു ചേർന്നപ്പോൾ അയാൾ തന്റെ ശില്പശാലയിലേയ്ക്കു് മടങ്ങി. രവിയെയും ഹമീദിനെയുംപററി ഓർത്തോർത്തു് അയാൾ മന്ദഹസിച്ചു. അവർ തർക്കിക്കുകയായിരുന്നു ഇതുവരെ തന്റെ കഥകളായിരുന്നു വാദവിഷയം.

"തനിയ്ക്കെന്താണെടോ മരണത്തോടിത്ര ആഭിമുഖ്യം?" അവർ ചോദിച്ചു.—

"സൗഭാഗ്യങ്ങൾ വീർപ്പുമുട്ടിക്കുന്ന താൻ ജീവിതത്തിന്റെ അർത്ഥശൂന്യതയെപ്പററി, മോഹഭംഗങ്ങളെപ്പററി എഴുതുന്നതിനെന്താണർത്ഥം?"

അവരുടെ അസൂയനിറഞ്ഞ നോട്ടങ്ങൾ കണ്ടപ്പോൾ മനസ്സിൽ തെളിഞ്ഞതു് സുന്ദരിയായ ലതികയായിരുന്നു; സ്റ്റാററസ്സുള്ള ജോലിയായിരുന്നു.

ചിരിച്ചുകൊണ്ടു് ചോദിച്ചു, "എന്താ മോഹഭംഗവും സന്ത്രാസവുമൊക്കെ വല്ലവരുടെയും കുത്തകയാണൊ?", "ഒന്നു നന്നായി ചിന്തിച്ചുനോക്കിൻ. ജീവിതം ഒരു മിഥ്യയല്ലെ? മരണമെന്ന സത്യത്തിലേയ്ക്കുള്ള ഒരു വെറും പ്രയാണംമാത്രം. എനിക്കു് ഒരു കാമുകിയേ ഉള്ളൂ — മരണം." ഗൗരവത്തിൽ കൂട്ടിച്ചേർത്തു.

വാദിച്ചു മടുത്തതുകൊണ്ടോ, എന്തൊ അവർ വേഗം സ്ഥലംവിട്ടു. ഇനിയും സമയം മെനക്കെടുത്തിക്കൂടാ, എഴുതാനിരുന്നു. എന്റെ സൃഷ്ടി — എന്റെ വേദന — ഇതു് ഇന്നുതന്നെ മുഴമിയ്ക്കണം.

കാലഘട്ടത്തിന്റെ വേദനമുഴുവൻ, മോഹഭംഗങ്ങൾ മുഴുവൻ മാറാപ്പിലേന്തി അലയുന്ന പഥികൻ കഞ്ചാവിന്റെ പുകച്ചുരുളുകളിൽ, ഭാംഗിന്റെ ലഹരിയിൽ. ഭക്തിയുടെ ലഹരിയിൽ, കലാദേവതയുടെ കോവിലുകളിൽ — എല്ലാം അയാൾ ഒഴുകി. ഒരു പുതിയ ദിനത്തിന്റെ സൃഷ്ടിയുടെ വേദനയിൽ — ചുവപ്പിൽ — പിടയുന്ന പ്രഭാതങ്ങളിൽ, ചൂടുള്ള ലാവ പരന്നൊഴുകുന്ന നട്ടുച്ചകളിൽ, കട്ടിക്കൂടിയ ഇരുട്ടു പരക്കുമ്പോൾ വിജനമാവുന്ന കടൽക്കരയിലെ സായംസന്ധ്യകളിൽ — എല്ലാം അയാളലഞ്ഞു. മരണമെന്ന സത്യത്തെത്തേടി. എന്നാൽ, മരണം അയാളെ ഗൗനിച്ചതേയില്ല. എപ്പോഴാണു് നീ എന്നെ ആലിംഗനം ചെയ്യുക? അയാളുടെ ആത്മാവു് തേങ്ങി.

പ്രമേയം കൊള്ളാം. ഇനി ഇതിന്റെ സൃഷ്ടി തുടങ്ങാം. നിമിഷങ്ങൾ കടന്നുപോകുന്നതറിഞ്ഞില്ല. എഴുതുന്നതിനിടയിൽ വാതിലിൽ ഒരു നനുത്ത മുട്ടു്. ചാടിയെണീററു് ഈഷ്യയോടെ വാതിൽ വലിച്ചുതുറന്നു.

വാതില്ക്കൽ സുന്ദരിയായ ഒരു കുറിഞ്ഞിപ്പൂച്ച വശ്യമായി മന്ദഹസിച്ചുകൊണ്ടു് നില്ക്കുന്നു!! ആ മന്ദഹാസത്തിന്റെ പ്രകാശത്തിൽ മുങ്ങി അയാൾ ഒരു നിമിഷം നിന്നു. തന്നെ കടന്നു എഴുത്തുമേശപ്പുറത്തു കയറിയിരുന്നു· അതിനോടു് അയാൾ ഉദ്വേഗത്തോടെ തിരക്കി.

"നീ ആരാണു്? . . . . ഇവിടെ?"

"സൂക്ഷിച്ചു നോക്കൂ, എന്നെ മനസ്സിലായില്ലെ? ഞാനാണു് മരണം. നിങ്ങൾ അന്വേഷിക്കുന്ന മരണം."

അയാൾ ചെറുതായി ഞെട്ടി, "അല്ലല്ല." അവിശ്വാസം സ്ഫുരിയ്ക്കുന്ന നോട്ടത്തോടെ അയാൾ പറഞ്ഞു. "നീ മരണമല്ല; മരണത്തിന്റെ രൂപം ഇതല്ല."

ചെറുപ്പത്തിലേ, മുത്തശ്ശിയിലൂടെ പരിചിതമായ മരണത്തിന്റെ രൂപം ഇതല്ലല്ലൊ. പോത്തിന്റെ കനത്ത കുളമ്പടികളെപ്പററി ചിന്തിച്ചപ്പോൾ കടലാസ്സിൽ പതിഞ്ഞിരിക്കുന്ന പൂവിതൾപോലെയുള്ള കാലടികളിൽ നോട്ടം പതിഞ്ഞു. അയാൾക്കാശ്വാസമായി.

"വിശ്വാസമായില്ലെ? ഞാൻ മരണംതന്നെയാണു്. എന്നെ അന്വേഷിക്കുന്നവരെ, എന്റെ സ്നേഹിതരെ ഞാൻ ഇങ്ങനെയാണു് സമീപിയ്ക്കാറു്. വരൂ നമുക്കു പോകാം."

മൃദുവായ മാസ്മരശക്തിയുള്ള ശബ്ദം. വശ്യമായ മന്ദഹാസം. ചിരിയ്ക്കുമ്പോൾ നേർത്ത വരകളായിത്തീരുന്ന തിളങ്ങുന്ന പച്ചക്കണ്ണുകൾ. ആ ചിരി അയാളെ ഭ്രാന്തുപിടിപ്പിച്ചു.

"കടന്നുപോകൂ. എനിയ്ക്കിപ്പോൾ സമയമില്ല." — അയാൾ ആക്രോശിച്ചു.

"എന്താണസൗകര്യം?"

“ഇനിയെന്തൊക്കെ, എന്തൊക്കെ ചെയ്യാനിരിക്കുന്നുണ്ട്. (വൈകുന്നേരങ്ങളിൽ അക്ഷമയായി റോഡിൽ കണ്ണും നട്ടിരിക്കുന്ന ലതിക, തങ്ങളുടെ സായാഹ്നസവാരികൾ, നിവൃതിയുടെ നിമിഷങ്ങൾ, കൂട്ടുകാരുടെ പൊട്ടിച്ചിരികൾ ഉയരുന്ന രാത്രികൾ, തന്റെ കഥകൾ കാത്തിരിയ്ക്കുന്ന എണ്ണമററ ആരാധകർ . . . . ഇതിനെന്തറിയാം?)

അയാൾ അവജ്ഞയോടെ അതിനെ നോക്കി. “എനിയ്ക്കെന്റെ കഥ മുഴുമിയ്ക്കണം. മര്യാദക്കു പോവുന്നുണ്ടോ?”

“എന്നാൽ നിങ്ങൾക്ക് സൗകര്യമുള്ള ദിവസം പറയൂ. അന്നു ഞാൻ തീർച്ചയായും വരാം.”

അയാളതിനെ കടുപ്പിച്ചുനോക്കി.

നാളെ; അല്ലെങ്കിൽ മററന്നാൾ” അയാളുടെ നോട്ടം കണ്ടപ്പോൾ അതുടനെ തിരുത്തി. “അടുത്താഴ്ച.” അസ്വസ്ഥത അയാളുടെ ഉള്ളിൽ പടംവിരുത്തി. “ഞാൻ വരില്ല. എനിയ്ക്കെന്തെല്ലാം കടമകളുണ്ട്. ഞാനില്ലെങ്കിൽ, എന്റെ കഥകളില്ലെങ്കിൽ യുവതലമുറയുടെ തേങ്ങലുകൾ — മോഹഭംഗങ്ങൾ — വികാരങ്ങൾ — വായനക്കാരെങ്ങനെ അറിയും? എനിയ്ക്കൊരിക്കലും വരാൻ പററില്ല.” — അയാൾ അലറി.

“എന്നാൽ അടുത്ത മാസമെങ്കിലും” പൂച്ച കെഞ്ചി “അടുത്തമാസം ഞാൻ വ . . .” അയാൾ ചാടിയെണീററു. തരിയ്ക്കുന്ന വിരലുകൾക്കിടയിൽ ഞെരിയുന്ന നനുത്ത കഴുത്ത്. അമർന്നടങ്ങുന്ന നേരിയ മുരൾച്ച അയാൾ ശ്രദ്ധിച്ചില്ല. വിജയത്തിന്റെ ലഹരിയിൽ മുങ്ങി ഒരു നിമിഷം മാർക്കാണ്ഡേയൻ നിന്നു.

തണുത്ത പപ്പടംപോലെ കിടക്കുന്ന ആ ശരീരം തൂക്കിയെടുത്ത് അയാൾ ജനലിലൂടെ പുറത്തെറിഞ്ഞു.

“ശല്യങ്ങൾ” പിറുപിറുത്തുകൊണ്ടയാൾ എഴുതാനിരുന്നു. എവിടെയാണ് നിർത്തിയത്. ഓ . . . . ഇനി ഇത് മുഴുമിയ്ക്കുകതന്നെ.

വെള്ളക്കടലാസ്സിൽ പതിഞ്ഞുകിടക്കുന്ന പൂവിതളുകൾപോലെയുള്ള മങ്ങിയ കാല്പാടുകൾ. ചുണ്ടിലൂറിക്കൂടിയ മന്ദഹാസത്തോടെ അയാൾ വീണ്ടും ഊളിയിട്ടു— അക്ഷരങ്ങളുടെ മായാസമുദ്രത്തിലേയ്ക്ക്.

# താഴ്‌വരകൾ

എം. പി. ഭാസ്കരൻ, II P. D. C.

ഓടിയെത്തിയ വസന്തം ഒരു രാവിന്റെ തുടുത്ത ഉഷഃസന്ധ്യയിൽ കിതച്ചുനിന്നു. ഓർമ്മയില്ലാത്ത കഥകളിൽ വേദനയുടെ ചുവപ്പു പുരട്ടുന്നതു് അസ്വാഭാവികതയായിരുന്നു. ഞാനെന്ന അർത്ഥശൂന്യതയിൽ സ്വയം അലിഞ്ഞുചേരാൻ തോന്നി. പണ്ടു ഇഷ്ടപ്പെട്ടിരുന്ന നീണ്ട പാതയിൽ പൊടിപടലങ്ങൾ. വണ്ടിച്ചക്രങ്ങളുപേക്ഷിച്ച നേർത്ത ചാലുകളിൽ ഒഴുക്കു നിഴൽ നിർമ്മിച്ചിരിക്കുന്നു.

അമ്പലത്തിന്നപ്പുറത്തു് കൈതക്കാട്ടിൽ ഇരുട്ടിന്റെ സങ്കേതം. നിശ്ചലമായ പുഴയ്ക്കുമുകളിലൂടെ ഉച്ചയ്ക്കുള്ള തീവണ്ടി ഇന്നും അമറിപ്പായുന്നുണ്ടാകും.

അടർന്നുവീണ മഴത്തുള്ളികൾ മണ്ണിൽ പുതഞ്ഞുകിടക്കുന്നു. 'വെള്ളിടി'കളെ ഭയക്കാത്ത ഒരു കാലത്തിന്റെ വിതുമ്പുന്ന നിഷ്കളങ്കത. നിമിഷങ്ങളിൽ തകർച്ച തരിശാക്കിയ ഇവിടെ 'ജീവിതം' ഒരു അത്ഭുതം മാത്രമായേ അവശേഷിക്കുന്നുള്ളു?

രക്തം ഛർദ്ദിച്ചവശനായ സൂര്യൻ 'വെള്ളത്തിനു വേണ്ടി ദാഹിച്ചു'. സുന്ദരിയുടെ പുരികംപോലെ അങ്ങു മുകളിൽ പകലിന്റെ ശത്രു. ഏങ്ങി ഏങ്ങി വലിക്കുമ്പോൾ ശ്വാസം തൊണ്ടയിൽ പരുങ്ങുന്നു. മുത്തശ്ശനോടൊപ്പം നടക്കുമ്പോൾ പെട്ടെന്നാണാസംശയം വർഷങ്ങൾക്കുമുമ്പ് വെളിച്ചംകണ്ടു പകച്ചതു്. മുത്തച്ഛൻ മോണ കാട്ടി ചിരിച്ചു.

'തൊണ്ടയിൽ മൊഴണ്ടാവണതു് പുരുഷലക്ഷണാകുട്ട്യേ.'

''അപ്പഴ് ശ്വാസംമുട്ടില്ലേ മുത്തച്ഛാ.''

മുത്തച്ഛൻ, വയറുകലുങ്ങിത്തളർന്നപ്പോൾ, ചോദിക്കണ്ടായിരുന്നുവെന്നു തോന്നി. മരിച്ചുവീണ നീണ്ട നിമിഷങ്ങൾക്കു പിന്നീടു് ഒരു യുഗത്തിന്റെ സങ്കീർണ്ണതയായിരുന്നു. ഓർമ്മിക്കാൻ വയ്യാത്ത ഒരു വിലാപയാത്രപോലെ.

വൈക്കോൽത്തുറുവിൽ, നേതാവുചമഞ്ഞ പൂവൻ വടക്കെ കുററിക്കാട്ടിലേക്കു പറന്നു. അപ്പുറത്തു വിയർപ്പു വിററുവരുന്ന മകനെ കാത്തിരിക്കുന്ന അമ്മ. പൂത്ത പാലപോലെ, കുളിച്ചീറൻമാററിനില്ക്കുന്ന മകൾ തലമുടി വേർപെടുത്തുമ്പോൾ അവിടെയാകെ നിർജ്ജീവതയുടെ ശവപ്പറമ്പായിരുന്നെന്നു തോന്നി. അടച്ചിട്ട പടിഞ്ഞിററകംപോലെ മനസ്സു കറുത്തുനില്ക്കുകയാണ്. രാക്ഷസിയുടെ പിടിയിലമർന്നതുപോലെ അസ്വസ്ഥതയുടെ ശൃംഗങ്ങളിൽ ശ്വാസം വലിക്കുന്ന സന്ധ്യ.

കല്ലേറേററു പിടയുന്ന ഭ്രാന്തൻ, മൂളിയെത്തുന്ന കല്ലുകളെ ശപിക്കുന്നു. ആശ്വസിക്കുന്നു.

കഴുതകളേ, ആത്മാവിനെ വേദനിപ്പിക്കാൻ നിങ്ങൾക്കിനിയും സാധിച്ചിട്ടില്ല.

അട്ടഹാസങ്ങളുടെ സ്വർഗ്ഗീയതയിൽ നിശ്ശേഷം കെട്ടടങ്ങുന്ന 'സമാധാനം' എന്ന പേരു്.

നീലംകുറഞ്ഞ നിഴലുകൾക്കുപിന്നിൽ കാല്പാടുകൾ പതിയവേ, ഓർക്കാൻ പാടില്ലാത്ത നാളുകൾക്കു് ഭ്രഷ്ടു് കല്പിക്കാൻ ശ്രമിച്ചു. പൊളിഞ്ഞ ഈ വീട്ടുമുററത്തും ഇതുപോലെ ഒരുപാടു നിഴലുകൾ പതിയുകയും മായുകയും ചെയ്തിട്ടുണ്ടു്. രണ്ടു വ്യത്യസ്താശയങ്ങളുടെ നിഴലുകളായി അവയെ സങ്കല്പിക്കാൻ സാധിച്ചില്ല. വീണ്ടുമൊരു പുനർജ്ജന്മത്തിന്റെ വൈരൂപ്യത്തെക്കുറിച്ചു് ആണയിട്ടു വിശ്വസിച്ചപ്പോൾ എല്ലാം മടുപ്പനായിത്തോന്നി. ശുദ്ധവേർപാടിന്റെ കരുവാളിച്ച മുഖഛായകളിൽ ആയിരം ദംഷ്ട്രങ്ങളുള്ള യക്ഷി, ഭാവിയുടെ ചിതൽപ്പുററുകൾക്കിപ്പുറത്തുള്ളതായി പ്രതിഫലിച്ചുകിടന്നിരുന്നു. ഒരു കദനത്തിന്റെ നീണ്ട സുഷുപ്തിയിൽ എല്ലാം ചാരമായിത്തീർന്നിട്ടുണ്ടിന്നു്.

പൊളിഞ്ഞുവീണ പാമ്പിൻകാവിൽ തിരുസർപ്പങ്ങൾ കുടിയൊഴിഞ്ഞിട്ടുണ്ടായിരുന്നു. ഓണത്തിനു പിറേറന്നാണവയെ വീണ്ടും കണ്ടതു്. ശുഷ്കിച്ച അസ്ഥിപഞ്ജരങ്ങൾ!

നെടുവീർപ്പുകളുയർത്താനേ സാധിച്ചുള്ളു . . . .

പരിവർത്തനങ്ങൾക്കു 'വാൾ താഴെ വച്ചുകൊടുക്കാൻ' പണ്ടേ മടിയായിരുന്നു. (ഭയമായിരുന്നു വെന്നതാണു് നഗ്നത!). നശിച്ചു ജീർണ്ണിച്ച നിലംപരിശാകുവാൻ സ്വയം കാരണക്കാരനാണെന്നതിൽ അവജ്ഞ തോന്നി

യില്ല. പൗരുഷം അടിമയായ, ജാരസൃഷ്ടികൾക്കു പിറകെ കേവലം കളിപ്പാവയായിരിക്കുകയാണ് തൊണ്ട് (അതിനിവിടെ 'തൊണ്ടെ'ന്നു മാത്രമേ പറയാവൂ!) 'വീണ്ടുമൊരുറക്കത്തി'ന്റെ ആലസ്യത്തിൽ തലയിണയൊരുക്കുകയാണിനിയും. ചുററും പരിഹാസത്തിന്റെ ഒളിയമ്പുകൾ! പൊയ്മുഖങ്ങളുള്ള മന്ദഹാസങ്ങളെ ഇതുവരെ വെറുക്കുക മാത്രമേ ചെയ്തിട്ടുള്ളൂ!!!

സന്ധ്യ ഇരുണ്ടു!

ശ്വാസനാളത്തിൽ വിമ്മിഷ്ടം സഹിക്കുന്ന ഉച്ഛ്വാസവായു. വ്യക്തിത്വത്തിന്റെ അസ്തിത്വം, നാറുന്ന സ്വപ്നങ്ങളോടൊപ്പം ഇവിടെ നശിക്കണം. അതു കണ്ടു രസിക്കുന്നതിൽ ഉന്മേഷം തോന്നി.

പക്ഷേ . . . . അവസാനം!

ഭാവിയെന്ന അറിവില്ലായ്മ ഒരു ക്ഷയരോഗിയെപ്പോലെ ചുമയ്ക്കുന്നതു കണ്ടപ്പോൾ ഉറക്കെ ഞെട്ടിപ്പോയി! അത് ആദ്യത്തേതും അവസാനത്തേതുമായിരുന്നു!

രണ്ടു കഥാപാത്രങ്ങളും, അവർക്കുനടുക്ക് ഒരു പ്രേതവും;
അപ്പോഴേ നാടകമാവൂ!

ആഗ്രഹിക്കുന്ന മനസ്സും, നിരാശപ്പെടുത്തുന്ന ലോകവും തമ്മിലുള്ള വിവാഹമോചനമാണ് അബ്സേർഡ് പ്രസ്ഥാനം.

# The Devil's Press Conference

**Yaseen Ashraf, II M. A.**

One of the fallen angels called the press. The press correspondents had to believe in rebirth because, sitting before them with a belly large enough to digest a nation, a cap and a satanic smile, sat the politician, the rejuvenated incarnation of a devil. There were only three journalists. Press correspondent No. 1 was an aged, spectacled man, his back bent like a watch-mender's, with snuff and shorthand equipment always ready at hand. P. C. No. 2 would sometime ago have been called a juvenile delinquent, but now a perfect gentleman; armed with sickle-like, vibrant moustaches which might fly at a sneeze, and thick sideburns that brood like two 'black minorcas' hatching vain dreams; quick-tempered and sufficiently intolerant. P. C. No. 3 was one who slept in his walk; a bag of bones; the hero of some epic of might-have-beens; an unswerving inbecile; the typical "chain-smoker", with concave cheeks and wooden lips. This last one reminded one of a derailed train gasping out its last breaths of smoke.

The Devil : Good morning! *[With a triumphant giggle]* My mission is almost completed. I gave the country rope enough and it has hanged itself.

P. C. — 2 : How do you mean?

D. : I mean those "abiding" ideals that rot in the drains — *[Counting on his fingers]* liberty, equality, fraternity, . . . and whatnot. Those gadgets have done the trick. I tell you, hell is empty —

P. C. — 1 : *[Staring at him, and convinced]* I thought so . . . . But then, we are *free*, still!

D. : Why, you are nothing if not free. In fact you are the slaves of your own liberty. The socialist is impervious to reason, and cannot know that. But the individualist is paying your government *[fondling his belly,]* taxes *and* self-respect.

P. C. — 2 : Rubbish! We ARE free, man!

D. : Of course. You are free to choose your own addiction — disillusionment or crosswords, tea or 'pot', service or smoking. Life itself is an addiction in a permissive society. And addiction, indeed, must be bondage enough!

P. C. — 2 : *[Jumping from his seat.]* Never! We have broken all chains —

D. : Bicycle-chains, for instance . . . . politically, you are free — absolutely free. Once, when anyone disagreed with his party bosses, he had to quit politics; lately, he could cross the floor; but now one forms one's own party. Freedom, then corrupts, and absolute freedom corrupts absolutely.

P. C. — 1 : For all your tricks, we are an incorruptible brotherhood.

D. : Certainly! The Cigarette Fraternity, for one, is a co-operative establishment. The brothers-in-smoking exchange cigarette stumps like greetings. They enjoy the ecstasy together, and for sure will endure the agony also together. Guffawing away their lives through the last puffs, this Brotherhood is heading for salvation. As an elegy runs,

" An angel bore Uncle Joe
To rest beyond the stars.
I miss him, O! I miss him so —
He had *SUCH* good cigars."

*[Fixing the diplomatic smile, and turning to P. C. 3.]* But *you* won't tolerate Heaven — no fire even to light a cigarette!

P. C. — 1 : What about equality?

D. : It is practised in your business of scandal-mongering, which knows no class or colour. As you say, "when a bunch of people get together, God save the first one who leaves ! " Armchair backbiters and feather-bed character — assassins are apostles of the equal-opportunity-for-all ideal. Everyone has his time on the pillory. Politically too all are equal — only, *[sitting back against the silken sofa]* some are more equal.

P. C. 1 : And peace?

D. : Celebrated everywhere in all vociferous pomp; (Grinning), — posthumously, though! Which campus is not a battlefield where those billy-goats fight?

P. C. — 2 : It is the C. I. A.'s work again! After all, that is the trouble with peace. Pretty bad when it prevails, but lovable at a distance. It is as boring as waiting for a bus. Peace generates impatience. and bickerings.

D. : The chief cause of divorce is marriage — so don't

marry! Well, that finishes peace too — Know anything of democracy?

**P. C. — 1 :** Quite advanced. Now it is demonocracy. The kids have their say on anything. Who do you think is stronger — England's Queen-in-Parliament or India's Student-in-Party?

**D.** : Who is fiercer — the lion or the tiger? The tiger is hungry too, for I have socialised poverty as well. Beggars cannot be choosers, and you feed on snobbery — service-snobbery, casualty-snobbery. If he had settled here, Robinson Crusoe himself would have prayed to be saved from his friends. All die with the help of too many physicians.

**P. C. — 1 :** Don't you think the public servants, like elephants, are assets for the nation? Living, they serve us and dying, give us holidays.

**D.** : Like white elephants, rather. I myself appreciate their sinister itch for service. And I have made an excellent job of secularism also.

**P. C. — 2 :** Nonsense! It is infallible.

**D.** : You see only your side of it. The onlooker sees most of the game, and it has not always been fair. The players, umpires and fans have all lived up to my expectations. But that task is as easy as setting up a student-run college. I had a tough time making literature another religion, deifying Socialism. And now you worship Mrs. Grundy.

**P. C. — 2 :** It is all a revisionist propaganda. Do you mean to say religion is prohibited?

**D.** : That would have been better for religion. Atleast the prison would have been inaccessible for me. But no, I've made it a skeleton in the cupboards of all God's men. Faith *[suppressing a laughter]* is in the predicament of the grammarian who, in the climactic peak of his fluent rhetoric, suddenly forgot the proper preposition somewhere. See ? Perfectly done — I'm no government official to bungle my job.

**P. C. — 3 :** *[Lighting another cigarette]* But our progress after independence —

**D.** : 'Independence' ! You mean 'freedom', probably? Corruption nationalised, hearts made waterproof, values air-conditioned — it's tremendous progress! You are the standing travellers in a bus, who hea and obey the intermittent exhortations to mov forward. Inside the nation's bus, progress is steady But the bus itself crawls along like a snail, feeling a though the crow that picks at the fish over roof wer the last straw on its back. But you mutts neve learn; *[chuckle]* rather, the sun would rise in th west. *[rising]* Satan bless you ! *[Exit]*.

**P. C. — 1 :** *[as if entranced]* Oh ! *[pinching out some snuff]* bu sunrise and sunset are beautiful still — in spite o politicians ! *[Exeunt all]*.

[*Note :* The account of the Conference Proceedin has been abridged. For details, please read '*Paradi Relost,*' to be published shortly.

Yours,

— DEVIL ]

# THE FOUR-IN-ONE TRAGEDY

Prem G. Nath, II P. D. C.

The sky was dark. The sinking sun in the west was helping the rain clouds in making the sky darker. Nature was gloomy, dark and silent; silent, except for the occasional twittering of birds, and ofcourse the sound of sobbing which rose out of the canal. The bird sitting on the wall of the dam at the head of the canal, swooped down in the direction of the sobbing, down the canal as if to locate the source.


Sudha was crying; her head resting on Soman's shoulder seated in the deep, dry, canal, his back resting against its side. Soman was embracing Sudha, and soothing her. This would be the last time they would meet, he knew. Their affair which had started four years ago was to end. The countless letters, everyday meetings under the banyan tree which had been cut down to make way for the canal. They had then continued to meet in the canal, a safe place, to speak their hearts out. And now they were to part. She was to be married, married to the young engineer who had built the dam and canal where they now sat. Soman was wealthy, handsome and intelligent. But still a student. How could he ask for her hand? Both knew it was futile. That could never happen, with such an eligible bachelor as the engineer already on the scene. Nature seemed to cry out at their parting. The dark sad weather. The dam wanted to cry out; its waters, straining at the walls, to come out, to join Sudha's tears.

Ram, the engineer sat in his office, his devastatingly handsome face clearly exhibiting his pent up worries in the lines and black smudges below his eyes. He had everything to worry about. The new dam had been completed. It was to be formally opened ten days hence, timing with his forthcoming wedding. At the thought a smile crossed his worried features. 'A streak of sunshine during the storm'. But things had taken a bad turn. A storm was raging in the east. The river had been flooded. The water in the small reservoir behind the dam had risen dangerously; the unexpected strain on the new walls of the dam might cause it to break. That was why he was worried. Now he could only do one thing — open the sluice gates of the dam and let the water free. It would have been better to have done it on his wedding day he thought. Wearily he got up and walked towards the dam.

The bird was back, perched on the dam wall. It saw Ram come, look at the reservoirs and then operate the machinery which opened the sluice gates. Next moment all the gates were open. The water rushed out from the openings in the wall, carrying the mud and gravel of the newly dug canal with it. Sensing danger the bird rushed towards the young couple seated in the canal. Its nest with its young fledglings was in a hole on the side of the canal. It wanted to save them.

The screeching of the bird woke Suda and Soman from their reverie. They saw the rushing waters. Desperately Soman pushed up Suda urging her to climb up the bank. Out of terror and fright she slipped. The water rose. The slippery mud impeded their progress. The fight for survival. It was lost. The two bodies were whisked away in the flood of tears — of the dam.

Ram saw the scene, terror stricken from the dam. He rushed down the steps trying to reach the struggling couple. He was already late in seeing the couple from the dam and when he reached them, it was too late. Just before it went under, he saw the head of a girl. He was struck dumb. The face of his bride to .... be .... "Suda". The screeching of the bird, trying vainly to save its young, echoed in his head. He had killed her, he thought to himself. Amid the screeching he started shouting 'I killed her! I killed her', and flung himself into the river. The screeching too stopped. The bird fell into the river, death having claimed him through over exertion. Next day three bodies were pulled out. Also a small bird which nobody cared for.



# വഴിയമ്പലം

ടി. കെ. കെ. ഹസ്സൻ, III B. A. (Eng.)

വേഴാമ്പൽ കരഞ്ഞു, സ്വപ്നയെന്ന വേഴാമ്പൽ!

വസന്തത്തിന്റെ തലോടലേറ്റ് കോരിത്തരിച്ച ആദ്യത്തെ മാസം കടന്നുപോയപ്പോൾ ഏകാന്തത അനുഭവപ്പെട്ടു. സ്വപ്നങ്ങൾ വിരിഞ്ഞുനിന്ന മനസ്സ്, മുറ്റത്തെ പനിനീർച്ചെടിയിൽ വിടർന്നു നില്ക്കുന്ന പൂവിനെ നോക്കി അസൂയപ്പെട്ടു.

ഒരു നിശ്വാസം . . . . ഒരു ചലനം . . . .

സ്വപ്നാ!

ഏതോ മോഹവലയത്തിൽപെട്ട് അടിതെറ്റിയ ഏകാന്തപഥികയായ നിന്നെ ഞാനാദ്യമായി കണ്ട ദിവസം . . . .

തലമുറകളിലെ പാപം പേറി അലയുന്ന നിന്നെ ആഗ്രഹപൂർത്തീകരണത്തിന്റെ പൊൻതിരി കത്തിച്ച് വെളിച്ചം കാട്ടാൻ ഞാനാഗ്രഹിച്ചിരുന്നു. പക്ഷേ, എന്റെ കയ്യിൽ തീയ്യില്ലായിരുന്നു.

നിന്റെ പകലുകൾ നീ എനിക്കുവേണ്ടി കാത്തിരുന്നു. നിന്റെ രാത്രികൾ എന്നെ സ്വപ്നം കണ്ടു. ചുടുനിശ്വാസങ്ങൾക്ക് വീർപ്പ് മൂകസാക്ഷിയായി. അന്ന് ഞാനെവിടെയായിരുന്നു?

പകൽക്കിനാവുകൊണ്ട് പൂമാലകോർത്ത് മംഗല്യത്തിന്റെ മണിസൗധത്തിൽ സ്വൈരജീവിതം നയിക്കുന്ന ഒരു യുവകാമുകനെ നീയന്ന് ശ്രദ്ധിച്ചിരിക്കയില്ല. ബീനയെന്ന കൊച്ചുപെൺകുട്ടിയുടെ നിഷ്കളങ്കതയുടെ മുന്നിൽ എല്ലാം അടിയറ വെച്ചപ്പോൾ ഞാനന്ധനായിരുന്നു. അവൾ കരഞ്ഞപ്പോൾ ഞാനും കരഞ്ഞു. അവൾക്കുവേണ്ടി ചിരിച്ചു. അവളെ ദുഃഖിക്കാൻ അനുവദിക്കയില്ലെന്ന് ശപഥംചെയ്തു. ജീവിതത്തിലെ ആദ്യാനുഭവം മറക്കാൻ സ്വപ്നാ എനിക്ക് കഴിയുന്നില്ല.

''ബീനാ – എന്നെ മറന്നാലും വെറുക്കാതിരിക്കു''

''ഞാനൊരിക്കലും മറക്കുകയില്ല, വെറുക്കുകയുമില്ല''

''ഞാൻ ബീനക്ക് വേണ്ടിയാണ് ജീവിക്കുന്നത്''

''എനിക്കതു മാത്രം മതി''

ആദ്യം ആദം സംസാരിച്ചു, ഹവ്വ ശ്രദ്ധിച്ചു; പിന്നീട് ഹവ്വ സംസാരിച്ചു, ആദം ശ്രദ്ധിച്ചു.

''നമ്മുടെ വിവാഹം . . . . ''

''ഞാനുമതാഗ്രഹിക്കുന്നു.''

''വിധി നമുക്കെതിരാവാതിരിക്കട്ടെ''

''ഓ, വിധി . . . . എനിക്കതിൽ വിശ്വാസമില്ല''

വേർപാടിന്റെ അസ്വസ്ഥത ആഴ്ചതോറും കോളേജിലെ ലെറ്റർബോഡിൽ, നിശ്വാസങ്ങളായി അപേക്ഷകളായി ആവശ്യങ്ങളായി കുറ്റപ്പെടുത്തലുകളായി രൂപംപൂണ്ടു.

ധ്രുവത്തിലേക്ക് മറുപടിയെത്തിയില്ല.

ഗേറ്റിൽക്കൂടി പോസ്റ്റുമാൻ കടന്നുപോയപ്പോൾ പിന്നിൽ നെടുവീർപ്പ് — ബീന.

നിശ്വാസം ആവിയായി ചങ്കിൽ തടഞ്ഞു, കണ്ണീരായി മണ്ണിൽ വീണു.

വീണ്ടും —

''എന്നോട് വെറുപ്പാണോ''

''എന്നെ വിശ്വാസമില്ലേ''

''തീർച്ചയായും . . . . ഞാനെന്നുമെന്നും കാത്തിരിക്കും''

. . . . . . . . . . . . . . . . . . . . . . . . . . . !

''ബീനാ, നീ എനിക്ക് കയ്യെത്താത്ത ധ്രുവത്തിലാണ്. കൂടുതൽ പ്രതീക്ഷിക്കാതിരുന്നാൽ അത്രയും ദുഃഖിക്കാതിരിക്കാം'' — മനസ്സിൽ ജന്മമെടുത്ത വാക്കുകൾ ചങ്കിൽ വെറുങ്ങലിച്ചുനിന്നപ്പോൾ ആദ്യത്തെ പരാജയം അനുഭവപ്പെട്ടു. എന്നിട്ടും കരയാൻ തോന്നിയില്ല.

പരാജയത്തിന്റെ മരുഭൂമിയിലൂടെ അപ്രാപ്യമായ ആ ധ്രുവത്തിലേക്ക് ഞാനെന്ന പഥികൻ നിഴലുകൾ താങ്ങി, നിശ്വാസങ്ങൾ താങ്ങി പ്രയാണം ചെയ്തു.

ചീവീടുകൾ ചിറകടിക്കുന്ന, ആയിരം പ്രാണികൾ കലമ്പൽകൂട്ടുന്ന, ഏഴാംപട ബോംബുവർഷിക്കുന്ന യുദ്ധം ചെയ്യുന്ന എന്റെ ഇടിഞ്ഞുപൊളിഞ്ഞ മനസ്സിന്റെ ശൂന്യതയിൽ മോഹഭംഗത്തിന്റെ രണഭൂവിൽ ഞാൻ പ്രജ്ഞയററു വീണപ്പോൾ ഞാൻ അറിഞ്ഞില്ല.

ഭാവനയുടെ വെള്ളക്കുതിര പടയോട്ടം നടത്തിയപ്പോൾ ഒരു യുഗം വെളിച്ചം കണ്ടു. പ്രഭയിൽ കണ്ണു മഞ്ഞളിച്ച, പോയ തലമുറയുടെ ശുഷ്കിച്ച സംസ്കാരത്തിന്റെ കാവൽപട്ടികൾ കുരച്ചു.

''അവനു് ഭ്രാന്താ''

''കുട്ടിച്ചാത്തൻ കൂടീതാ . . . .

''ഇംഗ്ലീഷു പഠിപ്പിച്ചതിന്റെ ഫലം, . . . . അല്ലാതെന്താ''

എന്റെ ശക്തി, എന്റെ ആദർശം, തത്വം എല്ലാം തലമുറകൾ കൈമാറിയ നിയന്ത്രണത്തിന്റെ ഇരുമ്പുചട്ടയിൽ തട്ടി തരിപ്പണമായിപ്പോയിരുന്നു. ഞാൻ അസ്തപ്രജ്ഞനായി കിടക്കുമ്പോൾ എനിക്കു ചുററും വേദവാക്യങ്ങളുച്ചരിച്ചവർ ദൈവവചനം വിററ കാശുമായി യാത്ര പറഞ്ഞിറങ്ങിയപ്പോൾ എനിക്കു് ശക്തിയുടെ വീഞ്ഞു് പകർന്നുതന്ന സ്വപ്നാ, നീ എന്റെ ഒരു ഭാഗമാണെന്നു് ഞാൻ വ്യാമോഹിച്ചിരുന്നു.

''നിങ്ങൾ അസ്വസ്ഥതയ്ക്കുവേണ്ടി ദാഹിക്കുകയാണു്.''

''ഒരിക്കലുമല്ല. എന്റെ സിരകളിൽ അസ്വസ്ഥത കൊണ്ടു് നിറംപിടിപ്പിച്ച രക്തം കുത്തിവെച്ച സമൂഹത്തോടു് എങ്ങനെ പെരുമാറണമെന്നു് അന്വേഷിക്കുകയാണു്.''

''ഞാൻ നേരത്തെ നേടിക്കഴിഞ്ഞ കാര്യം''

. . . . . . . . . . . . . . . . . . . . . . . . . . . . !!!

''ഭാവനയുടെ ലോകത്തിൽനിന്നു് ഞാൻ ജീവിക്കുന്ന ഈ ലോകത്തിലേക്കു് തിരിച്ചു വരൂ. വെട്ടിത്തിളങ്ങുന്ന യാഥാർത്ഥ്യത്തിലേക്കു്''

. . . . . . . . . . . . . . . . . . . . . . . . . . . . . .

സ്വപ്നാ, എന്റെ വാചാലത പലപ്പോഴും നിന്റെ മുന്നിൽ പ്രജ്ഞയററു വീണപ്പോൾ നീ കൈ പിടിച്ചിട്ടുണ്ടു്. ഒരിക്കലും എഴുന്നേല്ക്കാൻ എനിക്കു ശക്തിയില്ലായിരുന്നു.

നിന്റെ തുടക്കം എത്ര വ്യത്യസ്തമായിരുന്നു.

ഒരിക്കൽ —

മേശക്കു് ചുവട്ടിൽ കൈവിരൽ വേദനിച്ചപ്പോൾ

''എന്റെ വിരൽ ഇരുമ്പൊന്നുമല്ല''

''എന്നെ ഓർമ്മിക്കാൻ വേണ്ടിയാണു്''

''ഞാനെന്തു് തിരിച്ചു തരണം?''

. . . . . . . . . . . . . . . . . . . . . . . . . . . . . .

സ്വപ്നാ, നിന്റെ മൗനം എന്റെ മനസ്സിലെ കത്തിയെരിഞ്ഞ ചാരത്തിൽ പുതിയൊരു മോഹസൗധത്തിനു് തറക്കല്ലിട്ടു. അസ്വസ്ഥത തളംകെട്ടിയ മരുഭൂമിയിൽ, എന്റെ യാത്രയിൽ, എന്റെ പാതയിൽ ഞാൻ ചേതനയററു് വീണപ്പോൾ നീയെനിക്കു് ദാഹജലം പകർന്നു.

സ്വാതന്ത്ര്യത്തിന്റെ മുന്നിൽ സ്നേഹം ഓച്ഛാനിച്ചു നിന്നു.

ഒരു കാമുകൻ മരിക്കുകയായിരുന്നു. ബീനയെന്ന നിഷ്കളങ്കത കൊടുങ്കാററിൽ ചിന്നിച്ചിതറുകയായിരുന്നു.

പതിനാലിന്റെ നിഷ്കളങ്കത ഇരുപതിന്റെ കപടതക്കു് വഴിമാറുമ്പോൾ ഈരേഴുലോകങ്ങളും ഞെട്ടിവിറച്ചു! കൊടുങ്കാററുണ്ടായി! ജനം ഇങ്കലാബു് വിളിച്ചു!!!

റോമാനഗരം കത്തിയെരിയുമ്പോൾ . . . .

മുഗൾരാജധാനിയിൽ അബലനിശ്വാസങ്ങളുയർന്നപ്പോൾ . . . .

ബോംബെനഗരിയിൽ സ്ത്രീമാംസത്തിനു് വില പേശുമ്പോൾ . . . .

ഞാൻ വീണ വായിക്കുകയായിരുന്നു . . . .

ഞാൻ . . . .

സ്വപ്നയെന്ന വേഴാമ്പൽ പുഞ്ചിരിച്ചു.

പിന്നെ പൊട്ടിച്ചിരിച്ചു.

വേഴാമ്പൽ ആകാശപ്പൈങ്കിളിയായി മാറി —

പാടിപ്പറന്ന പൈങ്കിളി.

''സ്വപ്നാ, എന്തോ മനസ്സിനു് . . . .''

''ഓ, തുടങ്ങി ഒരു മനസ്സു്. കുതിരവട്ടത്തു പോകാം''

''നിനക്കെന്തു് പറഞ്ഞാലും കളിയാണു്''

''പിന്നെ ഞാനെപ്പഴും കരഞ്ഞു് മുഖവും വീർപ്പിച്ചിരിക്കുന്നതാണോ ഇഷ്ടം.''

''സ്വപ്നക്കു് ദുഃഖമെന്നൊന്നില്ല''

''ദുഃഖമില്ലെങ്കിൽ ജീവിതമില്ല. എന്നു്വെച്ചു് അതു് തന്നെ ചിന്തിച്ചു് മരിക്കണമെന്നില്ല. പോയ വസന്തങ്ങളെയോർത്തു് ഞാൻ ദുഃഖിക്കാറില്ല. ഭാവിയെപ്പററി സ്വപ്നം കാണാറുമില്ല''

''പെർഫക്ട് റിയലിസ്റ്റ്''

''ഞാൻ വളരെ കുറച്ചു് മാത്രമേ ആഗ്രഹിക്കാറുള്ളൂ. അതു് നേടുന്നതിൽ ഞാനൊരു കമ്യൂണിസ്റ്റാണു്.''

— അതെ

എനിക്കിന്നു് മാത്രമാണതു് ബോദ്ധ്യമായതു്.

നിന്റെ വിവാഹത്തിന്റെ ക്ഷണക്കത്ത് കിട്ടിയപ്പോഠം ഒരു മരവിപ്പ് മാത്രം അനുഭവപ്പെട്ടു. ഒരു നിസ്സംഗത . . . .

മറെറാരു യുവാവിന് നീ ഹൃദയകവാടം തുറന്നു കൊടുക്കുന്നു. യുവത്വത്തിന്റെ ചാപല്യങ്ങഠക്ക് വഴിയമ്പലമൊരുക്കിയ നിന്റെ ഹൃദയം ഇന്നും സമ്പന്നമാണോ?

ആ യുവാവ് ശൂന്യാന്ധകാരത്തിൽ ജീവിതസായൂജ്യമടയുമ്പോഠം തേങ്ങിക്കരയാത്ത ഒരു സ്ത്രീഹൃദയം നീ സൂക്ഷിക്കുന്നുണ്ടോ?

നിന്റെ യാഥാർത്ഥ്യങ്ങളുടെ ലോകം ഇത്രയും വികസിതമാണോ സ്വപ്നാ?

— നിന്റെ ഉത്തരം ഞാനൂഹിക്കുന്നു.

'എല്ലാവരും സ്വാർത്ഥികളാണ്.'

ബീനയെന്ന ധ്രുവത്തിൽനിന്നും ഞാൻ എറിയപ്പെട്ടത് സ്വപ്നയെന്ന അനന്തതയിലേക്കായിരുന്നു. സ്ത്രീത്വത്തെ അപഗ്രഥിക്കാൻ വ്യാമോഹം കാണിച്ച ഞാൻ ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങഠക്കു നേരെ കണ്ണടക്കേണ്ടിവന്നു. ഇന്ന് എന്നോടുതന്നെ എനിക്കവെജ്ഞ തോന്നുന്നു. നിനക്ക് എല്ലാം മറക്കാൻ കഴിയുന്നു.

എല്ലാമെല്ലാം . . . .

എങ്കിലും സ്വപ്നാ എന്നെ നീ മറക്കില്ലെന്നെനിക്കറിയാം. ആദ്യമായി അനുഭൂതി പകന്ന പുരുഷനെ ഒരു സ്ത്രീക്കും മറക്കാനാവില്ല.

രക്തം തിളച്ചപ്പോഠം, നാണംകൊണ്ട് കണ്ണുകളടഞ്ഞപ്പോഠം എന്റെ ഉച്ഛ്വാസം നിന്റെ ശ്വാസമായപ്പോഠം, നിന്റെ ശബ്ദം . . . .

''എനിക്കിതുമാത്രം മതി''

ആ ശബ്ദം എന്റെ കാതുകളെ പിന്നിട്ട് ഹൃദയത്തിൽ ഇന്നും മാറെറാലിക്കൊള്ളുന്നു. ബീനയെന്ന നിശ്ചലതത്വവിലേക്ക്, ധ്രുവത്തിലേക്ക് എന്നെ നയിക്കുന്ന കൈത്തിരി നീ കൊളുത്തിത്തന്നതാണ്.

അനന്തതയിൽ നിന്റെ കിതക്കുന്ന ശബ്ദം ഞാനിന്നു കേഠക്കുന്നു.

എനിക്കിതുമാത്രം മതി.

# വിമൽകറിന്റെ 'തടാകം'

**നിർമ്മലകുമാരി പി. യു., III B. Sc.**

നദികളെക്കുറിച്ച്, സമുദ്രത്തെക്കുറിച്ച്, തടാകങ്ങളെക്കുറിച്ച് എല്ലാം കവികൾ പാടാറുണ്ട്. കഥകളിൽ അവയുടെ വർണ്ണനകൾ സ്ഥലംപിടിയ്ക്കാറുണ്ട്. അവയൊക്കെ അത്രയ്ക്കു സുന്ദരങ്ങളാണ്. നീലനിലാവിൽ വെട്ടിത്തിളങ്ങുന്ന തടാകം കാണാനെന്തു ഭംഗിയാവും! അതുപോലെയോ, അതിനേക്കാളോ സുന്ദരമാണ് ശ്രീ. വിമൽകറിന്റെ, 'തടാകം' എന്ന കൊച്ചുനോവലും.

മലയാളനോവൽപ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ചു ചിന്തിക്കുമ്പോൾ ബംഗാളിനോവലുകൾ ചെലുത്തിയിട്ടുള്ള സ്വാധീനം ഒരിക്കലും വിസ്മരിക്കാൻ വയ്യ. പല നല്ല ബംഗാളിനോവലുകളും കൈരളിയിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഇവയൊക്കെ നമ്മുടെ സാഹിത്യകാരന്മാരെ പുതിയ പുതിയ അനുഭൂതിമണ്ഡലങ്ങൾ അന്വേഷിച്ചിറങ്ങാൻ പ്രേരിപ്പിച്ചിട്ടുമുണ്ട്.

മലയാളനാടിന്റെ മണമുൾക്കൊള്ളുന്ന കൃതികൾ മാത്രമേ നമുക്ക് ഉൾക്കൊള്ളാനും ആസ്വദിക്കാനും കഴിയൂ എന്നുവരികയാണെങ്കിൽ തീർച്ചയായും അതൊരു ദൗർബ്ബല്യമായിരിക്കും. ഏതു് — ഭാഷയിൽ — അന്തരീക്ഷത്തിൽ രചിക്കപ്പെട്ടതായാലും ചില സവിശേഷതകൾ നല്ല കൃതികൾ ഉൾക്കൊള്ളും. വിശാലഹൃദയരായ വായനക്കാർ അവയിഷ്ടപ്പെടുകയും ചെയ്യും.

ഇങ്ങനെ ഭാഷാപരവും മററുതരത്തിലുമുള്ള സങ്കുചിതചിന്താഗതികൾക്കടിമപ്പെടാത്തവർക്ക് ബംഗാളിസാഹിത്യം ഭാരതീയസാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള ആരോഗ്യകരമായ സ്വാധീനം മനസ്സിലാക്കാം.

ബിമൽമിത്രയുടെ, 'വിലയ്ക്കുവാങ്ങാം', 'പ്രഭുക്കളും ഭൃത്യരും', 'ഇരുപതാം നൂററാണ്ട്', താരാശങ്കറിന്റെ, 'ഗണദേവത', നാരായൺഗംഗോപാദ്ധ്യായയുടെ, 'ആകാശക്കൊട്ടാരം', വിഭൂതിഭൂഷണിന്റെ 'പഥേർപാഞ്ചാലി' തുടങ്ങി രചനയിലും പ്രമേയത്തിലും മേന്മ അവകാശപ്പെടാവുന്ന ധാരാളം ബംഗാളികൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടത്തിൽ പലതുകൊണ്ടും 'തടാകം' നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു.

'തടാകം', സുദക്ഷിണയുടെ — വാണിയുടെ — പ്രണബിന്റെ — യെല്ലാം കഥയാണ്. നായകൻ, പ്രതിനായകൻ, നായിക തുടങ്ങിയ ചട്ടക്കൂടുകളിൽ ഇതിലെ കഥാപാത്രങ്ങൾ ഒതുങ്ങുകയില്ല.

ആവിഷ്കരണരീതിയിലും പ്രമേയത്തിലും പുതുമയുള്ള ഇതിലെ കഥാപാത്രങ്ങൾ വ്യക്തിത്വങ്ങളുള്ളവരാണ്. കാറുംകോളുമുള്ള ദിവസങ്ങളിൽ, വേലിയേററസമയങ്ങളിൽ, അലയടിച്ചു അലറിയിരമ്പുന്ന സമുദ്രംപോലെ പ്രക്ഷുബ്ധമായിരുന്ന വാണീവ്രതചക്രവർത്തിയുടെ മനസ്സ് തടാകംപോലെ ശാന്തമാക്കിത്തീർക്കുന്നതാണ് പ്രമേയത്തിന്റെ കാതൽ. വാണിയുടെയെന്നപോലെ മററുപലരുടെയും ജീവിതമടങ്ങിയതാണ് ഈ 'തടാകം'.

പരേശ്നാഥ് മെൻറൽ ഹോസ്പിററലിലെ ഡോക്ടറായ പ്രണബ് ഒരു രോഗിയുടെ — മനോജ്റായിയുടെ — ചികിത്സയ്ക്കു സഹായകമായേക്കാവുന്ന ചില വിവരങ്ങളറിയുവാൻ ഒരു അദ്ധ്യാപികയായ സുദക്ഷിണചാററർജിയെ സന്ദർശിക്കുന്നു. പ്രണബ് നല്കിയ ഒരു മുഷിഞ്ഞ കടലാസ്സുകഷ്ണം അവളുടെ മനസ്സിലെ അടഞ്ഞുകിടന്ന ഒരു ജനൽ തള്ളിത്തുറക്കുന്നു. അവളുടെ കൈപ്പടയിലെഴുതിയ ഒരു പാട്ടിന്റെ സ്വരലിപി! തന്റെ ജീവന്റെ ജീവനായ വാണീവ്രതചക്രവർത്തിയ്ക്കു നല്കിയതു്! മനോജ് തന്നെയാണ് വാണിയെന്നും അയാളിന്നൊരു ചിത്തരോഗിയാണെന്നുമറിയുമ്പോൾ സുദക്ഷിണയുടെ ചേതന തീവ്രദുഃഖത്തിലാണ്ടുപോകുന്നു.

ദേവ്ഘറിൽ തന്റെ ചേട്ടന്റേയും ചേച്ചിയുടേയും വാണിയുടേയുംകൂടെ കഴിച്ച സ്വർഗ്ഗീയനിമിഷങ്ങൾ അവളുടെ ഓർമ്മയിലോടിയെത്തുന്നു; അവയെയെല്ലാം മാററിമറിച്ച ആ ഭീകരകൃത്യവും. വാണിയുടെ ബന്ധുവായ ഡോ. ദിവ്യേന്ദുചക്രവർത്തിയുടെ ഘാതകനാണ് വാണിയെന്ന് സുദക്ഷിണയിൽനിന്നുമറിയുന്ന പ്രണബ് ഞെട്ടുന്നു. തന്നെ സഹായിക്കാൻ — വാണിയെ സുഖപ്പെടുത്താൻ പ്രണബ് അപേക്ഷിക്കുമ്പോൾ സുദക്ഷിണ സമ്മതിയ്ക്കുന്നു.

അതിനുശേഷം ഭൂതകാലസംഭവങ്ങളുടെ ഊരാക്കുടുക്കുകളിൽ കുടുങ്ങി, മനസ്സിന്റെ സമനില തെററിയലയുന്ന വാണിയെ സുഖപ്പെടുത്താൻ അവർ നടത്തുന്ന നീണ്ടനീണ്ട ശ്രമങ്ങൾ. മരുന്നുകൾ . . . . ഷോക്ക്ട്രീററുമെൻറുകൾ . . . . സംഭാഷണങ്ങൾ . . . പ്രണബിന്റെ ചികിത്സ മുന്നേറുന്നു

കാണാൻ കൗതുകമുണ്ടു്. ഒരു രോഗിയെ ശ്രദ്ധിക്കുന്നതിലധികം വാണിക്കുവേണ്ടി ശ്രമിക്കാൻ പ്രണബിനെ പ്രേരിപ്പിക്കുന്നതു് സുദക്ഷിണയുടെ സ്നേഹംതന്നെ.

പ്രണബിൻറയും സുദക്ഷിണയുടേയും സൗഹൃദം വളരുന്നതു് എത്ര മധുരമായിട്ടാണു് ചിത്രീകരിച്ചിരിക്കുന്നതു്! ഒരേലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ആ സഹയാത്രികർ സങ്കോചത്തിൻറ മൂടുപടം അഴിച്ചുമാററി അന്യോന്യമടുക്കുന്നതു് എത്ര സ്വാഭാവികമായിട്ടാണു്!

സുദക്ഷിണ ലജ്ജയോടെ പറഞ്ഞു: ''എന്നെപ്പററി പിന്നെയെന്താ വിചാരിച്ചതു്?''

''ഒരു കൂട്ടുകാരി!'' പ്രണബു് ചിരിക്കിപ്പറഞ്ഞു. അയാളുടെ സ്വരത്തിൽ ആനന്ദത്തിൻറയും വാത്സല്യത്തിൻറയും മാധുര്യം തുളുമ്പിയിരുന്നു.

''മനസ്സിൻറ വ്യാപാരിയാണു് സുദക്ഷിണേ, ഞാൻ. മനുഷ്യരെല്ലാം വഞ്ചിക്കുന്നുണ്ടെന്നെനിക്കറിയാം. അതു പോകട്ടെ, നിങ്ങളുമായുള്ള കൂട്ടുകെട്ടിൻറ വിലകൊണ്ടു് ഞാൻ ആ വഞ്ചന നികത്തിക്കൊള്ളാം; എന്താ?''

''അങ്ങിനെതന്നെ'', സുദക്ഷിണയുടെ കണ്ണു നിറഞ്ഞു. ആത്മാർത്ഥസ്നേഹത്തിൻറ — വിശ്വാസത്തിൻറ — കണ്ണുനീർ. അതെ, പ്രണബിനും സുദക്ഷിണയ്ക്കും ആ കൂട്ടുകെട്ടു് വിലപ്പെട്ടതായിരുന്നു.

വാണിയുടെ സ്വപ്നങ്ങൾ — ഭയാനകങ്ങളായ സ്വപ്നങ്ങൾ — മൂന്നായി മുറിഞ്ഞുകിടന്നു. അവ പ്രണബിനെ ചിന്താധീനനാക്കുന്നു. ശൈശവത്തിലും പിന്നീടും വാണിക്കു മൂന്നു കടുത്ത ആഘാതങ്ങളേററിട്ടുണ്ടെന്ന നിഗമനത്തിലാണയാളെത്തുന്നതു്. വാണിയുടെ ബാല്യത്തെക്കുറിച്ചന്വേഷിക്കാൻ കല്ക്കത്തയിലെത്തിയ സുദക്ഷിണ അയാളുടെ അമ്മ ചെറുപ്പത്തിൽ എന്തോ അപകടത്തിൽപെട്ടാണു് മരിച്ചതെന്ന വാർത്തയാണു് കൊണ്ടുവരുന്നതു്.

ഇതിനിടയ്ക്കാണു് ലേഡി ഡോ. ഡോറാദത്തയുടെ രംഗപ്രവേശം. സ്നേഹപ്രകടനങ്ങൾ, സംഗീതം ഇവയാൽ വാണിയെ എളുപ്പം വശീകരിക്കുന്ന ഡോറയുടെ പെരുമാററം പലപ്പോഴും അതിർകവിയുന്നു. അവൾ ഒരു രോഗിയിലുമുപരി മറെറന്തൊക്കെയോ ആയിട്ടാണു് വാണിയെ കാണുന്നതു്.

മരിച്ച ഡോ. ദിവ്യേന്ദുവിൻറ ഭാര്യ നീലയായിരുന്നു വാണിയുടെ പൂർവ്വകാമുകിയെന്നറിയുന്ന പ്രണബു് വാണി കൊലപാതകിയല്ലെന്നു സംശയിക്കുന്നു. വാണിക്കു തന്നെ സംശയമുണ്ടായിരുന്നുവെന്നും എന്നാൽ അതെന്താണെന്നു് തനിക്കറിയില്ലെന്നുമുള്ള അവളുടെ മൊഴി പ്രണബിൻറ ഊഹം ഉറപ്പിക്കുന്നു.

സുദക്ഷിണയെ ഇഷ്ടപ്പെടാൻ തുടങ്ങുന്ന വാണി ഡോറയെ വെറുക്കുന്നു. തനിക്കിഷ്ടമില്ലാത്ത ദേവ്ഘറിലെ കാര്യങ്ങൾ നിർബ്ബന്ധപൂർവ്വം തന്നെ പഠിപ്പിക്കുന്ന ഡോറയെ! സുദക്ഷിണ നല്കിയ വയലിൻ നിധിപോലെ കാത്തുസൂക്ഷിക്കുന്ന, ഓരോ രാഗവും വയലിനിൽ വായിക്കാൻ ശ്രമിച്ചു പരാജയപ്പെടുന്ന, ഡോറ പറഞ്ഞുകൊടുത്ത കണ്ണടയുടെ പവർ നീണ്ട പ്രിസ്ക്രിപ്ഷൻ മനഃപാഠമാക്കുന്ന, ദേവ്ഘറിനെ പശ്ചാത്തലമാക്കിയെഴുതിയ ഒരു കഥയിലെ തുൽത്തുലെന്ന പെൺകുട്ടി തൻറ അടുത്ത പരിചയക്കാരിയാണെന്നു കരുതുന്ന, വാണി നമ്മുടെ സഹതാപം എളുപ്പത്തിൽ നേടിയെടുക്കുന്നു.

പോലീസുകാർ കുററവാളി വാണിതന്നെയാണെന്നു് സംശയിക്കുന്നു. അവർക്കു പ്രണബിൻറ ആശുപത്രിയിൽ നിന്നുതന്നെ പ്രണബിനെപ്പററി പരാതികൾ ലഭിച്ചു, വാണിയുടെ രോഗം കൃത്രിമമായി വർദ്ധിപ്പിക്കുകയാണെന്ന പരാതി. തൻറ ഗുരുനാഥൻ പ്രൊ. മുഖർജിയടങ്ങുന്ന അന്വേഷണക്കമ്മീഷനംഗങ്ങൾ തൃപ്തരായി മടങ്ങുമ്പോൾ പ്രണബു് അത്ഭുതത്തോടെ മനസ്സിലാക്കുന്നു. പരാതി അയച്ചതു് ഡോറാദത്ത!

പ്രകടമായ ആശ്വാസം കണ്ടുതുടങ്ങുന്ന വാണി, തനിക്കു പ്രത്യേകമായി അനുവദിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യത്തിൽ കഴിഞ്ഞിരുന്ന വാണി ഒരു ദിവസം പൊടുന്നനെ അപ്രത്യക്ഷനാവുന്നു. വാണിക്കുവേണ്ടി ജാമ്യം നില്ക്കുന്ന ആശുപത്രിയിൽനിന്നും അയാൾ ഒളിച്ചോടിയെന്നറിയുന്ന പ്രണബും ഡോ. ഗുപ്തയും കോപത്താൽ പൊട്ടിത്തെറിക്കുന്നു. ഡോറയേയും കാണുന്നില്ലെന്നറിഞ്ഞപ്പോഴവരുടെ ഊഹം സ്ഥിരപ്പെടുന്നു.

പ്രണബു്, സുദക്ഷിണ, ഡോ. ഗുപ്ത, ഭൃത്യൻ, വേട്ടപ്പട്ടി — ആ സംഘം വാണിയെ തിരക്കി പുറപ്പെടുന്നു. രാത്രിയിൽ വിജനമായ മലഞ്ചെരുവിലൂടെയുള്ള ആ കാർ സവാരി ഓരോരുത്തരേയും ഉത്തേജിതരാക്കുന്നു.

കാട്ടിലുള്ള ആ ജീർണ്ണിച്ച കെട്ടിടം കാറിൻറ ഹെഡ്ലൈററിൻറ വെളിച്ചത്തിൽ കുളിച്ചുനിന്നു. പിടിവിട്ടു കുതിച്ച പട്ടിയുടെ ഭയാനകമായ കുര. ദൂരെ ആയിരമായിരം ദീപങ്ങൾ കത്തിച്ചുവെച്ചതുപോലെ കാട്ടുതീ. കുടുവയെ വെടിവെച്ച ശബ്ദം. കോണിപ്പടിമേൽനിന്നും ആർത്തനാദത്തോടെ പട്ടിയുടെ കടിയേററു നിലംപതിക്കുന്ന സ്ത്രീ — ഡോറ. എല്ലാം ചേർന്നു് ഒരു മായികനാടകത്തിൻറ പ്രതീതി. ശൈശവത്തിലെ ആഘാതത്തോടുസാമ്യമുള്ള ആ സംഭവം വാണിയുടെ ബോധംതെളിയിക്കുന്നു.

അയാളുടെ അടക്കിവെച്ച പാപബോധം — ദുഃഖം — എല്ലാംകൂടി ഒരു കൊച്ചുകുട്ടിയെപ്പോലെ അയാളെ കരയിക്കുന്നു. വാണിയെല്ലാം പ്രണബിനോടു തുറന്നു പറയുന്നു.

അതോടെ കഥയ്ക്കുള്ളിലെ മറെറാരു കഥ വായനക്കാരുടെ മുന്നിൽ ചുരുൾനിവരുന്നു.

വളരെ വർഷങ്ങൾക്കുമുമ്പ് ഒരു ദീപാവലിദിവസം. അന്ന് വാണിയുടെ പിറന്നാളായിരുന്നു. വാശിപിടിച്ച് സമ്പാദിച്ച പട്ടിക്കുട്ടിയും കളിത്തോക്കുമായി ഒററയ്ക്ക് തട്ടിൻപുറത്ത് ആ കുട്ടി നിന്നു. ചുററും വെളിച്ചത്തിന്റെ പടക്കങ്ങളുടെ ശബ്ദത്തിന്റെ പ്രളയം. അവന്റെ മനസ്സിൽ താനേററവുമിഷ്ടപ്പെടുന്ന, തന്നെയന്നു ശകാരിച്ച, അമ്മയോടുള്ള അമർഷം നീറിപ്പുകഞ്ഞു. പട്ടിക്കുട്ടിയെ പടക്കംപൊട്ടിച്ചു പേടിപ്പിച്ചു രസിക്കുമ്പോൾ എന്തിനോ അവിടെയെത്തി അമ്മ. പട്ടിയെ തൊട്ട് അശുദ്ധമാക്കാതിരിക്കാനായി അവിടെയോടിനടന്ന അമ്മ അവനെ രസിപ്പിച്ചു. വിലക്കു വകവെക്കാതെ തുരുതുരെ കളിത്തോട്ടകൾ പൊട്ടിക്കവെ — കോണിപ്പടിമേൽനിന്നും അമ്മ താഴോട്ടുരുളുന്നു. കാലുരണ്ടുമൊടിഞ്ഞുമരിച്ച അമ്മയുടെ ഓർമ്മ അയാളെ എന്നെന്നും ദുഃഖിപ്പിച്ചു. അതിലുപരി നടുക്കി. തന്റെ അമ്മയുടെ ഘാതകൻ താനാണെന്ന ബോധം വാണിയുടെ ഉപബോധമനസ്സിൽ കയറിക്കൂടുന്നു.

ആ നീറുന്ന ചിന്തയിൽനിന്നും ആശ്വാസം കിട്ടിയതു് നീലയെ ഇഷ്ടപ്പെടാൻ തുടങ്ങിയപ്പോഴാണ്. അവളോടു സാമ്യമുള്ള അമ്മയെക്കുറിച്ചോർക്കുമ്പോൾ പഴയ പാപബോധത്താൽ പീഡിപ്പിക്കപ്പെടുന്ന വാണി, നീലയെ വിവാഹം കഴിക്കാൻ ഭയപ്പെടുന്നു. ഈ ദൌർബ്ബല്യം ശരിക്കു മുതലെടുത്ത് അയാളുടെ ചേട്ടൻ ദിവ്യേന്ദു നീലയെ തെററിദ്ധരിപ്പിച്ച്, കൈക്കലാക്കുന്നു.

പിന്നീടു വാണി കണ്ടെത്തിയ മരുപ്പച്ചയായിരുന്നു, സുദക്ഷിണ. അവളുടെ ചേട്ടനുമായുള്ള സൗഹൃദം, അവളുടെ നിഷ്കളങ്കപ്രേമം എല്ലാം അയാളെ പുനരുജ്ജീവിപ്പിച്ചു. അപ്പോഴാണ് മൂന്നാമത്തെ ദുരന്തം.

സുദക്ഷിണയുടെ വീട്ടിൽ യദൃച്ഛയാ ചികിത്സിക്കാനെത്തുന്ന ഡോ. ദിവ്യേന്ദു വാണിയെ അസ്വസ്ഥനാക്കുന്നു. തന്നിൽ ഭ്രാന്തിന്റെ വിത്ത് ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും താൻ സ്വന്തം അമ്മയെ കൊന്നവനാണെന്നും പറഞ്ഞ ദിവ്യേന്ദു തന്റെ സ്വർഗ്ഗം വീണ്ടും നശിപ്പിക്കുമെന്നോർത്ത് വാണി വിഷമിക്കുന്നു. ഒടുവിൽ തന്നെ രക്ഷിക്കണമെന്നർത്ഥിക്കാനായി, വേണ്ടിവന്നാൽ ആത്മഹത്യക്കുവരെ തെയ്യാറായി തോക്കുമെടുത്തു ദിവ്യേന്ദുവിന്റെ വീട്ടിൽ ചെല്ലുന്ന വാണി ഡോക്ടറുടെ കൊലക്കുററം ചുമത്തി പിടിക്കപ്പെടുമെന്നായപ്പോൾ പൂർണ്ണമായും ഭ്രാന്തനാവുന്നു.

കാട്ടിൽവെച്ചുണ്ടായ സംഭവത്തിന്റെ ദൃശ്യം കുട്ടിക്കാലത്തെ അപകടത്തെക്കുറിച്ചു വാണിയെ ബോധവാനാക്കുന്നു. കുറെ മാസങ്ങളോളം അബോധാവസ്ഥയുടെ ചങ്ങലക്കെട്ടിൽപെട്ടിരുന്ന അയാളുടെ മനസ്സ് സ്വതന്ത്രമാവുന്നതോടെ പ്രണബ് സന്തോഷിക്കുന്നു. ഒരു ഡോക്ടറുടെ കൃതാർത്ഥത. സ്നേഹിതന്റെ സംതൃപ്തി. തുടർന്നുള്ള അന്വേഷണത്തിൽ നീലയാണ് അബദ്ധത്തിൽ തന്റെ ഭർത്താവിനെ കൊലചെയ്തതെന്നു തെളിയുന്നു. ഡോറാദത്ത പട്ടിയുടെ കടിയേററു മരിക്കുന്നു. വാണിയും സുദക്ഷിണയും സന്തുഷ്ടരായി മടങ്ങുന്നിടത്ത് നോവൽ അവസാനിക്കുന്നു.

പ്രമേയത്തേക്കാൾ ആവിഷ്കരണശൈലിയാണ് ആകർഷകമായിട്ടുള്ളതു്. ഒരു മനഃശ്ശാസ്ത്രനോവലിൽ കണ്ടേക്കാവുന്ന സങ്കീർണ്ണതയിതിലില്ല. മാനസികരോഗിയായ വാണിയുടെ ദൈന്യം — അതിൽ അകമഴിഞ്ഞു ദുഃഖിക്കുന്ന സുദക്ഷിണയുടെ ഉറച്ച പ്രേമം — പ്രണബിന്റെ കർത്തവ്യബോധം — അംഗീകരിക്കപ്പെടാൻ വിഷമമുള്ള ഡോറയുടെ വിചിത്രപ്രേമം — ഇവയെല്ലാം കടുത്ത നിറക്കൂട്ടിന്റെ സഹായമില്ലാതെ സ്വാഭാവികതയുടെ വെളുപ്പിലും കറുപ്പിലും സമർത്ഥമായി ചിത്രീകരിച്ചിരിക്കുന്നു.

നാടകീയമായ തുടക്കവും, അവസാനവും മറെറാരു പ്രത്യേകതയാണ്. മൂടിക്കെട്ടിയ ഒരു സന്ധ്യയ്ക്ക് ആരംഭിക്കുന്ന നോവൽ അതുപോലെയുള്ള മറെറാരു സന്ധ്യയ്ക്ക് പരേശനാഥ് റെയിൽവേസ്റ്റേഷനിലെ പ്ലാററ്ഫോമിൽ വെച്ച് സുദക്ഷിണയും പ്രണബും യാത്രപറയുന്നിടത്ത് അവസാനിക്കുന്നു.

തിളക്കമുള്ളതാണ് ഇതിലെ പാത്രസൃഷ്ടി. അതിഭാവുകത്വമോ, ആദർശവല്ക്കരണമോ കറപിടിപ്പിക്കാത്ത കഥാപാത്രങ്ങൾ. സുദക്ഷിണയോടു തനിക്കു തോന്നുന്ന വികാരം സൂചിപ്പിക്കാൻ പ്രണബിന്റെ മാന്യത അനുവദിക്കാതിരിക്കുന്നില്ല. പ്രണബിന്റെ എല്ലാമായ കുന്തളച്ചേച്ചി, പ്രൊ. മുഖർജി, ഡോ. ഗുപ്തകുമുദശങ്കർ തുടങ്ങിയ മററു കഥാപാത്രങ്ങൾക്കും മങ്ങലേററിട്ടില്ല.

വായനക്കാരന്റെ ക്ഷമയെ പരീക്ഷിക്കത്തക്ക വളച്ചുകെട്ടലുകളോ, വലിച്ചുനീട്ടലുകളോ കുറവായതിനാൽ ഇരുനൂറു പേജു വായിച്ചുകഴിഞ്ഞാലും നമുക്കു മടുപ്പുതോന്നുകയില്ല.

അകൃത്രിമവും ഇമ്പമുള്ളതുമാണ് സംഭാഷണങ്ങൾ. ഇത്തരുണത്തിൽ നിലിനാ അബ്രഹാമിന്റെ വിവർത്തനത്തിന്റെ മേന്മ സ്മരിക്കാതെ വയ്യ. മനഃശ്ശാസ്ത്രത്തിന്റെ നൂലാമാലകൾ സംഭാഷണത്തിലൂടെ സരളമായി അവതരിപ്പിച്ചിരിക്കുന്നു. പ്രണബിന്റെ സ്വപ്നവ്യാഖ്യാനവും ഡയറിപാരായണവും അല്ലെങ്കിൽ വിരസങ്ങളായേനെ.

പ്രകൃതിയുടേയും വ്യക്തികളുടേയും വർണ്ണനയിലുള്ള തികഞ്ഞ മിതത്വമാണ് മറെറാരു സവിശേഷത. ഡോറയുടെ ചിത്രം നോക്കൂ.

'ദേഹത്തു വെളുത്ത ഏപ്രൺ. വെളുപ്പുനിറം. കണ്ണടവെച്ച കൊച്ചുമുഖം. വിസ്മിതം തുളുമ്പുന്ന കണ്ണുകൾ. നേർത്ത ചുണ്ടുകൾ.' ആ മുഖം നമുക്കെത്ര വ്യക്തമായി കാണാം!

യാത്രയയക്കാനെത്തിയ പ്രണബിനോടു സുദക്ഷിണയുടെ ചോദ്യം. ''പിന്നെ — നിങ്ങൾ പറഞ്ഞില്ലല്ലോ. ഡോറ എന്തിനാ വാണീവ്രതന്റെകൂടെ ഓടിപ്പോയതെന്ന്?''

“കാരണമെല്ലാം ഒന്നുതന്നെ. നിങ്ങൾ വാണീവ്രതനെയുംകൊണ്ട് ഓടിപ്പോകുന്നില്ലെ? ഡോറയ്ക്കും ഇതുതന്നെയായിരുന്നു ആഗ്രഹം. സ്നേഹിക്കുന്നയാളെ കിട്ടിയില്ലെങ്കിൽ മനുഷ്യൻ ഒന്നുകിൽ അയാളെ, അല്ലെങ്കിൽ തന്നത്താനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു — എങ്കിലേ അവനു തൃപ്തിയാകൂ. മനസ്സിന്റെ മറ്റൊരു അത്ഭുതരഹസ്യമാണ് ഇത്.”

“ഓ!” സുദക്ഷിണ അല്പനേരം മിണ്ടാതിരുന്നിട്ട് അവസാനം മൃദുസ്വരത്തിൽ പറഞ്ഞു, “നിങ്ങൾ ഒരിക്കലും ഡോറയെപ്പോലെ വിഡ്ഢിയാവുകയില്ല. “ഉവ്വോ?”

“ഇല്ലെന്നു തോന്നുന്നു. ആയാലും നിങ്ങൾ അറിയുകയില്ല.” പ്രണബിന്റെ മന്ദഹാസത്തിൽ വേദന നിഴലിച്ചിരുന്നു.

കണ്ണെത്തുന്നിടത്തോളം പ്രണബും കുന്തളച്ചേച്ചിയു അവരുടെനേരെ നോക്കിനിന്നു.

“വരൂ” — കുന്തളച്ചേച്ചി വിളിച്ചു.

“ഉം” പോകാം. മഴ പിന്നെയും വരുന്നുണ്ട്” പ്രണബ് മുഖംതിരിച്ചു ദീർഘനിശ്വാസത്തിന്റെ ശബ്ദ മറയ്ക്കാൻ ശ്രമിച്ചു. ചുറ്റും ശൂന്യതമാത്രം ദർശിച്ച പ്രണബിന്റെ ദുഃഖം നമ്മിലും പടരുമ്പോൾ ഒരു നെടുവീർപ്പ് അറിയാതെ ഉയരുന്നു.

ദിനംപ്രതി പിറന്നുവീഴുന്ന നോവലുകളുടെ പ്രളയത്തിൽ കലാമേന്മയും മൗലികതയും അവകാശപ്പെടാവുന്ന നോവലുകളുടെ എണ്ണത്തെക്കുറിച്ചു ചിന്തിക്കുമ്പോഴുയരുന്ന നിരാശതയുടെ നെടുവീർപ്പ്!

# യാത്ര

**കെ. ഉമ്മർ, I ബി. കോം**

കോളേജുകുമാരനായ ഞാൻ മഹത്തായ എന്റെ കലാശാലയിലേക്കു് പുറപ്പെടുന്നു. വേഷം ബഹുജോർ. ഇസ്ത്രി ചുളിയാത്ത ''സീത്രൂ'' ഷർട്ടു്, ടീനോപാലിന്റെ വെൺമവിതറുന്ന ഡബിൾമുണ്ടു്. ബസ്സ്റ്റോപ്പിൽ എന്നെപ്പോലെ പലരും കയ്യിൽ പാഠപുസ്തകങ്ങ(?)ളുമേന്തി ബസ്സുകാത്തുനില്ക്കുന്നു. നാരീമണികൾ സ്വല്പം മാറി കൂട്ടംകൂടിനില്ക്കുന്നു. അവരെ നോക്കി അല്പസ്വല്പം കുമാരന്മാർ വേറെയും. വിദ്യാർത്ഥിവർഗ്ഗം ബസ്സുനോക്കുന്നു; വാച്ചുനോക്കുന്നു. ബസ്സു് വരുന്നില്ല പക്ഷെ സമയം പോകുന്നു. കുട്ടികൾക്കു് മുഷിച്ചിൽ. ബസ്സിനെ പഴിക്കൽ. സമരം വേണമെന്നു് ചിലർ, വേണ്ടെന്നു് മററു ചിലർ.

തീരുമാനം ആകുന്നതിനു് മുമ്പു് ''തൂഫാൻ എക്സ്പ്രസ്സി''ന്റെ നിലയോടും വിലയോടുംകൂടി ബസ്സു് വരുന്നു. കുട്ടികൾ ബസ്സിൽ കയറാനുള്ള തയ്യാറെടുപ്പു്. മുണ്ടു് മാടികുത്തുന്നു; പാൻറുകാർ ബെൽററു് ലൂസാക്കുന്നു; സിഗരററു വലിക്കാർ അവസാന പഫു് ആഞ്ഞുപുകക്കുന്നു; വിദ്യാർത്ഥിനീവർഗ്ഗം പുസ്തകം ലഞ്ചു്ബോക്സു് സാരി എന്നിത്യാദികൾ ശരിയാക്കുന്നു. ഒരുക്കങ്ങൾ ബഹുജോർ, പക്ഷെ ബസ്സു് നിർത്തുന്ന ലക്ഷണമില്ല. കാരണം നിർത്തിയിട്ടു് ഫലമില്ല. ഇടങ്ങഴിയിൽ അരി നിറച്ചമാതിരി കുട്ടികൾ ബസ്സു് നിറച്ചും. പോരാഞ്ഞതു് ബസ്സിലുള്ളതിനേക്കാളേറെ പുറത്തേയ്ക്കു് തൂങ്ങിയും നില്ക്കുന്നു. ബസ്സു് നിർത്താതെ പോയ്ക്കളഞ്ഞു. കുട്ടികളിൽ നൈരാശ്യം, ദ്വേഷ്യം, സങ്കടം.

പക്ഷെ രംഗം വഷളാകുന്നതിനു് മുമ്പു് മറെറാരു ബസ്സു് തന്റേതായ ഗമയോടും മോടിയോടും വന്നുനില്ക്കുന്നു. ബസ്സിൽ മുമ്പത്തേതിനേക്കാൾ തിരക്കു്. പക്ഷേ കുട്ടികളാരും വിടുന്ന ലക്ഷണമില്ല. ഓടുന്നു, ചാടുന്നു, മറിയുന്നു, പാറുന്നു, തൂങ്ങുന്നു. അതിനിടയ്ക്കു് അല്പം ചിലർക്കു് മുന്നിലൂടെ മാത്രം കയറുവാൻ ഒരാശയും, അതിനായി അടിപിടി വേറെ. നിമിഷങ്ങൾക്കകം ബസ്സു് കാത്തുനിന്ന വിദ്യാർത്ഥിവർഗ്ഗം മുഴുവൻ ബസ്സിനോടു് ബന്ധപ്പെട്ടുകൊണ്ടു് (ബസ്സിലല്ല). അതിലൊരുവനായി ഒരു കയ്യും ഒരു കാലും മാത്രം ബസ്സിനോടു് ബന്ധപ്പെട്ടുകൊണ്ടു് ബാക്കി ഭാഗമെല്ലാം അന്തരീക്ഷത്തിലായി ഞാനും. കണ്ടക്ടറുടെ വക തന്റെ പ്രത്യേക ശൈലിയിലുള്ള റൈററു് പാച്ചിലും മണിയടിയും. ആർ. ഡി. ബർമ്മന്റേതെന്നു് തോന്നിയ്ക്കുന്ന പശ്ചാത്തലസംഗീതത്തോടുംകൂടി ബസ്സു് നീങ്ങുന്നു. ബഹളത്തിന്നിടയിൽ ഒരുത്തന്റെ പുസ്തകങ്ങളിൽ ഒന്നുരണ്ടെണ്ണം റോഡിൽ. പക്ഷെ ബസ്സു് വിട്ടാൽ പുസ്തകത്തിന്റെഗതി അവനും വരുമെന്നോർത്തു് ബസ്സിനോടുള്ള ബന്ധം വിടർത്താൻ അവൻ തയ്യാറില്ല. ബസ്സു് ഓടിത്തുടങ്ങുന്നു.

അടുത്തുനില്ക്കുവാൻ കണ്ടക്ടർ ചെവിയടയ്ക്കുംവിധം വിളിച്ചു് പറയുന്നു. കേട്ടഭാവം ഒരൊററൊന്നിനില്ല, മുന്നിലെ പ്രവേശകവാടത്തിനരികെയൊഴിച്ചു്. കണ്ടക്ടർ ശൈലി മാററുന്നു ''ഒന്നു സ്നേഹിച്ചു നില്ക്കുക''. അപ്പോൾ എല്ലാവർക്കും ഉന്മേഷം. മുന്നോട്ടു് സ്ഥലമില്ലെങ്കിലും നീങ്ങിപ്പോകുന്നു. പക്ഷെ വായുവിൽ സഞ്ചരിക്കുന്ന എന്റെ ഗതി അതുതന്നെ.

ബസ്സു് റോഡിൽ സ്വാഭാവികമായും ഉണ്ടാകാനിടയുള്ള ഒരു കുഴിയിൽ ചാടുന്നു (റോഡു് കോർപ്പറേഷൻ അതിർത്തിയിലാണു്). എന്റെ വായുവിൽ സഞ്ചരിക്കുന്ന കാലിലെ ചെരുപ്പു് നടുറോഡിൽ.

''അയ്യോ കണ്ടക്ടറെ ഒന്നു നിർത്തണെ, ചെരിപ്പുപോയി.''

''സാരമില്ല വൈകുന്നേരം മടങ്ങിവരുമ്പോൾ എടുക്കാം.'' കണ്ടക്ടറുടെ മറുപടി.

എന്റെ മനോവേദനയുടെ നൂറിലൊരംശം മനസ്സിലാക്കാനുള്ള കഴിവു് അവനില്ലാതെപോയി. ഉണ്ടായിരുന്നെങ്കിൽ അവൻ നിർത്തുമായിരുന്നു. എന്റെ പുത്തൻ ചെരിപ്പു്പോയിട്ടു് അവൻ പറഞ്ഞ മറുപടി.

സംഭവിക്കയില്ലെന്നു് ഉറപ്പാണെങ്കിലും പ്രാർത്ഥിച്ചുപോയി. ''ദൈവമേ വൈകുന്നേരം ഞാൻ മടങ്ങിവരുന്നതു്വരെ എന്റെ ചെരുപ്പു് ആരും എടുക്കരുതേ.''

ബസ്സു് നിർത്താതെ ഓടുന്നു. കണ്ടക്ടർ ടിക്കററു് കൊടുക്കുന്നതിരക്കിൽ.

''ഹെ കാർന്നോരെ എങ്ങോട്ടാ?''

''ബേപ്പൂക്ക്'''

''ശ്ശെടാ ഇവനൊക്കെ കയറാൻകണ്ടവസ്സ്. മൂപ്പരു് ഇവിടെ ഇറങ്ങിക്കോ. അങ്ങോട്ടുള്ളതു് പുറകെ വരുന്നുണ്ടു്.''

കണ്ടക്ടർ ഉന്തിനീക്കി എന്നെയും ഒരുവിധം ബസ്സിനുള്ളിലാക്കി. സമാധാനം, മററു സാധനങ്ങളെങ്കിലും വഴിയിൽ പോകാതെ നോക്കാമല്ലോ.

റോഡിൽ പലയിടത്തുനിന്നും വിദ്യാർത്ഥിവർഗ്ഗവും പൊതുജനവും ബസ്സിനു് കൈകാണിക്കുന്നു, ഓടിനോക്കുന്നു, ചാടിനോക്കുന്നു. പക്ഷെ ഡ്രൈവർ കണ്ടഭാവമില്ലാതെ കസത്തുന്നു.

പക്ഷെ സ്വല്പം വളയിട്ട കൈകൾ ഉയൻ്നു് കണ്ടപ്പോൾ ഡ്രൈവർ താനറിയാതെ വണ്ടി നിർത്തിപ്പോയി. കുമാരിമാർ കയറി. വണ്ടി വീണ്ടും പ്രയാണമാരംഭിച്ചു.

''കണ്ടക്ടറെ കറുപ്പിൻെറ ചായപ്പീടിക കഴിഞ്ഞോ?'' ചോദിക്കുന്നതു് ഒരു സ്ത്രീ. അവരുടെകൂടെ അഞ്ചെ കാണുകയുള്ളവെങ്കിലും ആറു സന്തതികൾ. ആറു പേരും അഞ്ചു വയസ്സിനു് താഴെ. അതിനാൽ ഒരു ടിക്കററിൽ രണ്ടു് ഫുൾസീററടങ്ങുന്ന സാമ്രാജ്യം ഭരിക്കുന്നു.

ചോദ്യംകേട്ടു് കണ്ടക്ടറുടെ നാവു് വലിഞ്ഞുപോയി. കാരണം പതിനൊന്നു് വർഷത്തിനിടയ്ക്കു് ഇങ്ങനെ ഒരു സ്ഥലം മാത്രം കേട്ടിട്ടില്ല. നാട്ടിലുള്ളവൻെറയൊക്കെ ബാർബർഷാപ്പും ചായക്കടയും മുറുക്കാൻകടയും ഒക്കെ അറിയുന്നവനെ ഇനിമേൽ ഇപ്പണി പാടുള്ളവെന്നു് ഓഡർ വരാതിരുന്നാൽ മതിയായിരുന്നു.

ബസ്സിനകത്തു് ഉശിരൻ തിക്കു്. മററവൻെറ കൈമുട്ടു്കൊണ്ടു് പിരടിയ്ക്കു് ഇടി. തല ബസ്സിൽവെച്ചു് മുട്ടുന്നു. നിന്നു്നിന്നു് കാലിനു് നീരിറങ്ങുന്നു.

അതിനിടയിൽ കൂർ എന്ന നേരിയ ഒരു ശബ്ദം. തൻെറ ടിനോപ്പാലിൻെറ വെണ്മവിതറുന്ന ഡബിൾ മുണ്ടു് ആണിയിൽകൊളുത്തി കീറിയിരിക്കുന്നു. ദൈവമെ ഇതു് എന്നോടു് വേണമായിരുന്നു. വേറെ എത്ര പേർ ബസ്സിലുണ്ടു്? എത്ര ആണികളും കൊളുത്തുകളും ബസ്സിലുണ്ടു്? എന്നിട്ടും എനിക്കാണല്ലോ ഈ ഗതി.

സ്ത്രീയും കുട്ടികളും അവിടെ ഇറങ്ങിയതിനാൽ ഒരു അടിപിടി നടത്തി, ഷർട്ടിൻെറ മൂന്നു് ബട്ടൺസ് നഷ്ടപ്പെടുത്തിക്കൊണ്ടു് ഒരു സീററു് ഞാനും കയ്യടക്കി.

അടുത്ത സ്റ്റോപ്പിൽനിന്നു് കയറിയ വിദ്യാർത്ഥിനിവർഗ്ഗമാണു് എൻെറ അടുത്തുനില്ക്കുന്നതു്. മുന്നിലെ സീററിലിരിക്കുന്ന സ്ത്രീക്കു് ഒന്നു ഛർദ്ദിക്കുവാൻ അല്പം ഒരാശയുള്ളതു്പോലെ അവരുടെ മുഖം വിളിച്ചറിയിക്കുന്നു.

''ഗ്ലും'' തലപുറത്തേയ്ക്കിട്ടു് ഓരൊററ ഛർദ്ദി. ഛർദ്ദിച്ചതു് മുഴുവൻ റോഡിലൂടെ ശശികപ്പൂർമോഡലിൽ ചമഞ്ഞു് സുമുഖനായി ഓഫീസിലേക്കു് പോകുന്ന മനുഷ്യൻെറ തലയിൽ. അവൻെറ ഗതിയോർത്തു ചിരിയും കരച്ചിലും ഒപ്പം വന്നു്പോയി. അക്കണക്കിനു് തനിക്കു് പററിയ നഷ്ടങ്ങൾ ചെറുതാണെന്നു് മനസ്സിലൊരു സമാധാനവും.

പെൺപിള്ളാർക്കു് ടിക്കററു് കൊടുക്കാൻ കണ്ടക്ടർക്കൊരു ബദ്ധപ്പാടു്. പെൺപിള്ളാരുടെ ചുണ്ടിൽ പുഞ്ചിരി. പുഞ്ചിരികാണാൻ കൊതിച്ചുകൊണ്ടു് കണ്ടക്ടർ.

''എല്ലാ, കണ്ടക്ടറെ, ഞങ്ങൾക്കും വേണം ടിക്കററ്. നോക്കിനില്ക്കാതെ ഒന്നു് വേഗംകൊടു്'' മററു യാത്രക്കാർ.

കണ്ടക്ടറുടെ മുഖത്തു് ജാള്യം. അവൻ വേഗം ടിക്കററ്കൊടുത്തു അവിടെനിന്നു് തടിതപ്പുന്നു.

പലരും പലയിടത്തു് കണ്ടക്ടറുടെയും ഡ്രൈവറുടെയും ഔദാര്യംകൊണ്ടു്മാത്രം ഇറങ്ങുന്നു. ഡ്രൈവറുടെ ഔദാര്യംകൊണ്ടു്മാത്രം യാത്രക്കാർ കയറുന്നു. പെൺകുട്ടികൾ എൻെറ അടുത്തുനിന്നു് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും നാട്ടിലുള്ള സകലതിനേയുംപററിയും വായപൂട്ടാതെ ചെവിട്ടി്നു് സുഖംതരാതെ നിന്നു്ചിലക്കുന്നു.

എതിരെയുള്ള വളവിൽനിന്നു് ഒരുബസ്സ് വന്നതിനാൽ ഒരു സഡൻബ്രെയ്ക്ക്. എൻെറയടുത്തുനിന്നിരുന്ന ഹാഫ്സാരിക്കാരുടെ ലഞ്ച്ബോക്സ് എൻെറ തലയിൽ. സാമ്പാറും ചോറും തലയിലൂടെ ഒലിച്ചു് കീഴ്പ്പോട്ടിറങ്ങുന്നു. ഷർട്ടും മുണ്ടും പുസ്തകവും ആകെ സാമ്പാർമയം. 5 രൂപയുടെ പച്ചനോട്ടു് മടക്കിയിട്ടിരുന്ന കുപ്പായകീശയിൽനിന്നു് വെച്ചയുടെയും ചേനയുടെയും കഷ്ണങ്ങൾ പെറുക്കി പുറത്തേക്കിടുമ്പോൾ ദൈവത്തിനോടു് ആത്മാർത്ഥമായും പ്രാർത്ഥിച്ചു്പോയി.

''ദൈവമേ, ഈ ഇളിക്കുന്ന മുഖങ്ങൾക്കിടയിൽനിന്നു് എന്നെ രക്ഷിക്കാനായി എൻെറ ജീവൻ അങ്ങെടുത്തേക്കണേ.''